RURAL INFORMATION BUREAU

# ഗ്രാമഭൂമി

പുസ്തകം 39 ലക്കം 04 ജൂലായ്-ആഗസ്റ്റ് 2016 ദ്വൈമാസിക

ഓണാശംസകൾ




തുറസ്സായ സ്ഥലങ്ങളിൽ മലമൂത്രവിസർജനം നടത്തുന്നവർ ഇന്നും നമ്മുടെ നാട്ടിലുണ്ട്. ആഹാരം, വസ്ത്രം, പാർപ്പിടം എന്നതുപോലെ പ്രധാനമാണ് പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യം. നമ്മുടെ നാട്ടിലെ എല്ലാപേർക്കും ഇനിയും അതിനുളള സൗകര്യമില്ല. വെളിയിടങ്ങളിലെ മലമൂത്ര വിസർജനം പൂർണമായി ഒഴിവാക്കാൻ, എല്ലാപേർക്കും ശുചിത്വമുറി നിർമ്മിച്ചു നൽകുവാനുള്ള യജ്ഞത്തിലാണ് സംസ്ഥാന സർക്കാർ.

# ശുചിത്വത്തിലേക്കുള്ള സ്വാതന്ത്ര്യം

എല്ലാ വീടുകളിലും ശൗചാലയങ്ങൾ: പദ്ധതി പൂർണതയിലേക്ക്

സമത്വത്തിന്റെ മഹാസന്ദേശമായി ഓണം

നമുക്ക് വേണ്ടത് ഹരിത നിർമ്മാണ ശൈലി


ശുചിത്വകേരളം
സുന്ദരകേരളം
എല്ലാപേർക്കും ശൗചാലയം, എല്ലാപേർക്കും ആരോഗ്യം
ശൗചാലയ ഉപയോഗം ശീലമാക്കൂ
നമ്മുടെയും ഭാവിതലമുറയുടെയും ആരോഗ്യം സംരക്ഷിക്കൂ
റൂറൽ ഇൻഫർമേഷൻ ബ്യൂറോ

ഗ്രാമഭൂമി
ദ്വൈമാസിക
2016 ജൂലായ്-ഓഗസ്റ്റ് • പുസ്തകം 39 • ലക്കം 4
റൂറൽ ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരണം, കേരള സർക്കാർ

## എഡിറ്റോറിയൽ

# മുന്നേറുന്ന കേരളം മാറുന്ന മലയാളി

ഓണം, പ്രകൃതിയോട് ഇത്രയും അടുപ്പമുള്ള മറ്റൊരു ആഘോഷം വേറെ ഉണ്ടെന്ന് തോന്നുന്നില്ല. പൂക്കളം തീർക്കാൻപൂക്കൾ, സദ്യ ഉണ്ണാൻ നെല്ലും, പച്ചക്കറികളും.... എന്ന് വേണ്ട എല്ലാം നമ്മുടെ പ്രകൃതി വിഭവങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.

എന്നാൽ പ്രകൃതിയോടും പരിസ്ഥിതിയോടുമുള്ള കേരളീയരുടെ മനോഭാവം പലപ്പോഴും നീതീകരിക്കാൻ കഴിയാത്തതാണ്. വിദ്യാഭ്യാസ-ആരോഗ്യരംഗങ്ങളിൽ മികച്ച നേട്ടം കൈവരിച്ചുവെന്ന് അഭിമാനിക്കുന്ന മലയാളികൾ പരിസര മലിനീകരണം ഒഴിവാക്കുന്നതിലും പരിസര ശുചിത്വം പാലിക്കുന്നതിലും ഇനിയും വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ ശുചിത്വവും സുരക്ഷിതത്വവും ഉറപ്പ് വരുത്തുന്നതിനായി വിപ്ലവകരമായ ഒരു നടപടിയിലൂടെ മുന്നേറുകയാണ് സംസ്ഥാന സർക്കാർ. കേരളപ്പിറവിയുടെ 60-ാം വാർഷികാഘോഷവേളയിൽ കേരളത്തിലെ ഗ്രാമങ്ങളിൽ എല്ലാവർക്കും ശൗചാലയങ്ങൾ നിർമ്മിച്ചുകൊണ്ട് വെളിയിടങ്ങളിലെ മലമൂത്രവിസർജനം ഇല്ലായ്മ ചെയ്ത സംസ്ഥാനമായി മാറാനുള്ള പരിശ്രമത്തിലാണ് കേരളം.

മലയാളികളുടെ ആഡംബരവും ഭ്രമവും പ്രകടമാകുന്ന മേഖലയാണ് നിർമ്മാണ രംഗം. പരിസ്ഥിതിക്ക് അനുസൃതമായ ഒരു നിർമ്മാണ ശൈലിയിലേക്ക് മാറാൻ മലയാളികൾക്ക് കഴിഞ്ഞാൽ, ജലവിനിയോഗം ഉത്തരവാദിത്വപരമായി നിറവേറ്റിയാൽ നമ്മുടെ കേരളത്തെ ഏറെ ശുചിത്വത്തോടും ഹരിതഭംഗിയോടും കൂടി മുന്നോട്ട് കൊണ്ട് പോകാൻ കഴിയും. ഭാവി തലമുറക്ക് നല്കാനുള്ള ഓണസമ്മാനമായി അത് മാറട്ടെയെന്ന് പ്രത്യാശിക്കുന്നു.

കേരളത്തിന്റെ ഗ്രാമീണ ചാരുത കണ്ടെത്തുക, അത് നിലനിർത്തുക അതായിരിക്കട്ടെ ഈ വർഷത്തെ ഓണത്തിന്റെ സന്ദേശം.

ഗ്രാമഭൂമിയുടെ പ്രിയ വായനക്കാർക്കും സുഹൃത്തുക്കൾക്കും ഹൃദയം നിറഞ്ഞ ഓണാശംസകൾ.

**എൻ. രാധാകൃഷ്ണപിള്ള**
ചീഫ് എഡിറ്റർ

ഉപദേശക സമിതി
**ചെയർമാൻ:** എ. ഷാജഹാൻ
ഗ്രാമവികസന കമ്മീഷണർ

**അംഗങ്ങൾ:**
വി.എസ്. സന്തോഷ് കുമാർ
അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ-I
കെ.ഷൗക്കത്താലി, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ-II
വി. അജയകുമാർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മഹിളാ കിസാൻ സശാക്തീകരൺ പരിയോജന
അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ, PMGSY
കെ. രാജേന്ദ്രൻ, ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ, RIDF
പി.ജെ. ആന്റണി, ഡയറക്ടർ, SIRD
പി.കെ.മോഹനൻ, ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ, റൂറൽ പ്ലാനിംഗ്
സി. മാധവൻ, DD(P&M)
ദീപ, ഫിനാൻസ് ആഫീസർ
എസ്. ചന്ദ്രലാൽ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

ചീഫ് എഡിറ്റർ
**എൻ. രാധാകൃഷ്ണപിള്ള**
ചീഫ് ഓഫീസർ,
റൂറൽ ഇൻഫർമേഷൻ ബ്യൂറോ

എഡിറ്റർ
**വി. സുരേഷ് കുമാർ**
കാമ്പയിൻ ഓഫീസർ


അസിസ്റ്റന്റ് എഡിറ്റർ
**എസ്. സന്തോഷ് കുമാർ**
അസിസ്റ്റന്റ് കാമ്പയിൻ ഓഫീസർ

സർക്കുലേഷൻ മാനേജർ
**റ്റി. സനൽകുമാർ**
മാനേജർ

കവർ & ലേ-ഔട്ട്
**രതീഷ് കുമാർ**
rash8590070404@gmail.com

ഓഫീസ്
**റൂറൽ ഇൻഫർമേഷൻ ബ്യൂറോ**
ആറാം നില, സ്വരാജ് ഭവൻ
നന്തൻകോട്, കവടിയാർ.പി.ഒ
തിരുവനന്തപുരം - 3
ഫോൺ : 0471 2317262
email : ribkerala@gmail.com

# കത്തുകൾ




## ജനപ്പെരുപ്പം പരിസ്ഥിതിക്കുണ്ടാക്കുന്ന ആഘാതം

ഗ്രാമഭൂമിയിൽ പ്രസിദ്ധീകരിച്ച ജനസംഖ്യയും പരിസ്ഥിതിയും എന്ന ലേഖനം അനിയന്ത്രിതമായ ജനപ്പെരുപ്പം പരിസ്ഥിതിക്കും മനുഷ്യരാശിക്കും ഉണ്ടാക്കുന്ന ദോഷഫലങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു. മനുഷ്യൻ അമിതമായ ഉപഭോഗതന്ത്രമൂലം പ്രകൃതിയെ ചൂഷണം ചെയ്യുന്നു. ഇത് വായു, ജലം, മണ്ണ്, അന്തരീക്ഷം മുതലായവയുടെ മലിനീകരണത്തിനുകാരണമാകുന്നു. ഇവ ഓരോന്നായി ലേഖനത്തിൽ വിശകലനം ചെയ്യുന്നു. ലേഖികക്കും ഗ്രാമഭൂമിക്കും അഭിനന്ദനങ്ങൾ.

**എം.അനിരുദ്ധൻ**
ആറ്റിങ്ങൽ, തിരുവനന്തപുരം

## വിവരസാങ്കേതിക വിദ്യ സാധാരണക്കാർക്ക്

ഗ്രാമഭൂമിയുടെ മേയ്-ജൂൺ ലക്കത്തിൽ പ്രസിദ്ധീകരിച്ച വിവര സാങ്കേതിക വിദ്യയുടെ ജനാധിപത്യവത്കരണം എന്ന ലേഖനം ഏറെ പ്രയോജനകരമായി. സർക്കാരിന്റെ വിവിധ സേവനങ്ങൾ ഇന്റർ നെറ്റിന്റെ സഹായത്തോടെ എങ്ങനെ ലഭിക്കുമെന്ന് ഇതിൽ ലളിതമായി വിവരിച്ചിട്ടുണ്ട്. സാധാരണക്കാരായ ആളുകൾക്ക് ഇതു വളരെ പ്രയോജനകരമാണ്. ഇത്തരത്തിലുള്ള ലേഖനങ്ങൾ ഇനിയും പ്രതീക്ഷിക്കുന്നു.

**എം. സഹദേവൻ**
മല്ലപ്പള്ളി, പത്തനംതിട്ട

## മിത്രനിമ എന്ന മിത്രകീടം

മിത്രനിമകളെ ജൈവ കീടനാശിനിയായി വികസിപ്പിച്ചെടുത്തതു സംബന്ധിച്ച വരവായ് പുത്തൻ മിത്രനിമകൾ എന്ന ലേഖനം മികവുറ്റതായി. മണ്ണിൽ മിത്രനിമകൾ ധാരാളം ഉണ്ടെങ്കിലും അവയിൽ മനുഷ്യന് ഉപദ്രവകാരിയല്ലാത്തവയെ മിത്രകീടമാക്കി മാറ്റിയെടുത്തത് വാഴക്കർഷകർക്ക് വളരെ പ്രയോജനകരമാണ്. ഇതിനു വേണ്ടി പ്രയത്നിച്ച കണ്ണാറ വാഴഗവേഷണ കേന്ദ്രത്തിന് അഭിനന്ദനങ്ങൾ.

**കെ.ചന്ദ്രകുമാർ**
വടകര, കോഴിക്കോട്



# കവർസ്റ്റോറി


6 എല്ലാ വീടുകളിലും ശൗചാലയങ്ങൾ: പദ്ധതി പൂർണതയിലേക്ക്
ഡോ.കെ.ടി.ജലീൽ

9 അട്ടപ്പാടിയും വെളിയിട വിസർജ്ജ്യ വിമുക്തമാകും
മുരളീധരൻ പാലക്കാട്

10 ശുചിത്വത്തിലേക്കുള്ള സ്വാതന്ത്ര്യം
എൻ. രാധാകൃഷ്ണ പിള്ള





ഗ്രാമഭൂമി ദ്വൈവാർഷിക വരിസംഖ്യ 24 രൂപ
**തപാലിൽ ലഭിക്കുവാൻ**
ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ
ആറാം നില, സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ.പി.ഒ,
തിരുവനന്തപുരം 695 003 എന്ന വിലാസത്തിൽ
**മണിയോർഡർ അയയ്ക്കുക** email : ribkerala@gmail.com




ഗ്രാമമുദ്ര
ആറന്മുളയുടെ ഓണത്തിന്
വഞ്ചിപ്പാട്ടിന്റെ താളം
പ്രതീഷ് ഡി. ഉണ്ണി
16



12 പൈതൃകം
സമത്വത്തിന്റെ
മഹാസന്ദേശമായി ഓണം
വി.ആർ. അജിത്കുമാർ

22 പദ്ധതി
ജീവാമൃതം നാളേക്കായ്
സന്തോഷ് ഉത്രാടൻ

25 ശാസ്ത്രം
ആ - വായനയിൽ നിന്നും
ഈ - വായനയിലേയ്ക്ക്
മഹേഷ് മാണിക്കം



28 പ്രകൃതി
നല്ലകാലം കാത്ത്
പുന്നമരങ്ങൾ
ഡോ. ടി.ആർ. ജയകുമാരി

30 മാതൃഭാഷ
ഭരണഭാഷ പൂർണ്ണമായും
മാതൃഭാഷയിലേക്ക്



34 വികസന ബ്ലോക്കുകളിലൂടെ
മലപ്പച്ചേരി സർക്കാർ സ്കൂളിന്
കളിസ്ഥലമൊരുങ്ങി
വി.സുരേഷ്കുമാർ



18 പരിസ്ഥിതി
നമുക്ക് വേണ്ടത്
ഹരിത നിർമ്മാണ ശൈലി
പി.എസ്. രാജീവ്

27



ഗ്രാമയാത്ര
സഞ്ചാരികളെ കാത്ത്
ഇല്ലിക്കക്കല്ലും അയ്യമ്പാറയും
സെയ്ദ് അഞ്ചൽ

32 ഭരണഭാഷ:മാതൃഭാഷ
33 ഗ്രാമീണ നിഘണ്ടു
34 പുതിയ ഉത്തരവുകൾ



*ഗ്രാമഭൂമിയിൽ പ്രസിദ്ധീകരിക്കുന്ന രചനകളിലെ ആശയങ്ങളും അഭിപ്രായങ്ങളും ഗ്രാമവികസന വകുപ്പിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.*

കവർസ്റ്റോറി

**ഡോ.കെ.ടി.ജലീൽ,** ഗ്രാമവികസന, തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

# എല്ലാ വീടുകളിലും ശൗചാലയങ്ങൾ: പദ്ധതി പൂർണതയിലേക്ക്




സമ്പൂർണ്ണ സാക്ഷരത, അധികാര വികേന്ദ്രീകരണം, മികച്ച പൊതുജനാരോഗ്യം, കുടുംബശ്രീ തുടങ്ങി ഒട്ടനവധി മേഖലകളിൽ നേട്ടങ്ങൾ ആദ്യമായി കൈവരിച്ച സംസ്ഥാനമായ കേരളം ശൗചാലയങ്ങളുടെ കാര്യത്തിലും ദേശീയ പ്രാധാന്യമുള്ള ഒരു നാഴികക്കല്ല് പിന്നിടാൻ ഒരുങ്ങുകയാണ്. തുറസ്സായ സ്ഥലത്ത് മലമൂത്ര വിസർജ്ജനം പൂർണമായി ഒഴിവാക്കപ്പെട്ട സംസ്ഥാനം എന്ന നേട്ടം കൈവരിക്കാനുള്ള ഊർജ്ജിത ശ്രമങ്ങളാണ് നമ്മുടെ സംസ്ഥാനത്തു പുരോഗമിച്ചു കൊണ്ടിരിക്കുന്നത്. കേരളപ്പിറവിയുടെ അറുപതാം വാർഷികം ആഘോഷിക്കുന്ന വേളയിൽ സംസ്ഥാനത്തെ ഗ്രാമ പ്രദേശങ്ങൾ മുഴുവൻ ഈ നേട്ടം കൈവരിച്ചുവെന്ന് ഉറപ്പുവരുത്തും. തുടർന്ന് 2017 മാർച്ചോടെ നഗര പ്രദേശങ്ങളിലും ഈ നേട്ടം കൈവരുത്തും.

## ഓപ്പൺ ഡെഫിക്കേഷൻ ഫ്രീ ഭാവിതലമുറയ്ക്ക്

പൊതുസ്ഥലങ്ങളിൽ വിസർജനം നടത്തുന്നത് ഒട്ടനവധി അപകടങ്ങൾക്ക് ഇടയാക്കുന്നുവെന്നത് തിരിച്ചറിയപ്പെടാതെ പോകുന്ന വസ്തുതയാണ്. ഇത് പരിസര ജലസ്രോതസുകളുടെ മലിനീകരണത്തിന് കാരണമാകുന്നു. കുട്ടികളിൽ വിരശല്യമുണ്ടാക്കുകയും അത് കുട്ടികളുടെ ശരിയായ വളർച്ചയെ പ്രതികൂലമായി ബാധിക്കുകയും അവരുടെ ഐക്യൂവിൽ കുറവുണ്ടാക്കുകയും ചെയ്യുന്നുവെന്ന് പഠനങ്ങൾ തെളിയിക്കുന്നു. തുറസ്സായ സ്ഥലങ്ങളിൽ മലമൂത്രവിസർജനം നടത്തുമ്പോൾ ഇ-കോളി ബാക്ടീരിയ കിണർ, കുളം, തോടുകൾ തുടങ്ങിയ ജലസ്രോതസുകളിൽ കലരുകയും

അതുവഴി പൊതുജനാരോഗ്യത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. കോളറ, മഞ്ഞപിത്തം, ഡയറിയ തുടങ്ങിയ ആരോഗ്യപ്രശ്നങ്ങൾക്ക് ഇത് കാരണമാകും.

ശൗചാലയ ലഭ്യതയുടെ കാര്യത്തിൽ ദേശീയ ശരാശരിയെ അപേക്ഷിച്ച് വളരെ മികച്ച മുന്നേറ്റമാണ് ഇതിനകം തന്നെ കേരളം കൈവരിച്ചിട്ടുള്ളത്. കേരളത്തിലെ 96.3 ശതമാനം വീടുകളിലും നിലവിൽ ശൗചാലയ സൗകര്യമുണ്ട്. ഇക്കാര്യത്തിലെ ദേശീയ ശരാശരി 54 ശതമാനമാണ്. രാജസ്ഥാൻ (59.5 ശതമാനം), ഗുജറാത്ത് (77.7 ശതമാനം) എന്നിവയെ അപേക്ഷിച്ച് കേരളം ഇക്കാര്യത്തിൽ ബഹുദൂരം മുന്നിലാണ്. എന്നാൽ ഇതു കൊണ്ട് തൃപ്തരാകാൻ നമുക്കു സാധ്യമല്ല. ഈ ആധുനിക കാലഘട്ടത്തിലും ശൗചാലയ സൗകര്യങ്ങളില്ലാത്ത വീടുകൾ കേരളത്തിലുണ്ട് എന്നത് ഒരു യാഥാർത്ഥ്യമാണ്. ഇതു പരിഹരിക്കുന്നതിനുള്ള ശ്രമങ്ങളാണ് ഇപ്പോൾ നടന്നു വരുന്നത്. നമ്മുടെ സംസ്ഥാനത്തെ 96.3 ശതമാനം വീടുകളിലും ഇപ്പോൾ ശൗചാലയ സൗകര്യമുണ്ടെന്നു സൂചിപ്പിച്ചല്ലോ. ഇതിനു പുറമേയുള്ള എല്ലാ വീടുകളിലും ശൗചാലയം നിർമിക്കാനുള്ള സാമൂഹിക ബാധ്യതയാണ് സർക്കാർ ഏറ്റെടുക്കുന്നത്.

ഓരോ പ്രദേശത്തുമുള്ള എല്ലാ വീടുകളിലും ശൗചാലയ സൗകര്യം ഉറപ്പാക്കുക വഴി തുറസ്സായ സ്ഥലങ്ങളിലെ മല വിസർജനം പൂർണമായി ഒഴിവാക്കുക എന്നതാണ് ഓപ്പൺ ഡെഫിക്കേഷൻ ഫ്രീ എന്ന പേരിലുള്ള ഈ മുന്നേറ്റത്തിലൂടെ ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളുടെ കാര്യം വിശകലനം ചെയ്യുമ്പോൾ രണ്ടു ലക്ഷം കുടുംബങ്ങൾക്കായി വ്യക്തിഗത കക്കൂസുകൾ നിർമ്മിക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇതിൽ 96 ഓളം പഞ്ചായത്തുകൾ നിലവിൽ ഇതിനായുള്ള ജോലികൾ പൂർത്തികരിച്ചു കഴിഞ്ഞിട്ടുണ്ട്. അവ ഓപ്പൺ ഡെഫിക്കേഷൻ ഫ്രീ ആയി പ്രഖ്യാപിച്ചു കഴിഞ്ഞിട്ടുമുണ്ട്. മറ്റു പഞ്ചായത്തുകളിൽ സെപ്റ്റംബർ മാസത്തിൽ തന്നെ ഇതിനായുള്ള ജോലികൾ പൂർത്തിയാക്കുകയാണ് ലക്ഷ്യം.

ഇങ്ങനെ വിപുലമായി കക്കൂസുകൾ നിർമിക്കുന്നത് അത്ര എളുപ്പമുള്ള ജോലിയല്ല. കുന്നിൻ പ്രദേശങ്ങൾ, പാറക്കെട്ട്, വെള്ളക്കെട്ടുള്ള മേഖലകൾ, തീരദേശം എന്നിവിടങ്ങളിൽ വിവിധ രീതികളിലുള്ള വെല്ലുവിളികളാണ് കക്കൂസ് നിർമാണത്തിൽ നേരിടേണ്ടി വരുന്നത്. ഇത്തരം ബുദ്ധിമുട്ടേറിയ മേഖലകളിൽ തന്നെ 39,120 കക്കൂസുകൾ നിർമിക്കേണ്ടി വരും. ഇതിനായി വരുന്ന അധിക ചെലവ് 99 കോടി രൂപയാണ്. ആലപ്പുഴ, പാലക്കാട്, എറണാകുളം, ഇടുക്കി, വയനാട്, മലപ്പുറം എന്നീ ജില്ലകളിൽ ഒരു കക്കൂസിന് ശരാശരി 25,491 രൂപ എന്ന നിരക്കിൽ അഞ്ചു കോടിയിലേറെ രൂപ ആവശ്യമാണ്. ഈ അധിക ചെലവു നേരിടുക എന്നതും വലിയൊരു വെല്ലുവിളിയാണ്. സർക്കാർ ഗ്രാന്റുകൾ ഇതിനായി ഉപയോഗിക്കും. ഇതോടൊപ്പം തന്നെ പൊതു-സ്വകാര്യ മേഖലാ സ്ഥാപനങ്ങളുടെ സാമൂഹിക പ്രതിബദ്ധതാ ഫണ്ടുകൾ വഴിയും ചെറിയ തോതിലെങ്കിലും പണം സ്വരൂപിക്കാൻ പദ്ധതിയുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികയായ സ്വച്ഛ് ഭാരത് മിഷന്റെ ഭാഗമായി കേന്ദ്ര- സംസ്ഥാന ഫണ്ടുകളിൽ നിന്ന് ഈ പ്രവർത്തനങ്ങൾക്കായുള്ള പണം ലഭ്യമാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

നഗര പ്രദേശങ്ങളിൽ കക്കൂസുകൾ ഇല്ലാത്തവരുടെ പ്രശ്നങ്ങളും ഇതോടൊപ്പം തന്നെ കൈകാര്യം ചെയ്യേണ്ടതായിട്ടുണ്ട്. സംസ്ഥാനത്തെ നഗരങ്ങളിലുള്ള 32,000 കുടുംബങ്ങളിൽ കക്കൂസ് ഇല്ല എന്നാണ് കണക്കാക്കുന്നത്. ഇവിടെയെല്ലാം 2017 മാർച്ച് 31 ഓടെ കക്കൂസുകൾ നിർമിക്കുകയാണ് ലക്ഷ്യം. ഇതോടെ നൂറു ശതമാനം ജനങ്ങൾക്കും കക്കൂസ് സൗകര്യമുള്ള ആദ്യത്തെ വലിയ സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കാനാവും. സിക്കിം ഇതിനകം തന്നെ പൊതു സ്ഥലത്ത് മല വിസർജനം ഇല്ലാതാക്കിയ ആദ്യ സംസ്ഥാനമായി മാറിയിട്ടുണ്ട്. 6.2 ലക്ഷം മാത്രം ജനസംഖ്യയാണ് സിക്കിമിലുള്ളത്.

**ഭരണ തലത്തിൽ ഇത്തരം നേട്ടങ്ങൾ കൈവരിക്കാനുള്ള പദ്ധതി തയ്യാറാക്കുമ്പോഴും അതു യാഥാർത്ഥ്യമാക്കണമെങ്കിൽ ഏറ്റവും മികച്ച രീതിയിലുള്ള ജനപങ്കാളിത്തം ആവശ്യമാണ്. നിർമാണ ഘട്ടത്തിലും തുടർന്നും പൂർണ തോതിലുള്ള ജനപിന്തുണ ഒന്നു കൊണ്ടു മാത്രമേ ഈ ഉദ്യമം വിജയകരമാക്കാനാവൂ.**



നിലവിലെ കണക്കുകൾ പ്രകാരം ഈ നേട്ടം കൈവരിക്കാൻ കഴിയുന്ന വലിയ സംസ്ഥാനങ്ങളിൽ ആദ്യത്തേതാണ് കേരളം. നേരത്തെ സൂചിപ്പിച്ചതു പോലെ കേരളത്തിലെ 96.3 ശതമാനം വീടുകളിലും നിലവിൽ കക്കൂസുകൾ ഉണ്ട്. ഗ്രാമീണ മേഖലയിൽ രണ്ടു ലക്ഷത്തോളവും നഗര മേഖലകളിൽ 32,000 ത്തോളവും വീടുകളിലാണ് പുതിയ കക്കൂസുകൾ ആവശ്യമായിട്ടുള്ളത്. ഇതിനു പുറമെ സാനിട്ടറി കക്കൂസുകളായി മാറ്റേണ്ട 60,000 കക്കൂസുകൾ വേറേയുമുണ്ട്. നഗര മേഖലകളിൽ നിർമിക്കേണ്ട ഗാർഹിക കക്കൂസുകളുടെ എണ്ണം താരതമ്യേന കുറവാണെങ്കിലും സ്ഥല പരിമിതി അടക്കമുള്ള പ്രശ്നങ്ങൾ മൂലമാണ് 2017 മാർച്ച് 31 വരെ ഇതിനായി സമയം നൽകുന്നത്. ഇതോടൊപ്പം തന്നെ സാങ്കേതിക മികവോടു കൂടിയ സെപ്റ്റിക് ടാങ്കുകൾ നിർമിക്കാനും കാലതാമസം ഉണ്ടാകും.





ഗ്രാമ-നഗര മേഖലകളിൽ പൊതു സ്ഥലങ്ങളിൽ മല വിസർജനം പൂർണമായി ഇല്ലാതാക്കി ഒ.ഡി.എഫ്. (ഓപ്പൺ ഡെഫിക്കേഷൻ ഫ്രീ) പ്രഖ്യാപനം നടത്തുന്നതിനുള്ള നടപടികൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇതിനു വേണ്ട നിർവ്വഹണ പ്രവർത്തനങ്ങൾങ്ങൾക്കുള്ള ചുമതല ഗ്രാമ പഞ്ചായത്തുകളേയും കോർപ്പറേഷനുകളേയും മുനിസിപ്പാലിറ്റികളേയുമാണ് ഏൽപ്പിച്ചിരിക്കുന്നത്. ഇതോടൊപ്പം തന്നെ പ്രധാനപ്പെട്ട ഒന്നാണ് ബോധവൽക്കരണ നടപടികൾ. ഈയൊരു മുന്നേറ്റത്തിന്റെ ആവശ്യകതയും നേട്ടങ്ങളും പൊതുജനങ്ങൾക്കു മനസ്സിലാക്കി കൊടുക്കുന്നതു വഴി മാത്രമേ മറ്റേതൊരു പദ്ധതിയിലും എന്ന പോലെ പൊതു സ്ഥലങ്ങളിലെ മല വിസർജനം ഒഴിവാക്കാനുള്ള പദ്ധതിയും പൂർണ്ണ വിജയമാക്കാനാവൂ. തദ്ദേശ സ്വയം ഭരണ വകുപ്പിനാണ് ഇതിനായുള്ള ബോധവൽക്കരണ- പ്രചാരണ പരിപാടികളുടെ ചുമതല.

ഗ്രാമതലങ്ങളിൽ കക്കൂസുകൾ നിർമിക്കുന്ന കാര്യത്തിൽ വിവിധ ജില്ലകൾ മികച്ച പുരോഗതി കൈവരിക്കുന്നതായാണ് വിശകലനത്തിൽ നിന്നു മനസ്സിലാകുന്നത്. ഇതിനകം തന്നെ ലക്ഷ്യമിട്ടതിന്റെ 45.89 ശതമാനം കക്കൂസുകളുടേയും നിർമ്മാണം പൂർത്തിയാക്കിയ കണ്ണൂർ ജില്ലയാണ് ഇക്കാര്യത്തിൽ ഒന്നാം സ്ഥാനത്തുള്ളത്. 3152 കക്കൂസുകളാണ് ഇതിനകം കണ്ണൂർ ജില്ലയിലെ 71 ഗ്രാമ പഞ്ചായത്തുകളിലായി പൂർത്തിയാക്കിയിട്ടുള്ളത്. രണ്ടാം സ്ഥാനത്തുള്ള കൊല്ലം ജില്ലയിൽ 1310 കക്കൂസുകൾ പൂർത്തിയാക്കിക്കഴിഞ്ഞു. 3950 കക്കൂസുകൾ കൊല്ലം ജില്ലയിലെ 68 ഗ്രാമ പഞ്ചായത്തുകളിലായി പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണ്. ആകെ 11,772 കക്കൂസുകളാണ് കൊല്ലം ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളിൽ നിർമിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്. ഗ്രാമങ്ങളിലെ ഒ.ഡി.എഫ്. പ്രഖ്യാപനത്തിനു മുന്നോടിയായി ഏറ്റവും കൂടുതൽ കക്കൂസുകൾ നിർമിക്കാനുള്ളത് ഇടുക്കി, പാലക്കാട് ജില്ലകളിലാണ്. ഇടുക്കി ജില്ലയിലെ ഗ്രാമീണ മേഖലകളിൽ 25,493 കക്കൂസുകളും പാലക്കാട് ജില്ലയിലെ ഗ്രാമീണ മേഖലകളിൽ 25,266 കക്കൂസുകളുമാണ് നിർമിക്കാൻ പദ്ധതിയിട്ടിട്ടുള്ളത്. ഇടുക്കിയിൽ 2000 ഉം പാലക്കാട് 2700 ഉം കക്കൂസുകൾ മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളതെങ്കിലും രണ്ട് ജില്ലകളിലുമായി 20000 ത്തോളം കക്കൂസുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞു എന്നുള്ളത് വരും ദിവസങ്ങളിൽ ഇവിടെ കൂടുതൽ പുരോഗതി കൈവരിക്കാനാവും എന്ന ആത്മവിശ്വാസം നൽകുന്നു.

ഇതിനിടയിൽ കക്കൂസ് നിർമാണം പൂർത്തിയാക്കിയ 96 ഗ്രാമ പഞ്ചായത്തുകൾ പൊതു സ്ഥലത്തെ മല വിസർജനം പൂർണമായി ഇല്ലാതാക്കിയതായി സ്വയം പ്രഖ്യാപിച്ചതു സൂചിപ്പിച്ചല്ലോ. 36 പഞ്ചായത്തുകളുമായി കണ്ണൂർ ജില്ലയാണ് ഇക്കാര്യത്തിൽ മുന്നിട്ടു നിൽക്കുന്നത്. ശുചിത്വ മിഷന്റെ കണക്കുകൾ പ്രകാരം ആഗസ്റ്റ് അവസാനത്തോടെ സംസ്ഥാനത്തെ 215 ഗ്രാമ പഞ്ചായത്തുകളിൽ കൂടി പൊതു സ്ഥലത്തെ മല വിസർജനം പൂർണമായി ഒഴിവാക്കിയതായി പ്രഖ്യാപിക്കാനാവും. സെപ്റ്റംബർ 15 ഓടെ 124 പഞ്ചായത്തുകളിലും സെപ്റ്റംബർ 30 ഓടെ 193 പഞ്ചായത്തുകളിലും ഒക്ടോബർ 15 ഓടെ 146 പഞ്ചായത്തുകളിലും ഇത്തരത്തിലുള്ള പ്രഖ്യാപനം നടത്താനാവും എന്നാണ് കണക്കാക്കുന്നത്. ശേഷിക്കുന്ന പഞ്ചായത്തുകളിൽ ഒക്ടോബർ 31ന് ഈ പ്രഖ്യാപനം നടത്താനാവും എന്നും ശുചിത്വ മിഷന്റെ വിലയിരുത്തൽ സൂചിപ്പിക്കുന്നു.

ഭരണ തലത്തിൽ ഇത്തരം നേട്ടങ്ങൾ കൈവരിക്കാനുള്ള പദ്ധതി തയ്യാറാക്കുമ്പോഴും അതു യാഥാർത്ഥ്യമാക്കണമെങ്കിൽ ഏറ്റവും മികച്ച രീതിയിലുള്ള ജനപങ്കാളിത്തം ആവശ്യമാണ്. നിർമാണ ഘട്ടത്തിലും തുടർന്നും പൂർണ തോതിലുള്ള ജനപിന്തുണ ഒന്നു കൊണ്ടു മാത്രമേ ഈ ഉദ്യമം വിജയകരമാക്കാനാവൂ.



**എ. ഷാജഹാൻ ഐ.എ.എസ് ഗ്രാമവികസന കമ്മീഷണർ**

ഗ്രാമവികസന വകുപ്പ് കമ്മീഷണറായി എ. ഷാജഹാൻ ഐ.എ.എസ് ചുമതലയേറ്റു. 2006–07, 2010–11 കാലയളവിലും ഇദ്ദേഹം ഗ്രാമവികസന കമ്മീഷണറായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.
സാമൂഹിക നീതി, ന്യൂനപക്ഷ ക്ഷേമം, റവന്യൂ (വഖഫ്) വകുപ്പുകളുടെ സെക്രട്ടറി കൂടിയാണ് ഇദ്ദേഹം.

കവർസ്റ്റോറി

മുരളീധരൻ പാലക്കാട്

# അട്ടപ്പാടിയും വെളിയിട വിസർജ്ജ്യ വിമുക്തമാകും

അട്ടപ്പാടി ആദിവാസി മേഖലയും സമ്പൂർണ്ണ വെളിയിട മലമൂത്ര വിസർജ്ജ്യ വിമുക്ത പ്രദേശമാകുന്നു. സംസ്ഥാന സർക്കാരിന്റെ വെളിയിട മലമൂത്ര വിസർജ്ജ്യ നിർമാർജന (ഓപ്പൺ ഡിഫോക്കേഷൻ ഫ്രീ) പദ്ധതി പ്രകാരമാണ് ആദിവാസി ഊരുകളും ശുചിത്വ പരിപാലന രംഗത്തെ ഈ മുന്നേറ്റത്തിലേക്ക് കുതിക്കുന്നത്. ഇതിനുള്ള പ്രവർത്തനങ്ങൾ അതിവേഗം നടക്കുകയാണ്.

ഒക്ടോബർ രണ്ടിന് പാലക്കാടിനെ വെളിയിട മലമൂത്ര വിസർജ്ജ്യ വിമുക്ത ജില്ലയായി പ്രഖ്യാപിക്കും. അങ്ങനെ കേരളപ്പിറവി ദിനമായ നവംബർ ഒന്നിന് കേരളം കൈവരിക്കുന്ന സമ്പൂർണ വെളിയിട മലമൂത്ര വിസർജ്ജ്യ വിമുക്ത സംസ്ഥാനത്തിന്റെ ഭാഗമായി പാലക്കാടൻ മലനിരകളും മാറും.

പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ 25,266 ശുചി മുറികളാണ് പണിയുന്നത്. പദ്ധതി ലക്ഷ്യം കൈവരിക്കുവാൻ കൂടുതൽ ശുചിമറികൾ ആവശ്യം വന്നാൽ അവയും പണിയും . അട്ടപ്പാടിയിൽ മാത്രം 4951 വ്യക്തിഗത ശുചിമുറികളുടെ ആവശ്യമുണ്ട്. വീടുകളിൽ സ്ഥലം ഇല്ലാത്ത പ്രദേശങ്ങളിലും കോളനികളിലും പൊതു ശുചിമുറികൾ പണിതു നൽകും.

പദ്ധതി പ്രവർത്തനങ്ങൾ അനുസ്യൂതം നടക്കുവാൻ പ്രത്യേകം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. നിർമ്മാണ പുരോഗതിയുടെ മേൽനോട്ടം വഹിക്കുന്നത് ഡെപ്യൂട്ടി കളക്ടറാണ്. പട്ടികജാതി- പട്ടികവർഗ വിഭാഗത്തിലുള്ളവർ ഇതിനായി സർക്കാർ ഓഫീസുകളിൽ വരുന്നതുവരെ കാത്തിരിക്കില്ല. തദ്ദേശസ്വയം ഭരണ വകുപ്പ് ഉദ്യോഗസ്ഥർ അവരുടെ വീടുകൾ സന്ദർശിക്കും. നിർമ്മാണത്തിനുള്ള സ്ഥലസൗകര്യങ്ങൾ വിലയിരുത്തുകയും നിർമ്മാണത്തിനുള്ള സമ്മതപത്രം വാങ്ങുകയും ചെയ്യും. പണി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എൻ. ജി. ഒ സംഘടനകൾ, എൻ. ആർ. എൽ. എം എന്നിവയുടെ സഹായവും തേടും.

നിർമാണത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിലും പ്രത്യേക ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. അട്ടപ്പാടിയിൽ അവിടെയുള്ള നദികളിൽ നിന്നു മണൽ എടുക്കാനുള്ള മാർഗങ്ങൾ ആരായും. അഗളി, ഷോളയൂർ, പുതൂർ, മുതലമട, പഞ്ചായത്തുകൾ, പറമ്പിക്കുളം പ്രദേശം, നെല്ലിയാമ്പതി ഓറഞ്ച് ഫാം പരിസരം മുതലായവ പദ്ധതി നിർവഹണത്തിന് പ്രതിസന്ധിയുള്ള ഏരിയകളാണ്. വടകരപ്പതി, എരുത്തേമ്പതി എന്നീ ജലദൗർലഭ്യമുള്ള പ്രദേശങ്ങളും പ്രതിസന്ധി ഏരിയകളായാണ് കണക്കാക്കുന്നത്.

ജലനിധി പഞ്ചായത്തുകളിൽ ശുചിമുറി നിർമ്മാണത്തിനുള്ള തടസ്സങ്ങൾ നീക്കാൻ പ്രത്യേകം നടപടിയെടുക്കും.

പദ്ധതിച്ചെലവുകളുടെ 60 ശതമാനം സ്വച്ഛ് ഭാരത് മിഷനും 40 ശതമാനം സംസ്ഥാന സർക്കാരും വഹിക്കും.



എൻ. രാധാകൃഷ്ണ പിള്ള

# ശുചിത്വത്തിലേക്കുള്ള സ്വാതന്ത്ര്യം



ലോകം ഇന്നു നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിൽ ഒന്നാണ് ശുചിത്വ പരിപാലനവും മാലിന്യ സംസ്കരണവും. ഉപയോഗിച്ച് ഉപേക്ഷിക്കുന്ന ജീവിതസംസ്കാരത്തിന്റെ (use and throw) പരിതാപകരമായ പരിണിത ഫലമാണിത്. നമ്മുടെ വീടും പരിസരവും നാടും നഗരവുമെല്ലാം മാലിന്യം കൊണ്ടു നിറഞ്ഞു. പരിസര മലിനീകരണം പരിസ്ഥിതിയുടെ താളം തെറ്റിച്ചു. പ്രകൃതിയും ജീവജാലങ്ങളും തമ്മിലുള്ള പാരസ്പര്യത്തിന്റെ നൂൽബന്ധമറ്റു. ശുദ്ധജലവും ശുദ്ധവായുവും നമുക്കന്യമായി. വിഷമയമല്ലാത്ത ഒരു ഭക്ഷണവും കിട്ടാതായി. ഇതു മാനവരാശിയുടെ നിലനില്പിനു തന്നെ ഭീഷണിയാണെന്ന തിരിച്ചറിവ് ഉണ്ടായപ്പോഴാണ് നാം മാലിന്യ സംസ്കരണത്തെക്കുറിച്ച് ചിന്തിച്ചു തുടങ്ങിയത്. ശുചിത്വ സുന്ദരമായൊരു ഭൂമിയെക്കുറിച്ച് സ്വപ്നം കണ്ടു തുടങ്ങിയത്.

എന്താണ് മാലിന്യം എന്ന ചോദ്യത്തിന് നാം വളരെ ലളിതമായി നൽകുന്ന ഉത്തരം ഇതായിരിക്കും; നമുക്ക് ഉപയോഗമില്ലാത്ത വസ്തു. എന്നാൽ നമുക്ക് ഉപയോഗമില്ലാത്തവ എല്ലാം മാലിന്യമാകമണമെന്നില്ല. അതു ചിലപ്പോൾ മറ്റൊരാൾക്ക് ഉപയോഗകരമാകും. അല്ലെങ്കിൽ മറ്റൊരു രൂപത്തിൽ നമുക്കു തന്നെ വീണ്ടും ഉപയോഗപ്രദമാകാം. അപ്പോൾ മാലിന്യം എന്നാൽ ഉപയോഗശൂന്യമായ വസ്തു അല്ല. മറിച്ച് നമ്മുടെ ഉപഭോഗ ജീവിതത്തിന്റെ ഒരു ഉപോല്പന്നമാണ്.

മാലിന്യങ്ങളെ നമുക്ക് പലതരത്തിൽ തരം തിരിക്കാം. ഉറവിടത്തിന്റെ അടിസ്ഥാനത്തിൽ ഗാർഹികം, കാർഷികം, വ്യാവസായികം, ബയോ മെഡിക്കൽ, ഇ -മാലിന്യം എന്നിങ്ങനെ പലതായി. സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ ഖരം എന്നും ദ്രവം എന്നും തിരിക്കാം. അവയിൽ അടങ്ങിയരിക്കുന്ന ഘടകങ്ങളെ ആധാരമാക്കി ജൈവം, അജൈവം എന്നും തിരിക്കാം. അവയെ കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യം അനുസരിച്ച് അപകടകാരികൾ, അനപകടകാരികൾ എന്നും തിരിക്കാം.

മാലിന്യങ്ങളെ കൂട്ടിക്കലർത്തിയിടുന്നത് സംസ്കരണത്തിന് വളരെ ബുദ്ധിമുണ്ടാക്കും. ഉറവിടത്തിൽ വെച്ചു തന്നെ ഇവയെ വേർതിരിക്കണം. സംസ്കരണ പ്രക്രിയയിലെ പ്രഥമഘട്ടമായ വേർതിരിക്കൽ പരമപ്രധാനമായ സംഗതിയാണ്.

മാലിന്യങ്ങളെ ഏതെങ്കിലും വിധം നിർമാർജനം ചെയ്തു പരിസരശുചിത്വം വരുത്തുന്നവരുണ്ട്. ശരിയായ രീതിയിൽ അല്ലാത്ത മാലിന്യസംസ്കരണവും വളരെ അപകടകരമാണ്. പ്ളസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുക, ബാറ്ററി, ബൾബ് പോലുള്ള അപകടകാരിയായ മാലിന്യങ്ങൾ പൊട്ടിച്ച് ചെടികളുടെയും മറ്റും ചുവട്ടിലിടുക, മലമൂത്രവിസർജ്യങ്ങൾ നദികളിലേക്കും മറ്റും ഒഴുക്കിവിടുക തുടങ്ങിയ രീതികളാണ് അവർ അവലംബിക്കുന്നത്. ഇത് മണ്ണ്, ജലം, വായു, പരിസരം, അന്തരീക്ഷം എന്നിങ്ങനെ പ്രകൃതിയെ ഒന്നാകെ മലിനമാക്കുന്നു.

മനുഷ്യനെ ബാധിച്ചു കൊണ്ടിരിക്കുന്ന രോഗങ്ങളിൽ മൂന്നിലൊന്നും പരിസരമലിനികരണം കൊണ്ടുണ്ടാകുന്നവയാണ്. പ്ളാസ്റ്റിക്കുകൾ കത്തിക്കുമ്പോൾ അതിന്റെ നിർമ്മാണത്തിനു ഉപയോഗിക്കുന്ന ക്ളോറൈഡ്, അതിൽ നിറം പിടിപ്പിക്കുവാൻ ഉപയോഗിക്കുന്ന എക്സൽ താലിറ്റ് എന്നീ രാസവസ്തുക്കൾ മണ്ണിലും ജലത്തിലും വിഷം കലർത്തുന്നു. ഇതു ക്യാൻസർ, വൃക്ക, കരൾ രോഗങ്ങൾ, അലർജി, ആസ്മ മറ്റ് ശ്വാസകോശരോഗങ്ങൾ എന്നിവ ഉണ്ടാക്കുന്നു.

മാലിന്യപ്രശ്നം അനുദിനം വർദ്ധിച്ചുവരുന്നത്,



## മാലിന്യ സംസ്കരണ പ്രക്രിയയിലെ മൂന്നു ഘട്ടങ്ങൾ (3R's)

കുറയ്ക്കൽ (റെഡ്യൂസ്)

പുനരുപയോഗം (റീയൂസ്)

പുനരുത്പാദനം (റീസൈക്കിൾ)

## പരിസ്ഥിതി സംരക്ഷണ സൂചികയിൽ ഇന്ത്യയുടെ സ്ഥാനം

ലോക പരിസ്ഥിതി സംരക്ഷണ സൂചികയിൽ (ഇ.പി.ഐ) ഇന്ത്യയുടെ സ്ഥാനം 141 ആണ്. നമ്മുടെ അയൽ രാജ്യങ്ങളായ ശ്രീലങ്കക്ക് 108 ഉം ചൈനക്ക് 109 ഉം ആണ് സ്ഥാനം. പാകിസ്ഥാൻ 144 -ാമതാണ്.

ലോക സാമ്പത്തിക ഫോറം 180 രാജ്യങ്ങളിൽ പഠനം നടത്തിയാണ് സൂചിക തയ്യാറാക്കിയത്. 2016 ജനുവരിയാണ് പഠന റിപ്പോർട്ട് പുറത്തുവിട്ടത്.

സൂചികയിലെ ആദ്യത്തെ മൂന്നു സ്ഥാനങ്ങൾ യഥാക്രമം ഫിൻലാൻഡ്, ഐസ്‌ലാൻഡ്, സ്വീഡൻ എന്നീ രാജ്യങ്ങൾക്കാണ്. സോമാലിയയാണ് 180 -ാമത്തെ രാജ്യം.

## മാലിന്യ സംസ്കരണത്തിൽ നാം അനുവർത്തിക്കേണ്ടത്




## നിങ്ങൾക്ക് അറിയാമോ

നാം പരിസരത്തേക്ക് നിസാരമായി വലിച്ചെറിയുന്ന മാലിന്യങ്ങൾ അവിടെക്കിടന്ന് ചീഞ്ഞളിഞ്ഞും ദ്രവിച്ചും മണ്ണിനോട് ചേരുവാൻ എത്രകാലമെടുക്കുമെന്ന് നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ. ചില മാലിന്യങ്ങൾ വേഗം നശിക്കും. ചിലത് ഒരിക്കലും നശിക്കില്ല. അതിനാൽ ഉപയോഗശേഷം വസ്തുക്കൾ വലിച്ചെറിയുന്ന രീതി ഒഴിവാക്കുകയും അവ യഥാവിധി സംസ്കരിക്കുകയും ചെയ്യാം. അതോടൊപ്പം പുനരുപയോഗിക്കുവാൻ കഴിയുന്ന പ്രകൃതിസൗഹൃദ വസ്തുക്കൾ പരമാവധി ഉപയോഗിക്കുന്നത് നമുക്കൊരു ശീലവുമാക്കാം.

**നാം മണ്ണിലേക്ക് വലിച്ചെറിയുന്ന മാലിന്യങ്ങൾ നശിക്കുവാൻ എടുക്കുന്ന സമയത്തിന്റെ ഏകദേശ കണക്ക് നോക്കുക**

| | |
|---|---|
| ജൈവമാലിന്യം | ഒന്നോ രണ്ടോ ആഴ്ച |
| കടലാസ്സുകൾ | 10 മുതൽ 30 ദിവസം വരെ |
| കോട്ടൻ തുണി | രണ്ടു മുതൽ അഞ്ചു മാസം വരെ |
| കമ്പിളിത്തുണി | 1 വർഷം വരെ |
| മരക്കഷ്ണം | 10 മുതൽ 15 വർഷം വരെ |
| ലോഹങ്ങൾ | 100 മുതൽ 500 വർഷം വരെ |
| പ്ലാസ്റ്റിക് | 10 ലക്ഷം വർഷം |
| ഗ്ലാസ്സ് | വർഷം കണക്കാക്കപ്പെട്ടിട്ടില്ല |

അതിനു തടയിടാനുള്ള ശാസ്ത്രസാങ്കേതിക വിദ്യയുടെ അജ്ഞതയോ അഭാവമോ കൊണ്ടല്ല. മറിച്ച് ഈ കാര്യത്തിൽ നാം ഓരോരുത്തരും പിന്തുടരുന്ന പരമ്പരാഗത ആചാരങ്ങളും പുലർത്തി വരുന്ന രീതികളും മാറ്റം വരാത്ത മനോഭാവങ്ങളുമാണ്. ശരിയായ ശുചിത്വബോധത്തിൽ നിന്നു മാത്രമേ മാലിന്യമുക്തമായ ഒരു പരിസ്ഥിതി സൃഷ്ടിക്കാനാകൂ.

വ്യക്തിശുചിത്വം, ഗാർഹിക ശുചിത്വം, പരിസര ശുചിത്വം എന്നതാണ് ശുചിത്വ പരിപാലന പ്രക്രിയയുടെ പ്രഖ്യാതമായ ശ്രേണി. വ്യക്തി ശുചിത്വത്തിലും ഗാർഹിക ശുചിത്വത്തിലും മുന്നിലാണ് നാം. ഞാനും എന്റെ പരിസരവും വൃത്തിയായിരിക്കണമെന്നു മാത്രം ചിന്തിക്കുന്ന നാം വീടും പരിസരവും വൃത്തിയാക്കി ആ മാലിന്യങ്ങൾ റോഡിലേക്കും പരിസര പ്രദേശങ്ങളിലേക്കും വലിച്ചെറിയുന്നു.

തുറസ്സായ സ്ഥലങ്ങളിൽ മലമൂത്രവിസർജനം നടത്തുന്നവർ ഇന്നും നമ്മുടെ നാട്ടിലുണ്ട്. ആഹാരം, വസ്ത്രം, പാർപ്പിടം എന്നതുപോലെ പ്രധാനമാണ് പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യം. നമ്മുടെ നാട്ടിലെ എല്ലാപേർക്കും ഇനിയും അതിനുള്ള സൗകര്യമില്ല. വെളിയിടങ്ങളിലെ മലമൂത്ര വിസർജനം പൂർണമായി ഒഴിവാക്കാൻ, എല്ലാപേർക്കും ശുചിത്വമുറി നിർമ്മിച്ചു നൽകുവാനുള്ള യജ്ഞത്തിലാണ് സംസ്ഥാന സർക്കാർ. കേരളപ്പിറവി ദിനമായ നവംബർ ഒന്നിന് അതു യാഥാർഥ്യമാകും. അതിലൂടെ പൊതുജന സാമാന്യത്തിനു ലഭിക്കുന്നത് ശുചിത്വത്തിലേക്കുള്ള സ്വാതന്ത്ര്യമാണ്.

വി.ആർ. അജിത്കുമാർ




# സമത്വത്തിന്റെ മഹാസന്ദേശമായി ഓണം

ഓണം മലയാളിയെ സംബന്ധിച്ചിടത്തോളം വൈകാരികമായ ഒരനുഭവമാണ്. ലോകത്തെവിടെയാണെങ്കിലും അവിടെയെല്ലാം ഓണമെന്ന ദേശീയോത്സവം ആഘോഷിക്കുകയും ആനന്ദിക്കുകയും ചെയ്യുന്ന മലയാളിയുടെ സ്വപ്ന സമാനമായ സമത്വ ചിന്തയാണ് അവർക്ക് ആത്മസംതൃപ്തി നൽകുന്നത്. സമത്വത്തിന്റെ ആശയം മുന്നോട്ട് വയ്ക്കുന്ന കമ്മ്യൂണിസ്റ്റ് ചിന്താഗതി കേരളത്തിൽ ആഴത്തിൽ വേരോടിയതിനു പിന്നിലെ അനേകം ഘടകങ്ങളിൽ ഒന്ന് മാവേലി സങ്കൽപ്പമാണെന്നു പറയാം. മാവേലിപ്പാട്ടിലും ആ ഒരു സങ്കൽപ്പത്തിന്റെ പ്രതിഫലനം കാണാൻ കഴിയും. ഒരു നല്ല ജനാധിപത്യ-സോഷ്യലിസ്റ്റിനെ അജ്ഞാതനായ ആ കവിയിൽ നമുക്ക് കാണാൻ കഴിയും. ആ കവിത ഇവിടെ ഓർക്കുന്നത് ഉചിതമാകും.

മാവേലി നാട് വാണീടും കാലം
മാനുഷരെല്ലാരുമൊന്നുപോലെ
ആമോദത്തോടെ വസിക്കും കാലം
ആപത്തങ്ങാർക്കുമൊട്ടില്ലതാനും
കള്ളവുമില്ല ചതിവുമില്ല
എള്ളോളമില്ല പൊളി വചനം
കള്ളപ്പറയും ചെറുനാഴിയും
കള്ളത്തരങ്ങൾ മറ്റൊന്നുമില്ല
ആധികൾ വ്യാധികളൊന്നുമില്ല
ബാലമരണങ്ങൾ കേൾപ്പാനില്ല
ദുഷ്ടരെ കൺകൊണ്ട് കാണ്മാനില്ല
നല്ലവരല്ലാതെയില്ല പാരിൽ

ഇത്തരത്തിലൊരു സങ്കൽപ്പം ലോകത്തെവിടെയെങ്കിലുമുണ്ടോ എന്നും സംശയമാണ്. ഓണത്തിന്റെ ചരിത്രത്തെപ്പറ്റി വ്യത്യസ്തമായ അഭിപ്രായങ്ങൾ നിലനിൽക്കുന്നുണ്ട്. സംഘകാലത്തുതന്നെ തമിഴകത്ത് ഓണം ആഘോഷിച്ചിരുന്നതായി 'മധുരകാഞ്ചി'യിൽ പറയുന്നുണ്ട്. ഏഴു ദിവസമായിരുന്നു അവിടെ ഓണാഘോഷം. മഹാബലിയെ ജയിച്ച വാമനമൂർത്തിയുടെ സ്മരണയുമായി ബന്ധപ്പെടുത്തിക്കൊണ്ടായിരുന്നു അന്ന് ഓണം ആഘോഷിച്ചിരുന്നത്. ഓണക്കാലത്ത് മധുരയിലെ അങ്ങാടികളിലും തെരുവുകളിലും നഗരവാസികൾ കൂട്ടം ചേർന്ന് ഇഷ്ടദൈവത്തെ ആരാധിക്കുകയും ഉല്ലാസത്തോടെ നടക്കുകയും ചെയ്തിരുന്നതായി മരുതനാർ വിവരിച്ചിട്ടുണ്ട്. എ.ഡി ഒൻപതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പെരിയാഴ്‌വാർ അദ്ദേഹത്തിന്റെ തിരുപല്ലാണ്ട് ഗാനത്തിലും ഓണത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. എന്നാൽ ആ പാരമ്പര്യം മുന്നോട്ടുകൊണ്ടു പോയത് കേരളമാണ്. തൃക്കാക്കര ക്ഷേത്രത്തിന്റെ സ്ഥാപനം ഇവിടെ ഓണാഘോഷത്തിന് ആക്കം നൽ





**ലോകത്തെവിടെയാണെങ്കിലും അവിടെയെല്ലാം ഓണമെന്ന ദേശീയോത്സവം ആഘോഷിക്കുകയും ആനന്ദിക്കുകയും ചെയ്യുന്ന മലയാളിയുടെ സ്വപ്ന സമാനമായ സമത്വ ചിന്തയാണ് അവർക്ക് ആത്മസംതൃപ്തി നൽകുന്നത്**

കിയതായി കരുതപ്പെടുന്നു. വാമനമൂർത്തിയാണ് ഇവിടത്തെ പ്രതിഷ്ഠ.

ഓണാഘോഷത്തിന്റെ യഥാർത്ഥ ഉറവിടം അസ്സീറിയയാണെന്നാണ് എൻ. വി. കൃഷ്ണവാരിയർ അഭിപ്രായപ്പെട്ടിട്ടുള്ളത്. അവിടെ നമ്മുടെ പ്രപിതാമഹർ അനുഷ്ഠിച്ചു വന്നിരുന്ന ഒരു ആഘോഷത്തെയാണ് ഓണത്തിലൂടെ ആണ്ടു തോറും നാം വീണ്ടും സൃഷ്ടിക്കാനും സാക്ഷാത്കരിക്കാനും ശ്രമിക്കുന്നതെന്നും അദ്ദേഹം പറയുന്നു. മഹാബലിയോടുള്ള ആദരവിനെ ആസ്പദമാക്കിയായിരുന്നു ആദ്യം ഓണം ആഘോഷിച്ചിരുന്നത്. എന്നാൽ വൈഷ്ണവ കാലത്ത് ബലിയെ പുറത്താക്കിയ മഹാവിഷ്ണുവിന്റെ മഹത്വത്തെ പ്രകീർത്തിച്ചായി ആഘോഷം. പിന്നീട് രണ്ട് കൂട്ടർക്കും പ്രാധാന്യമുള്ള ഒരു രീതി നിലവിൽ വന്നു. അതാണ് നാമിന്ന് തുടർന്ന് വരുന്ന സമ്പ്രദായം.

മഹാബലിയെക്കുറിച്ചുള്ള ഐതിഹ്യ പ്രകാരം അദ്ദേഹം പ്രഹ്ലാദന്റെ ചെറുമകനാണ്. ശുക്രാചാര്യരുടെ ശിക്ഷണത്തിൽ വളർന്ന മഹാബലി അസുര ചക്രവർത്തിയായിരുന്നു. മികച്ച ഭരണാധികാരിയും യോദ്ധാവുമായിരുന്ന മഹാബലി സ്വർഗ്ഗത്തിലും ഭൂമിയിലും കീർത്തിമാനായി. ദേവൻമാർക്ക് അസൂയ ഉണ്ടാക്കുംവിധം വളർന്നു. ഈ പോക്കിന് തടയിടണമെന്ന് ദേവൻമാർ വിഷ്ണുവിനോട് അപേക്ഷിച്ചു. വിഷ്ണു സമ്മതിച്ചു. ദേവൻമാരുടെ അമ്മയായ അഥിതിയുടെ മകൻ വാമനനായി വിഷ്ണു ജനിച്ചു. വാമനന് പ്രായപൂർത്തിയായ സമയം മഹാബലി നർമ്മദ നദിക്കരയിൽ അശ്വമേധയാഗം നടത്തുകയായിരുന്നു. യാഗം വിജയിക്കുന്നതോടെ മഹാബലി മികച്ച ആയുധങ്ങൾ സ്വന്തമാക്കും എന്ന വിവരം ദേവൻമാരെ അങ്കലാപ്പിലാക്കി. അതോടെ മഹാബലി മൂന്ന് ലോകങ്ങളും കീഴടക്കുമെന്ന് അവർക്ക് ഉറപ്പായിരുന്നു. യാഗകാലത്ത് ആരും എന്താവശ്യപ്പെട്ടാലും നൽകുമെന്ന് മഹാബലി പ്രഖ്യാപിച്ചിരുന്നു. ഈ സമയം വാമനൻ യാഗ സ്ഥലത്ത് വന്നു. മഹാബലി വാമനനെ ആദരിച്ച് ഇരുത്തി എന്തു വേണമെന്ന് ചോദിച്ചു. മൂന്നടി മണ്ണാണ് വാമനൻ ചോദിച്ചത്. വാമനൻ വിഷ്ണുവിന്റെ അവതാരമാണെന്നും ദാനം നൽകരുതെന്നും ശുക്രാചാര്യർ ബലിയോട് ആവശ്യപ്പെട്ടു. എന്നാൽ പറഞ്ഞ വാക്കിൽ നിന്ന് പിൻമാറാൻ ബലി തയ്യാറായില്ല. ജീവനും അഭിമാനവും രാജാവിന്റെ രണ്ടു കണ്ണുകളാണെന്നും ജീവൻ പോയാലും അഭിമാനം സംരക്ഷിക്കണം എന്നതാണ് തന്റെ നയമെന്നും അദ്ദേഹം വ്യക്തമാക്കി. എല്ലാവർക്കും എല്ലാം കൊടുക്കുന്ന ദൈവം തന്നോട് ഒരു കാര്യം ആവശ്യപ്പെട്ടതോടെ ഞാൻ ധന്യനായെന്നും ധിക്കാരം ക്ഷമിക്കണമെന്നും ഗുരുവിനോട് പറഞ്ഞ ശേഷം അദ്ദേഹം വാമനനോട് ഭൂമി അളന്നെടുത്തുകൊള്ളാൻ പറഞ്ഞു. ഈ സമയം വാമനൻ സ്വർഗ്ഗത്തിനുമുകളിലേക്കുയർന്നു ഒരു പാദം കൊണ്ട് ഭൂമിയും മറ്റ് പാദം കൊണ്ട് സ്വർഗ്ഗവും അളന്നെടുത്തു. ഇനിയെവിടെ താൻ കാൽ വയ്ക്കുമെന്ന ചോദ്യത്തിനുമുന്നിൽ മഹാബലി മുട്ടുകുത്തി ശിരസ്സുകാട്ടിക്കൊടുത്തു. വിഷ്ണു ബലിയെ പാതാളത്തിലേക്ക് ചവിട്ടിത്താഴ്ത്തി. അവിടെ വാണുകൊള്ളാൻ അനുമതിയും നൽകി. വർഷത്തിലൊരിക്കൽ പ്രജകളെ കാണാനുള്ള അദമ്യമായ ആഗ്രഹം പ്രകടിപ്പിച്ച മഹാബലിക്ക് അതിനുള്ള അനുമതിയും വിഷ്ണു നൽകി എന്നാണ് ഐതിഹ്യം. ആ ദിവസമാണ് ചിങ്ങത്തിലെ തിരുവോണം.

കടുത്ത ദാരിദ്ര്യവും തൊട്ടുകൂടായ്മയും അടിമത്തവും നിലനിന്ന കാലത്ത് ഓണസങ്കൽപ്പം ഒരു ശരാശരി മലയാളിക്ക് വലിയ പ്രത്യാശ നൽകിയിരുന്നു എന്നതിൽ സംശയമില്ല. വയറുനിറച്ച് ഭക്ഷണം കഴിക്കാനില്ലാതിരുന്ന കാലത്ത് ഒരു മൃഷ്ടാന്നത്തിന് സാധാരണക്കാരന് അവസരം നൽകുകയായിരുന്നു തിരുവോണം. എല്ലാ ദേശീയ ഉത്സവങ്ങളും പോലെ ഓണവും കാർഷികോത്സവമായിരുന്നു. ചിങ്ങമാസത്തിന് എക്കാലത്തും ഒരു പ്രസരിപ്പുണ്ട്. കർക്കിടകത്തിന്റെ ക്ഷീണത്തിൽ നിന്നും പ്രകൃതിയും മനുഷ്യരും മോചിതരായി കൊയ്ത്തും മെതിയും പൂക്കളുമായി ഉത്സാഹത്തിമിർപ്പിൽ കയറുമ്പോൾ ഏതൊരു മനസ്സിലും സന്തോഷം തിരയേറുക സ്വാഭാവികം. ദേവനേയും അസുരനേയും കൂട്ടിയിണക്കി രണ്ടുപേരുടേയും നന്മകളെ ഉൾക്കൊള്ളിച്ച് ഓണസങ്കൽപ്പം സൃഷ്ടിച്ച ഭാവനാശാലിയായ അല്ലെങ്കിൽ ശാലികളായ എഴുത്തുകാരുടെ നന്മയുടെ പുസ്തകമാണ് മാവേലി സങ്കൽപ്പം. വാമൊഴിയിലൂടെ കേട്ടും കൂട്ടിച്ചേർത്തും എന്നോ വരമൊഴിയായി മാറിയ കഥ. അതിലെ ശരിതെറ്റുകളെ ഗവേഷണം ചെയ്യാനൊന്നും മലയാളി തയ്യാറല്ല. കഥയിലെ വിശ്വാസത്തെ പുണർന്ന് ആഘോഷിക്കാൻ മാത്രമാണ് മലയാളി ഇഷ്ടപ്പെടുന്നത്.



**ചരിത്രവും പശ്ചാത്തലവും എന്തു തന്നെയായാലും മലയാളിയും ഓണവും തമ്മിലുള്ള ഹൃദയബന്ധം ലോകം നിലനിൽക്കുവോളമുണ്ടാകും.**

മലയാളം കലണ്ടറിലെ ആദ്യമാസമായ ചിങ്ങത്തിലെ കൊയ്ത്തുത്സവമായിരുന്നു ഓണം. ഇന്നിപ്പോൾ വയലുകൾ കുറഞ്ഞെങ്കിലും മലയാളിക്ക് കൃഷിയിലുള്ള താത്പര്യം നഷ്ടപ്പെട്ടുവെങ്കിലും ഓണാഘോഷത്തിന്റെ ഗരിമ നാൾക്കുനാൾ വർദ്ധിക്കുക തന്നെയാണ്. ജാതി മത സങ്കൽപ്പങ്ങൾക്കും പ്രായലിംഗഭേദത്തിനും അതീതമായ കൂട്ടായ്മ എന്ന നിലയിൽ ഇതിന്റെ സാമൂഹിക പ്രസക്തിയും വർദ്ധിക്കുകയാണ്. മലബാറിൽ ഓണത്തിന് പ്രാധാന്യം താരതമ്യേന കുറവാണെങ്കിലും കൊച്ചി-തിരുവിതാംകൂർ മേഖലകളിൽ ഓണത്തിനു പകരം വയ്ക്കുന്ന ആഘോഷം ഒന്നും തന്നെയില്ല. അത്തം പത്തിന് പൊന്നോണം എന്നതാണ് ചൊല്ല്. പത്തുനാൾ നീളുന്ന ആഘോഷത്തിന് തുടക്കമാകുന്നത് തൃപ്പൂണിത്തുറയിലെ അത്തച്ചമയത്തോടെയാണ്. തൃക്കാക്കരയിലെ വാമനമൂർത്തിക്ഷേത്രം മഹാബലിയുമായുള്ള ബന്ധം ഊട്ടിയുറപ്പിക്കുന്ന ഒരു സാംസ്കാരിക സ്ഥലിയാണെന്നു പറയാം.

അത്തം നാളിലാണ് പൂക്കളമിട്ടു തുടങ്ങുന്നത്. നാൽപ്പത്തിയഞ്ച് അൻപത് വർഷം പിറകോട്ടു പോയി പൂക്കളമിട്ട ഓർമ്മകളിൽ അഭിരമിക്കുമ്പോൾ തുമ്പപ്പൂവും കാക്കപ്പൂവും തെച്ചിയും അരളിയും ചെമ്പരത്തിയും തൊട്ടാവാടിയും പിന്നെ അനേകം കാട്ടുപൂക്കളും ഓർമ്മയിലേക്ക് വരും. മലബാറിലെ കാക്കപ്പൂവല്ല ഓണാട്ടുകരയിലേത്. മുള്ളുള്ള കുറ്റിച്ചെടിയിൽ മഞ്ഞയും ഇതളിന്റെ താഴ്ഭാഗം തവിട്ടുനിറമുള്ള വലിയ പൂവ്. കണ്ണൂരിൽ ഇത് ചെറിയ നീലപ്പൂക്കളാണ്. ഒരേ ഭാഷ സംസാരിക്കുന്ന ദേശത്തിന്റെ വിവിധ വസ്തുക്കൾക്ക് ഒരേ പേര് വരുന്നതും ഒരേ വസ്തുവിന് വിവിധ പേരുകൾ വരുന്നതും ഭാഷയുടെ ശക്തിയാണ് എന്നോർത്തു പോവുകയാണ്. പൂവിന്റെ തവിട്ടു നിറമുള്ള ഭാഗം മഷിപ്പേനയുടെ അടപ്പുകൊണ്ടു കറക്കി വട്ടത്തിൽ അടർത്തിയെടുത്ത് പെൺകുട്ടികൾ പൊട്ടായി ഉപയോഗിച്ചിരുന്നു. ദിവസവും വൈകുന്നേരമാണ് കാക്കപ്പൂ മൊട്ടുകൾ പറിക്കുക. അവ കിണറ്റിൽ കൊണ്ടിടും. രാവിലെയാകുമ്പോഴേക്കും വിരിയും. അവയെ തൊട്ടിയിൽ കോരിയെടുക്കും. തലേ ദിവസം കരുതിയ പൂക്കളും പറമ്പിൽ പിടിച്ച പൂക്കളും ഒക്കെ ചേർത്താണ് പൂവിടുക. ചാണകം തളിച്ച് വൃത്തിയാക്കിയ തറയിൽ നടുക്ക് വാമന സങ്കൽപ്പത്തിൽ ഒരുരുള ചാണകം വച്ചശേഷം ചുറ്റുമായി പൂക്കൾ നിരത്തും. ഓരോരുത്തരുടേയും ഭാവനയും കലാവിരുതും അനുസരിച്ച് പൂക്കളം മനോഹരമാകും. അന്നതൊരു കൂട്ടായ്മയായിരുന്നു. പൂക്കളേയും പരിസരത്തേയും ആവാസ വ്യവസ്ഥയിലെ പൂമ്പാറ്റയേയും തുമ്പികളെയുമൊക്കെ തിരിച്ചറിയുന്ന ഒരു പഠന രീതിയും അതിലുണ്ടായിരുന്നു. ഇതിനൊക്കെ പുറമെ പൂക്കൾ വാങ്ങാനുള്ള പണമില്ലായ്മയും വലിയ പ്രാധാന്യം തന്നെയുണ്ട്. ഇന്നിപ്പോൾ കാര്യങ്ങൾ മാറി. കുറേക്കൂടി മെച്ചമായി എന്നുതന്നെ പറയാം. ചെറുകാടുകളും ചെടികളും ഗ്രാമങ്ങളിൽ നിന്നുപോലും അപ്രത്യക്ഷമായി. കുട്ടികൾക്ക് പഠനത്തിരക്കും സാങ്കേതിക വിദ്യ നൽകിയ വലിയ ലോകവുമുള്ളതിനാൽ പൂതേടിപ്പോകാൻ കഴിയാതെയായി. പൂവ് വലിയ വ്യവസായമായി മാറി. ചന്തയിൽ നിന്നും ആയിരക്കണക്കിനു രൂപയുടെ പൂക്കൾ വാങ്ങി മനോഹരമായ ഡിസൈനുകളിൽ ക്ലബ്ബുകളും സംഘടനകളും മറ്റ് കൂട്ടായ്മകളും പൂക്കളമുണ്ടാക്കുന്ന കാഴ്ചകളാണ് നാട്ടിലെവിടേയും. സമ്പൽ സമൃദ്ധിയുടെ ഓണമാണ് നാമിന്ന് കൊണ്ടാടുന്നത്. അത്തത്തിന് ആരംഭിക്കുന്ന പൂക്കളം തിരുവോണനാൾ വരെ തുടരും. ഇപ്പോൾ പൂക്കളമിടൽ മത്സരം തന്നെ അനേകം ദിവസം നീളുന്നുണ്ട് പലയിടത്തും.

അത്തം നാളിലാണ് ഊഞ്ഞാലിടുക. വലിയ കയർ മരത്തിൽ കെട്ടി തടിയോ മടലോ ഉപയോഗിച്ചാണ് ഊഞ്ഞാലുണ്ടാക്കുക. ചിത്തിരയ്ക്കാണ് വീട് വൃത്തിയാക്കൽ. ചോതിനാളിൽ പുതുവസ്ത്രങ്ങളെടുക്കും. വിശാഖത്തിനാണ് കച്ചവട കേന്ദ്രങ്ങൾ സജീവമാകുക. വില്പനയും വാങ്ങലും കൊണ്ട് ചന്ത ഉത്സവ കേന്ദ്രമായി മാറും. അനിഴം നാളിൽ പലവ്യഞ്ജനങ്ങൾ വാങ്ങും. തൃക്കേട്ടക്കാണ് അവ പൊടിക്കുകയും വറുക്കുകയുമൊക്കെ ചെയ്യുന്നത്. മൂലം നാളിൽ രാത്രിയിൽ ചെറിയ തോതിലുള്ള ആഘോഷങ്ങൾ സ്ത്രീകൾ ആരംഭിക്കും. കൈകൊട്ടിക്കളിയും തുമ്പി തുള്ളലുമൊക്കെയായി ചാന്ദ്ര നിലാവത്ത് അവർ ആഘോഷിക്കും. പുരുഷൻമാർ കാഴ്ചക്കാരാകും, ചിലർ അവർക്കൊപ്പം കൂടുകയും ചെയ്യും. തെരുവ് വിളക്കുകളോ വീടുകളിൽ മിക്കയിടത്തും വൈദ്യുതിയോ

ഇല്ലാതിരുന്ന കാലം. ഇന്നത്തെ തലമുറയ്ക്ക് അസ്വസ്ഥതയുണ്ടാക്കാനിടയുള്ള ആ കാഴ്ചകൾ പഴമക്കാർക്ക് സുഖദമായ ഓർമ്മകളാകുന്നത് സ്വാഭാവികം. ഓണത്തപ്പനെ പൂക്കളത്തിൽ പ്രതിഷ്ഠിച്ച് പൂക്കളം വിപുലമാക്കുന്നത് പൂരാട നാളിലാണ്. അന്നുതന്നെ മറ്റു വിഭവങ്ങളും വാങ്ങും. ഈ ദിവസം ചെറുജന്മിമാരുടെ വീടുകളിൽ ജോലി ചെയ്യുന്നവർ, മരംകയറുന്നവർ, കുട്ട, വട്ടി, തവി മുതലായവ തയ്യാറാക്കുന്നവർ, തുണിയലക്കുന്നവർ തുടങ്ങി വിവിധ ചെറുതൊഴിലുകളിൽ ഏർപ്പെടുന്നവർ അവരുടെ ചെറിയ സമ്മാനങ്ങളുമായി ജന്മിയുടെ വീട്ടിലെത്തും. അവർക്ക് പകരമായി വസ്ത്രങ്ങളും പണവും പലവ്യഞ്ജനങ്ങളും മറ്റും നൽകണം. ഒരേക്കറിൽ താഴെ ഭൂമിയുള്ളവരാണ് അന്നത്തെ മിക്ക ജന്മികളും. അവരും കഷ്ടപ്പെട്ടാണ് നിത്യവൃത്തി കഴിക്കുന്നതെങ്കിലും കടം വാങ്ങിയാലും ഇവർക്ക് ഇതൊക്കെ നൽകും. അല്ലെങ്കിൽ ആ ബന്ധം അവിടെ അറ്റുപോകും. ഈ ചടങ്ങ് നിർവ്വഹിക്കുന്ന ദിവസത്തെ എന്റെ അമ്മയൊക്കെ ഭയത്തോടെയാണ് കണ്ടിരുന്നത്. ഇവർക്കെല്ലാം ദാനം കൊടുത്തു കഴിയുന്നതോടെ വീട്ടിലെ അവസ്ഥ പരിതാപകരമാകും. ഇന്നിപ്പോൾ കേരളം എത്രയോ മാറി. മാവേലി സങ്കൽപ്പം യാഥാർത്ഥ്യമായിരിക്കുന്നത് ഇപ്പോഴാണെന്നു പറയാം. ജന്മി കുടിയാൻ സമ്പ്രദായം ഇല്ലാതായി. എല്ലാവരുടേയും കൈയ്യിൽ പണമുണ്ട്. ഒരാൾ ദാതാവും മറ്റൊരാൾ സ്വീകർത്താവുമാകേണ്ട ആവശ്യം വരുന്നില്ല. സ്ത്രീകളുടെ ജോലികൾ കുറഞ്ഞു. വിശ്രമമില്ലാതെ പണിയെടുത്തിരുന്നവർക്ക് അത്രയൊന്നും കഷ്ടപ്പെടേണ്ടതില്ല എന്ന നിലയിൽ ലോകം വലുതായി. ആഘോഷങ്ങൾ ടീവിയിലും ഉത്സവപ്പറമ്പുകളിലുമായി. പങ്കാളികൾ എന്ന നിലയിൽ നിന്നും കാഴ്ചക്കാരായി മലയാളി മാറി. ഊഞ്ഞാലിലും നാടൻ കളികളിലും കുട്ടികൾക്ക് താത്പര്യമില്ലാതായി. ഉത്സവ ലഹരിയാണെവിടേയും. എന്തും റെഡിമെയ്ഡായി കിട്ടുന്ന പുതിയ കാലം. വിയർക്കാതെ ഉണ്ണുന്ന ആഘോഷത്തിന്റെ തിമിർപ്പാണ്. അതുകൊണ്ടു തന്നെ ഉത്സവം എന്ന വാക്കിന്റെ പൂർണ്ണത എല്ലാവരും അനുഭവിക്കുന്നത് ഇപ്പോഴാണ് എന്നു പറയാം. എങ്കിലും ഈ ആഡംബരങ്ങളുടെ ഭാഗമാകാൻ കഴിയാതെ വിഷമിക്കുന്നൊരു കൂട്ടരും സമൂഹത്തിലുണ്ട് എന്നത് മറക്കാൻ കഴിയില്ല.

സാമൂഹിക പ്രതിബദ്ധതയുള്ള ഭരണ സംവിധാനം പെൻഷനായും മറ്റ് വിധത്തിലും പാവങ്ങളെ പരമാവധി സഹായിക്കാൻ ശ്രമിക്കുന്നു എന്നതും പഴയകാലത്തിൽ നിന്നുള്ള മാറ്റമായി കാണാം. ഉത്രാട നാളിലെ അവസാനവട്ട വ്യാപാരത്തിന് ഉത്രാടപ്പാച്ചിൽ എന്നു പേരു നൽകിയത് ഏറ്റവും അനുയോജ്യമെന്നേ പറയാൻ കഴിയൂ. ആ പാച്ചിലിന് ഇന്നും മാറ്റമില്ലെന്നതും സ്മരണീയം. എവിടെ തിരിഞ്ഞു നോക്കിയാലും അവിടെയെല്ലാം മനുഷ്യർ പാഞ്ഞു നടക്കുന്ന ഒരു ദിനമാണ് ഉത്രാടം. ഈ ദിവസം ഏത്തക്കാ, മരച്ചീനി, ഉപ്പേരികൾ, ശർക്കരവരട്ടി, കളിയടയ്ക്ക, പരിപ്പുവട തുടങ്ങിയവ തയ്യാറാക്കും. കാരണവരുടെ സാന്നിധ്യം ഉണ്ടാകുന്നതും ഇവിടെയാണ്.



തിരുവോണനാളിൽ രാവിലെ ചൂൽ ഉപയോഗിച്ച് വീട് വൃത്തിയാക്കില്ല. തുമ്പയും മറ്റും ഉപയോഗിച്ചാണ് വൃത്തിയാക്കുക. മഹാബലി വരുന്ന ദിനം എന്ന സങ്കൽപ്പത്തിലാണിത്. വീടിനുമുമ്പിൽ മികച്ച പൂക്കളമൊരുക്കും. എല്ലാവരും കുളിച്ചൊരുങ്ങി പുതുവസ്ത്രം ധരിച്ച് വിപുലമായ സദ്യ കഴിക്കുന്ന ദിനം കൂടിയാണിത്. പിതൃക്കൾക്കും മഹാബലിക്കുമായി വിളക്കിനു മുന്നിൽ ഒരു സദ്യയൊരുക്കുകയും ചെയ്യാറുണ്ട്. സ്ത്രീകളെ സംബന്ധിച്ച് ഉച്ചവരെയുള്ള സമയം വിശ്രമമില്ലാത്തതാണ്. സദ്യ ഒരുക്കി കഴിയുന്നതോടെ അവർ സ്വതന്ത്രരാകും. സദ്യ ഉണ്ടാക്കുന്നത് ഒരാഘോഷമായാണ് എന്നതും എടുത്ത് പറയേണ്ടതാണ്. അന്നൊക്കെ അട വീട്ടിൽ തയ്യാറാക്കിയാണ് പ്രഥമനുണ്ടാക്കിയിരുന്നത്. സദ്യക്ക് ഉപ്പേരി, ശർക്കരവരട്ടി, പപ്പടം, പച്ചടി, കിച്ചടി, തോരൻ, അവിയൽ, മെഴുക്കുപുരട്ടി, കാളൻ, ഓലൻ,മാങ്ങ അച്ചാർ, നാരങ്ങാ അച്ചാർ, ഇഞ്ചി, പരിപ്പ്, നെയ്യ്, സാമ്പാർ, എരിശ്ശേരി, പുളിശ്ശേരി, രസം, മോര്, അടപ്രഥമൻ എന്നിവയുണ്ടാകും. നല്ല കുത്തരിച്ചോറാകും വിളമ്പുക. സദ്യ കഴിഞ്ഞാൽ ഉറക്കം വരും എങ്കിലും കളിക്കളത്തിലേക്ക് ഇറങ്ങുകയാണ് പതിവ്. സ്ത്രീകൾ അവരവരുടെ പരമ്പരാഗത കളികളിൽ വ്യാപൃതരാകുമ്പോൾ പുരുഷൻമാർ അവരവരുടെ വിനോദങ്ങളിൽ വ്യാപരിക്കും. വൈകിട്ടാണ് പുലികളി, കരടികളി തുടങ്ങിയ കലാരൂപങ്ങൾ അവതരിപ്പിക്കുക. വീടുവീടാന്തരം കയറി കളിക്കുമ്പോൾ അവിടെ നിന്നെല്ലാം നാണയം കിട്ടും. അത് ഒടുവിൽ വീതം വയ്ക്കുകയാണ് പതിവ്. ഓണാട്ടുകരയിൽ കരടികളിക്കായിരുന്നു പ്രാധാന്യം. വേഷം കെട്ടുന്ന കരടിക്കും മറ്റുള്ളവർക്കും കൂടുതൽ തുകകിട്ടും. സിനിമ കാണാനാണ് ഈ തുക വിനിയോഗിക്കുക. ഓണസദ്യയുടെ പ്രാധാന്യം ഇന്നും കുറഞ്ഞിട്ടില്ലെങ്കിലും സദ്യ കഴിക്കാനുള്ള അവസരം ഇന്നിപ്പോൾ കൂടിയിട്ടുണ്ട്. വിവാഹങ്ങളിലുള്ള വിപുലമായ സദ്യക്ക് പുറമെ വീടുകളിൽ എപ്പോൾ വേണമെങ്കിലും സദ്യയൊരുക്കാവുന്ന നിലയിൽ മലയാളികൾ ഭൂരിഭാഗവും സമ്പന്നരായി. ഹോട്ടലുകളിലും വലിയ സദ്യകൾ പതിവാണ്. എന്നാൽ ദാരിദ്ര്യത്തിന്റെ പഴയ നാളുകളിൽ ഇത്ര വിഭവസമൃദ്ധമായ സദ്യകൾ വീടുകളിൽ ഉണ്ടാക്കുന്നത് ഓണനാളുകളിൽ മാത്രമായിരുന്നു. ആഘോഷം അവിട്ടം, ചതയം, പൂരുരുട്ടാതി, ഉത്തൃട്ടാതി വരെ നീളും. പലയിടത്തും പലവിധമായ പ്രാദേശിക മേളകളും ഇതിനൊപ്പം ഉണ്ടാകാറുണ്ട്. മൂലം നാൾ മുതൽ വിവിധ ഇടങ്ങളിൽ നടക്കുന്ന വള്ളംകളിയുടെ സമാപനം ആറന്മുള ഉത്രട്ടാതിക്കായിരുന്നു. തൃശൂരിലെ കുമ്മാട്ടി, പുലികളി, കണ്ണൂരിലെ ഓണപ്പൊട്ടൻ തുടങ്ങിയ പ്രത്യേകതയുള്ള മറ്റു ചില കലാരൂപങ്ങളും ഓണത്തിന്റെ ഭാഗമാണ്.

ചരിത്രവും പശ്ചാത്തലവും എന്തു തന്നെയായാലും മലയാളിയും ഓണവും തമ്മിലുള്ള ഹൃദയബന്ധം ലോകം നിലനിൽക്കുവോളമുണ്ടാകും. ആഘോഷം നാൾക്കുനാൾ ജാജ്ജ്വല്യമാനമാകുമ്പോൾ ഓരോ തലമുറയും തന്റെ കുട്ടിക്കാലത്തെ ഓണത്തെ അയവിറക്കുകയും യൗവ്വന-വാർദ്ധക്യങ്ങളിലെ ഓണത്തെ ഉൾക്കൊള്ളുകയും ചെയ്യുമെന്നതിൽ സംശയമില്ല.

ലേഖകന്റെ ഫോൺ നം. 8547243716

പ്രതീഷ് ഡി. മണി

# ആറന്മുളയുടെ ഓണത്തിന്

ഓണക്കാലം ആറന്മുളയ്ക്ക് പൂവിളിയുടെയും ഓണപ്പാട്ടുകളുടെയും നാളുകളല്ല. ഇവിടെ ഉയരുന്നത് വഞ്ചിപ്പാട്ടിന്റെ ഈണവും വള്ളസദ്യയുടെ രുചിയുമാണ്. ഇക്കാലത്ത് പമ്പയാറ്റിലെ ഓളങ്ങൾക്കും ഇവിടത്തെ കാറ്റിനുപോലും വഞ്ചിപ്പാട്ടിന്റെ താളമുണ്ട്. വെള്ളം തെറ്റിത്തെറിപ്പിച്ച് ആർപ്പുവിളികളോടെ വരുന്ന പള്ളിയോടങ്ങളുടെ തലയെടുപ്പാണ് ആറന്മുളയുടെ ഓണത്തിന്. ക്ഷേത്രാചാരവും പൈതൃകവും സംസ്കാരവും വിളിച്ചോതുന്ന നാളുകളാണ് ആറന്മുളയെന്ന കൊച്ചു ഗ്രാമത്തിന് ഓണക്കാലം.

ചതയം നാളിൽ നാടാകെ ഓണത്തിന് തിരശീല വീഴുമ്പോൾ ആറന്മുളക്കാരുടെ ഓണം അവസാനിക്കുന്നത് ഉതൃട്ടാതി നാളിൽ വള്ളംകളിയോടു കൂടിയാണ്. ജലോത്സവം വിശ്വാസത്തോടൊപ്പം ഒരു കായികാഭ്യാസവുമാണ്.ഓരോ കൊല്ലവും വള്ളംകളിക്കുള്ള ഒരുക്കങ്ങൾ മാസങ്ങൾക്ക് മുമ്പേ തുടങ്ങുന്നു. അൻപതിലധികം കരകളിൽ നിന്ന് പള്ളിയോടങ്ങൾ തയ്യാറെടുക്കുന്നു. ആറന്മുള ക്ഷേത്രത്തിലാകട്ടെ വിഭവസമൃദ്ധമായ വള്ളസദ്യയുടെ നാളുകളുമാരംഭിക്കുന്നു. കരകളിൽ നിന്ന് വഞ്ചിപ്പാട്ടുപാടി പമ്പയാറ്റിലൂടെ വള്ളസദ്യയ്ക്കെത്തുന്നവരെ ക്ഷേത്രക്കടവിൽ സ്വീകരിച്ചാനയിക്കുന്നു. ആറന്മുളയപ്പന്റെ മുന്നിൽ വിളക്ക് തെളിയിച്ച് വഞ്ചിപ്പാട്ട് ആലപിച്ചാണ് സദ്യപ്പന്തലിലേക്ക് തുഴച്ചിൽകാരും ദേശക്കാരും കയറുന്നത്. അഷ്ടമിരോഹിണി ദിനത്തിൽ നടക്കുന്ന വള്ളസദ്യയിൽ ക്ഷേത്രമതിൽക്കെട്ടിനുള്ളിലെ വെറുംമണ്ണിൽ എല്ലാതരക്കാരും ഒരുമിച്ചിരിക്കും. അവിടെ വ്യത്യാസങ്ങളില്ല. എല്ലാവരും ഒന്നാണെന്ന മഹദ്സത്യമാണ് ഇതിലൂടെ വെളിപ്പെടുന്നത്. കരിമ്പ് മുതൽ പായസം വരെ വിവിധഇനങ്ങൾ തൂശനിലയിൽ വിളമ്പുന്നു. വള്ളസദ്യയുടെ പെരുമ ദേശങ്ങൾ കടന്നതിനാൽ നൂറു കണക്കിനാളുകളാണ് ഈ ദിവസങ്ങളിൽ ആറന്മുളയിലെത്തുന്നത്. സദ്യയിൽ ഓരോ കറിയ്ക്കും അതിന്റേതായ സ്ഥാനമുണ്ട്. വള്ളസദ്യയിൽ കറികളെ മൂന്നായി തരംതിരിച്ചിരിക്കുന്നു. തൊടുകറികൾ, ചാറു കറികൾ, കൂട്ടുകറികൾ എന്നിങ്ങനെയാണത്. കായനുറുക്ക്, ശർക്കരവരട്ടി, കൊണ്ടാട്ടം, ചേന നുറുക്ക് എന്നിവയാണ് ഇലയിൽ ആദ്യം വിളമ്പുന്നത്. നാക്കിലയുടെ ഇടതുവശത്താണ് ഇവയുടെ സ്ഥാനം. ഇതിനു ശേഷം ഇഞ്ചിപ്പുളി, അച്ചാറുകൾ എന്നിവ വിളമ്പും. ഇലയുടെ മധ്യഭാഗത്ത് നിന്ന് വലതുഭാഗത്തേക്ക് കൂട്ടുകറികളായ അവിയൽ, തോരൻ, കാളൻ എന്നിവ വിളമ്പും. വഞ്ചിപ്പാട്ട് പാടിയാണ് ദേശക്കാരും തുഴച്ചിൽകാരും കറികൾ ആവശ്യപ്പെടുന്നത്.

മറ്റു സ്ഥലങ്ങളിലെ വള്ളംകളികളിൽ



മത്സരിക്കുന്ന വള്ളങ്ങളിൽ നിന്ന് ഏറെ വ്യത്യസ്തമാണ് ആറന്മുളയിലെ പള്ളിയോടങ്ങൾ. പള്ളിയോടങ്ങളുടെ അമരവും കൂമ്പും വെള്ളത്തോട് ചേർന്ന് കിടക്കുന്നു. വള്ളത്തിന്റെ മുന്നിൽ രണ്ടു ഭാഗം മാത്രമേ ജലത്തിൽ സ്പർശിക്കൂ.വള്ളങ്ങൾക്ക് വീതി കൂടുതലാണ്. അനന്തശയനാകൃതിയിലെ ഒരു പള്ളിയോടത്തിൽ 100 പേർ കയറും. നാല് അമരക്കാരുണ്ടാവും. 12 അടി നീളമുള്ള തുഴക്കോൽ കൊണ്ട് ഇവരാണ് വള്ളത്തെ നിയന്ത്രിക്കുന്നത്. രണ്ടു വരിയിലായി 64 തുഴക്കാർ ഇരിക്കും. ഇവർ 64 കലകളെ പ്രതിനിധാനം ചെയ്യുന്നുവെന്നാണ് വിശ്വാസം.

പള്ളിയോടങ്ങളുടെ രൂപം ആറന്മുളയപ്പൻ മുണ്ടയ്ക്കൽ തച്ചന് സ്വപ്നദർശനത്തിൽ നൽകിയതാണെന്നാണ് വിശ്വാസം. കൊടിയും അമരച്ചാർത്തും കൊണ്ട് അലങ്കരിച്ച പള്ളിയോടങ്ങൾ പ്രപഞ്ചത്തിന്റെ പ്രതിരൂപങ്ങളാണെന്നാണ് കരുതുന്നത്. നാല് അമരക്കാർ നാല് വേദങ്ങളെയും കൂമ്പിലിരിക്കുന്ന എട്ടു തുഴക്കാർ അഷ്ടദിക്പാലകൻമാരെയും അമരത്തിന്റെ ഇരുവശത്തുമുള്ള കുമിളകൾ സൂര്യനെയും ചന്ദ്രനെയും പ്രതിനിധീകരിക്കുന്നുവെന്നാണ് വ്യാഖ്യാനം. പള്ളിയോടം ആറന്മുളയപ്പന്റെ വാഹനമാണെന്നും ഇതിൽ ദേവന്റെ സാന്നിധ്യമുണ്ടാവുമെന്നും വിശ്വസിക്കുന്നു.

കാട്ടൂർ മനയിലെ നമ്പൂതിരിയുമായി ബന്ധപ്പെട്ടതാണ് ആറന്മുള വള്ളംകളിയുടെ ഐതീഹ്യം. ദിവസേന ഒരു തീർത്ഥാടകന് തന്റെ വീട്ടിൽ ഭക്ഷണം നൽകുക നമ്പൂതിരിയുടെ പതിവായിരുന്നു. ഒരു ദിവസം തീർത്ഥാടകരെ ആരേയും കണ്ടില്ല. ഏറെ നേരത്തെ കാത്തിരിപ്പിനൊടുവിൽ ഒരാളെത്തി. ഭക്ഷണത്തിന് ശേഷം വീണ്ടും വരണമെന്ന് പറഞ്ഞപ്പോൾ അത് സാധ്യമല്ലെന്ന് തീർത്ഥാടകൻ അറിയിച്ചു. ആറന്മുള ക്ഷേത്രത്തിൽ വന്നാൽ തന്നെ കാണാമെന്ന് പറഞ്ഞ് മറഞ്ഞു. അപ്പോഴാണ് ശ്രീകൃഷ്ണ ഭഗവാനാണ് തീർത്ഥാടകനായെത്തിയതെന്ന് നമ്പൂതിരിക്ക് മനസിലായത്. ഇതിനു ശേഷം എല്ലാ വർഷവും നമ്പൂതിരി ഭക്ഷണവുമായി ആറന്മുള ക്ഷേത്രത്തിലെത്താൻ തുടങ്ങി. കള്ളൻമാരുടെ ശല്യമുണ്ടാവാതിരിക്കാൻ വലിയ വള്ളങ്ങളിൽ അകമ്പടിയുമുണ്ടായി. ഇതാണ് പള്ളിയോടങ്ങളും വള്ളസദ്യയുമായി ബന്ധപ്പെട്ട ഐതീഹ്യം.

ആറന്മുളയിലെ വള്ളംകളിക്ക് വേഗത്തിന്റെ ആവേശമല്ല, മറിച്ച് ഭക്തിയുടെ നിർവൃതിയാണുള്ളത്. നാലു വീതം വള്ളങ്ങളാണ് ഒരു ഹീറ്റ്സിലുള്ളത്. വഞ്ചിപ്പാട്ട് താളത്തിൽ പാടി ആചാരരീതികൾക്കനുസൃതമായി നീങ്ങുന്ന വള്ളമാണ് വിജയിക്കുക. സെമിഫൈനലുകളിലെ വിജയികൾ ഫൈനലിൽ ഏറ്റുമുട്ടി ട്രോഫി സ്വന്തമാക്കും. ഓരോ കരക്കാർക്കും വള്ളംകളി അഭിമാനപ്രശ്നമാണ്. സത്രക്കടവിൽ മാത്രമല്ല, പമ്പാനദിയുടെ ഇരുകരകളിൽ വള്ളംകളി കാണാൻ ജനം തടിച്ചുകൂടും. ദൂരദേശങ്ങളിൽ നിന്നു പോലും ജനമൊഴുകിയെത്തും. ആറന്മുള ഗ്രാമത്തിന്റെ ഉത്സവം ശരിക്കും അന്നാണ്. പമ്പയിലെ ഓളങ്ങൾ പോലെ ജനം ആറന്മുളയുടെ വീഥികളിലൂടെ ഒഴുകി നീങ്ങും.

ഉത്തൃട്ടാതി നാളിൽ തലയെടുത്തു പിടിച്ച് പള്ളിയോടങ്ങൾ ക്ഷേത്രത്തിന് മുന്നിലെത്തും. പമ്പയാറിനെ കീറിമുറിച്ച് നാടിനെ ആവേശത്തതിലാഴ്ത്തി അവ കുതിച്ചുപായും. കൈമെയ് മറന്ന് തുഴക്കാർ തുഴ കുത്തിയെറിയും. ആരവങ്ങളടങ്ങുമ്പോൾ അടുത്ത വർഷത്തെ വള്ളംകളിയ്ക്കെത്തുമെന്ന് മനസിലുറപ്പിച്ച് വീടുകളിലേക്ക് മടങ്ങും. അന്തരീക്ഷത്തിൽ അപ്പോഴും വഞ്ചിപ്പാട്ടിന്റെ ശീലുകളുയരും.

"പറഞ്ഞതങ്ങനെ തന്നെ
തെയ്തെയ് തക തെയ്തെയ്തോം...
പറഞ്ഞതങ്ങനെതന്നെ...
തിത്തി താതി തെയ്തെയ്
പറഞ്ഞതങ്ങനെതന്നെ
പാതിരാവായല്ലോ പത്നി..."

ലേഖകന്റെ ഫോൺ നം. 9447313001

# വഞ്ചിപ്പാട്ടിന്റെ താളം



പി.എസ്. രാജീവ്

# നമുക്ക് വേണ്ടത് ഹരിത നിർമ്മാണ ശൈലി

നമ്മുടെ രാജ്യം സാമ്പത്തികമായി അതിവേഗം വളരുന്ന ഈ കാലഘട്ടത്തിൽ നിർമ്മാണ മേഖലയും അതിനൊപ്പം വളരുകയാണ്. രാജ്യത്തിന്റെ വളർച്ചയിൽ നിർമ്മാണ മേഖലക്കുള്ള പങ്ക് വളരെ വലുതാണ്. എന്നാൽ, ഫലപ്രദമായ നിയന്ത്രണങ്ങളുടെ അഭാവത്തിൽ അതിവേഗം വളരുന്ന ഈ മേഖല നമുക്കും പരിസ്ഥിതിക്കും ഏൽപ്പിക്കുന്ന ആഘാതം ലഘുവല്ലെന്ന് കാണാം.

- പ്രകൃതിജന്യ വിഭവങ്ങളായ മണ്ണ്, മരം, പാറ ഇവ നിർമ്മിതികൾക്കായി വലിയ തോതിൽ ഉപയോഗിക്കുന്നു.
- ഉത്പാദിപ്പിക്കപ്പെടുന്ന ഊർജ്ജത്തിന്റെ പകുതിയും ശുദ്ധ ജലത്തിന്റെ 40%വും നിർമ്മിതികൾക്കായി വേണ്ടി വരുന്നു.
- അസംസ്കൃത വസ്തുക്കളുടെ ഏകദേശം 50% നിർമ്മിതികൾക്കായി വിനിയോഗിക്കുന്നു.
- കൂടാതെ 50 ശതമാനം അന്തരീക്ഷ മലിനീകരണത്തിനും 50 ശതമാനം ജലമലിനീകരണത്തിനും നിർമ്മിതികൾ കാരണമാകുന്നു.
- 50% ഖരമാലിന്യങ്ങൾക്ക് കാരണമാകുന്നത് നിർമ്മിതികളാണ്.
- 40% ഹരിതഗൃഹ വാതങ്ങളുടെ പുറന്തള്ളലിനും 50% സി.എഫ്.സി (കാർബൺ ഫ്ളൂറോ കാർബൈഡ് - എസി കളിൽ നിന്നും മറ്റും ഉണ്ടാകുന്ന വാതകങ്ങൾ) യുടെ പുറന്തള്ളലിനും നിർമ്മിതികളാണ് പ്രധാന കാരണം.

## സുസ്ഥിര ആവാസ വ്യവസ്ഥയും വികസനവും

ഈ സാഹചര്യത്തിലാണ് സുസ്ഥിര വികസനമെന്ന ആശയത്തിന് പ്രാധാന്യമുണ്ടാകുന്നത്. സുസ്ഥിര വികസനമെന്നാൽ (substainable development) ഭാവിതലമുറയുടെ ആവശ്യങ്ങൾ കാര്യക്ഷമമായി നിറവേറ്റുവാനുള്ള സാഹചര്യങ്ങൾ നിലനിർത്തിയും അവക്ക് ഭംഗമേൽപ്പിക്കാതെയും ഇന്നത്തെ ആവശ്യങ്ങൾ ഫലപ്രദമായി നിവർത്തിക്കുകയും ചെയ്യുക എന്ന ആശയമാണ്. ലോകമെമ്പാടും സുസ്ഥിരവികസനം എന്ന ആശയം ഇന്ന് വലിയ തോതിൽ പിന്തുടർന്നു വരുന്നു.

ഹരിത നിർമ്മാണ തത്വങ്ങളുടെ അടിസ്ഥാനം ഈ ആശയം തന്നെയാണ്. ഈ ആശയം പ്രായോഗികമായി നടപ്പാക്കുവാൻ കഴിയുന്ന പദ്ധതികളാണ് ഹരിത നിർമ്മാണ രീതിയിൽ ഉൾപ്പെടുത്തുക. പൊതുവായി പറഞ്ഞാൽ ഈ വ്യവസ്ഥയിൽ

- പരിസ്ഥിതി സൗഹൃദങ്ങളായ നിർമ്മിതികൾക്കും അവയുടെ നടത്തിപ്പിനും ഊന്നൽ നൽകുന്നു.
- ഊർജ്ജ സ്വയം പര്യാപ്തത ലക്ഷ്യമിടുന്നു.
- ജല സ്വയംപര്യാപ്തത ലക്ഷ്യമിടുന്നു.
- പരിസ്ഥിതിക്കുണ്ടാകുന്ന ആഘാതം ലഘൂകരിക്കുക വഴി ആരോഗ്യകരമായ അന്തരീക്ഷം നിർമ്മിതികൾക്കുള്ളിലും പുറത്തും നിലനിർത്തുവാൻ ശ്രമിക്കുന്നു.
- മാലിന്യ സംസ്കരണത്തിലൂടെയും പുനർചാക്രീകരണത്തിലൂടെയും മലിനീകരണത്തിന്റെ തോത് വലിയ അളവിൽ കുറക്കുവാൻ കഴിയുന്നു.
- ഒരു നിർമ്മിതി കുറഞ്ഞത് ഒന്നോ രണ്ടോ തലമുറക്ക് സേവനം അനുഷ്ഠിക്കുവാനുള്ളതാണ്. ഒരു നിർമ്മിതിയുടെ സുസ്ഥിരമായ പ്രകടനത്തിന്
- ഊർജ്ജ ഉപയോഗം
- ജല ഉപയോഗം
- നിർമ്മാണത്തിനുവേണ്ടിയുള്ള അസംസ്കൃത വസ്തുക്കൾ
- ഭൂവിനിയോഗം
- പരിസ്ഥിതിക്കേൽപ്പിക്കുന്ന ആഘാതം
- അടിസ്ഥാന സൗകര്യങ്ങൾക്കേൽപ്പിക്കുന്ന ആഘാതം
- സാമൂഹിക സാംസ്കാരികപരവുമായിട്ടുള്ള പ്രവർത്തനങ്ങളും നടത്തിപ്പും.
- നിർമ്മിതിക്കുള്ളിലെയും പുറത്തെയും

അന്തരീക്ഷത്തിന്റെ ആകർഷണീയത
- സാമ്പത്തികം എന്നിവ ഏറെ പ്രാധാന്യമർഹിക്കുന്നവയാണ്.

## ഹരിത നിർമ്മിതികൾ

സുസ്ഥിര ആവാസ വ്യവസ്ഥയുടെ ആശയങ്ങൾക്ക് അനുസൃതമായി ഉയർന്ന പ്രായോഗിക ക്ഷമതയോടുകൂടിയ നിർമ്മിതികളാണ് ഹരിത നിർമ്മിതികൾ. പരിസ്ഥിതി സൗഹൃദവും ഊർജ്ജക്ഷമവുമാണ് ഇവ. പ്രകൃതിജന്യ വസ്തുക്കളുടെയും മറ്റു നിർമ്മാണ സാമഗ്രഹികളുടേയും പുനരുപയോഗവും പുനർചക്രീകരണം (Recycling) നടത്തിയതും നടത്താവുന്നതുമായ വസ്തുക്കൾ ഉൾപ്പെടുത്തിയുമുള്ള ഒരു നിർമ്മാണ രീതിയാണ് ഇവിടെ അവലംബിക്കുക. പാരമ്പര്യേതര ഊർജ്ജത്തിന്റെ പരമാവധി ചൂഷണം, കാര്യക്ഷമമായ ജല ഉപഭോഗം, മാലിന്യ നിർമ്മാർജ്ജനം ഇവയും ഹരിത നിർമ്മിതികളുടെ പ്രത്യേകതകളാണ്.

## ഹരിത നിർമ്മിതികളുടെ ലക്ഷ്യങ്ങൾ

- പരിസ്ഥിതിക്കുണ്ടാവുന്ന ആഘാതം ലഘൂകരിക്കുക
- അന്തരീക്ഷ, ജല മലിനീകരണത്തിന്റെ തോത് കുറക്കുക.
- മെച്ചപ്പെട്ട ജീവിത സാഹചര്യം സാദ്ധ്യമാക്കുക വഴി സാമൂഹിക സാമ്പത്തിക രംഗത്തും മാറ്റമുണ്ടാക്കുക.

## ഹരിതനിർമ്മിതികളുടെ നേട്ടങ്ങൾ

- 40 ശതമാനം വരെയെങ്കിലും വൈദ്യുതി ഉപഭോഗം കുറയുന്നു.
- പ്രധാന വൈദ്യുത ലൈനുകളുടെ ആശ്രയത്വം അതുമൂലം കുറക്കുവാൻ കഴിയുന്നു.
- 40% ജലത്തിന്റെ ഉപഭോഗം കുറക്കുവാൻ കഴിയുന്നു.
- ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങളുടെ അളവ് കുറയുന്നു, പുനർചാക്രീകരണം നടത്താവുന്നവ വീണ്ടും ഉപയോഗിക്കുന്നു.
- അന്തരീക്ഷ മലിനീകരണം കുറയുന്നു.
- തൊഴിലാളികളുടേയും അന്തേവാസികളുടേയും സുരക്ഷ ഉറപ്പുവരുത്തുവാൻ കഴിയുന്നു.
- ഒ.ഡി.പി വസ്തുക്കളുടെ (ഓസോൺ പാളിയിൽ വിള്ളൽ വീഴ്ത്തുവാൻ കഴിവുള്ള വസ്തുക്കൾ) ഉപയോഗം കുറയുന്നു.
- ഒരു സ്ഥാപനത്തിന്റേയോ പ്രസ്ഥാനത്തിന്റേയോ പ്രതിച്ഛായ വർദ്ധിക്കുന്നു.

## ഇന്ത്യയിലെ ഹരിത നിർമ്മാണ പ്രവർത്തനങ്ങൾ

- 2001 ൽ ഇന്ത്യൻ ഗ്രീൻ ബിൽഡിംഗ് കൗൺസിൽ (ഐ.ജി.ബി.സി) രൂപീകരിക്കപ്പെട്ടു.
- ഹൈദരാബാദിലെ ഗോദ്റെജിന്റെ ആസ്ഥാനമന്ദിരം ഹരിത നിർമ്മാണ തത്ത്വങ്ങൾക്കനുസൃതമായി 2003 –ൽ പൂർത്തിയാക്കി.
- നഗരകാര്യ വകുപ്പ്, പാരമ്പര്യേതര ഊർജ്ജ വകുപ്പ് എന്നിവ ഹരിത നിർമ്മാണ തത്ത്വങ്ങൾ നിർമ്മിതികൾക്കും പ്രോത്സാഹനം നൽകുവാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇന്ത്യയിലെ പല നഗരങ്ങളിലും ഹരിത നിർമ്മാണങ്ങൾക്ക് ഫ്ളോറേറിയ റേഷ്യോയിൽ ഇളവുനൽകിയിട്ടുണ്ട്.
- ഐ.ജി.ബി.സി ലീഡ് എന്ന നിലവാര വ്യവസ്ഥയും എനർജി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (TERI) MNRE (Ministruy of New and Renewable energy) യുടെ സഹായത്തോടെ ഗ്രീഹ നിലവാര വ്യവസ്ഥയും രൂപപ്പെടുത്തി.
- നിലവിൽ സി.പി.ഡബ്ല്യു.ഡി ഹരിത നിർമ്മാണ തത്വങ്ങൾ ഉപയോഗപ്പെടുത്തിയുള്ള നിർമ്മാണങ്ങൾ നടത്തി വരുന്നുണ്ട്.

## ഹരിത നിർമ്മാണം നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട സംഗതികൾ

- സുസ്ഥിരമായ ഭൂവിനിയോഗം

(എ) ഇതിൽ സ്ഥലത്തെ നിർമ്മാണ ഭൂവിനിയോഗ ചട്ടങ്ങൾ എല്ലാം തന്നെ



**ഒരു നിർമ്മിതി കുറഞ്ഞത് ഒന്നോ രണ്ടോ തലമുറക്ക് സേവനം അനുഷ്ഠിക്കുവാനുള്ളതാണ്.**



തെ കാര്യക്ഷമമായ ഊർജ്ജ ഉപയോഗം മൂലം ഉണ്ടാകുന്ന നേട്ടങ്ങൾ കൂടി ഇവിടെ ഉൾപ്പെടുത്താൻ കഴിയും.

കേരളത്തിന്റെ കാലാവസ്ഥയനുസരിച്ച് സൂര്യതാപം നമ്മുടെ ദൈനംദിന ഊർജ്ജാവശ്യങ്ങൾക്ക് വളരെ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽസൗരോർജ്ജം കൊണ്ട് പ്രവർത്തിക്കുന്ന വിളക്കുകൾ, എയർകണ്ടീഷണറുകൾ, വെള്ളം ചൂടാക്കുവാനുള്ള വസ്തുതകൾ ഇവയുടെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുവാനാകുന്നതാണ്.

കൂടാതെ കാറ്റ്, മലിന്യസംസ്കരണത്തിലൂടെ ലഭിക്കുന്ന ഊർജ്ജം ഇവ പ്രയോജനപ്പെടുത്തുവാൻ കഴിയും. ഇവയെല്ലാം തന്നെ പരിമിതമായ തോതിൽ ഇപ്പോൾ തന്നെ ഉപയോഗപ്പെടുത്തി വരുന്നുണ്ട്.

- താൽക്കാലികമായി ഇവയുടെ ഉപയോഗ ചെലവ് കൂടിയിരുന്നാൽപ്പോലും ഈ വസ്തുക്കൾ തന്നെ ഉപയോഗിക്കാൻ ശ്രമിക്കണം.
- സി.എഫ്.സി (കാർബൺ ഫ്ളൂറോ കാർബൈഡ്) & ഒ.ഡി.പി ( Ozone depleting particles) എന്നിവ ഉത്പാദിപ്പിക്കുന്ന വസ്തുക്കളുടെ ഉപയോഗം കുറക്കുക.
- അതാത് സ്ഥലത്ത് സുലഭമായി ലഭ്യമായതും ഈടുള്ളതും പുനരുപയോഗം സാദ്ധ്യമായതുമായ വസ്തുക്കൾ തിരഞ്ഞെടുക്കുക.

നിലവിലെ സ്ഥിതിയനുസരിച്ച് ഫ്ളൈ ആഷ്/ അനുബന്ധ വസ്തുക്കളും പ്രകൃതിജന്യവസ്തുക്കളായ പാറ, വെട്ടുകല്ല്, ചെളി, മുള, റബ്ബർ, തടി മുതലായവ ഹരിത



പാലിക്കപ്പെടുമെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(ബി) നിലവിലെ ഭൗതിക സാഹചര്യങ്ങളോടും അടിസ്ഥാന സൗകര്യങ്ങളോടുമുള്ള പൊരുത്തം

(സി) സ്ഥലത്തെ കാലാവസ്ഥക്കനുകൂലമായ നിർമ്മിതി, നിലവിലെ ഭൂപ്രകൃതി നിലനിർത്തിക്കൊണ്ടുള്ള രൂപകല്പന, വൃക്ഷങ്ങളും പച്ചപ്പും ഈർപ്പമുള്ള ഭൂമിയും നിലനിർത്തിക്കൊണ്ടുള്ള സൈറ്റ് പ്ലാനിംഗ് എന്നിവ

(ഡി) പരമാവധി ജലം നിലത്തിലേക്ക് ഊർന്ന് പോകത്തക്ക രീതിയിൽ ക്രമീകരിച്ചിരിക്കുന്ന നിലം പാകൽ.

- യാഥാർത്ഥ്യ ബോധമുള്ളതും കാലാവസ്ഥക്കിണങ്ങുന്നതുമായ രൂപകല്പന
- നമ്മുടെ സാഹചര്യത്തിൽ സൗരോർജ്ജം പരമാവധി ഉപയോഗപ്പെടുത്തിയുള്ള ഡിസൈൻ
- ജനലുകളുടേയും തുറപ്പുകളുടേയും (openings) ഫലപ്രദമായ വിന്യാസം
- കാര്യക്ഷമമായ വെളിച്ച വിന്യാസവും എയർകണ്ടീഷനിംഗും
- അമിതോപയോഗം കുറക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള മാർഗ്ഗങ്ങൾ
- നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളുടെയും ടൗൺ പ്ലാനിംഗ് പദ്ധതികളുടേയും അന്തഃസത്ത ഉൾക്കൊണ്ടുള്ള രൂപകല്പന.
- ആവശ്യങ്ങൾക്ക് മാത്രം ഉതകത്തക്ക രീതിയിലുള്ള നിർമ്മാണം
- ജലത്തിന്റെ ഫലപ്രദമായ ഉപഭോഗം
- മാലിന്യനിയന്ത്രണ മാർഗ്ഗങ്ങളും സംസ്കരണത്തിനുള്ള മാർഗ്ഗങ്ങളും.
- പാരമ്പര്യ വാസ്തു ശില്പ ശൈലികൾ
- അതാതു സ്ഥലത്ത് സുലഭമായി ലഭിക്കുന്ന വസ്തുക്കൾ ഉപയോഗപ്പെടുത്തിയുള്ള നിർമ്മാണ രീതി.

മേൽ പറഞ്ഞ വസ്തുതകൾ ഒരു ഹരിത നിർമ്മാണ രൂപകല്പനാ വേളകളിൽ ഉപയോഗപ്പെടുത്തേണ്ടതാണ്. കൂടാ അവ വലിയ തോതിൽ ഉപയോഗപ്പെടുത്തുവാൻ കഴിയും.

കാര്യക്ഷമമായ ജലത്തിന്റെ ഉപഭോഗം, ആവശ്യത്തിനുമാത്രം ജലം ഉപയോഗിക്കുക, കാര്യക്ഷമമായ വസ്തുക്കൾ ഉപയോഗപ്പെടുത്തുക വഴി പാഴായിപ്പോകുന്ന ജലത്തിന്റെ അളവ് കുറക്കുക, ലാന്റ് സ്കേപ്പിംഗിനുപയോഗിക്കുന്ന ജലത്തിന്റെ അളവ് കുറക്കുക, ജല സംസ്കരണവും സംഭരണവും നടപ്പാക്കുക എന്നീ മാർഗ്ഗങ്ങൾ അവലംബിക്കുക വഴി ജലത്തിന്റെ ദൗർലഭ്യം ഒരു പരിധിവരെ നേരിടുവാൻ കഴിയും.

## സുസ്ഥിര വികസനത്തിനുതകുന്ന നിർമ്മാണ സാമഗ്രഹികൾ

- ഉത്പാദിപ്പിക്കുവാൻ ഉപയോഗിക്കുന്ന ഊർജ്ജത്തിന്റെ അളവ് പരമാവധി കുറഞ്ഞ നിർമ്മാണ സാമഗ്രഹികൾ ഉപയോഗിക്കുക

നിർമ്മാണത്തിന് ഉപയോഗപ്രദമാക്കാം. കൂടാതെ പലതരം വ്യവസായങ്ങളുടെ ഉപോത്പന്നങ്ങളായ ജിപ്സം, മുതലായവയും ഉപയോഗപ്പെടുത്താം.

## വെളിച്ച വിന്യാസം

- ഇ.സി.ബി.സി (Energy Conservation Building code) അനുസരിച്ചുള്ള നിർബന്ധ വ്യവസ്ഥകൾ പ്രാബല്യത്തിൽ വരുത്തുക വഴി ഊർജ്ജ സംരക്ഷണത്തിൽ നല്ലൊരു മുന്നേറ്റം നടത്താൻ കഴിയും.
- ഒരു സ്ഥലത്തേക്ക് ആവശ്യമായ മാത്രം വെളിച്ച വിന്യാസം രൂപപ്പെടുത്തുകയും അതനുസരിച്ചുള്ള സാമഗ്രഹികൾ ഉപയോഗിച്ചും വൈദ്യുതിയുടെ അളവ് പരമാവധി കുറക്കുവാൻ കഴിയും.
- ബാഹ്യ സ്ഥലത്തുള്ള വെളിച്ച വിന്യാസത്തിനും പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുവാൻ കഴിയും.



**കേരളത്തിലെ കാലാവസ്ഥയനുസരിച്ച് സൂര്യതാപം നമ്മുടെ ദൈനംദിന ഊർജ്ജാവശ്യങ്ങൾക്ക് വളരെ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ സൗരോർജ്ജം കൊണ്ട് പ്രവർത്തിക്കുന്ന വിളക്കുകൾ, എയർ കണ്ടീഷണറുകൾ, വെള്ളം ചൂടാക്കുവാനുള്ള വസ്തുതകൾ ഇവയുടെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുവാനാകുന്നതാണ്.**

- തനിയെ പ്രവർത്തിക്കുന്ന നിയന്ത്രണ വസ്തുക്കൾ ഉപയോഗപ്പെടുത്തി വൈദ്യുതി പാഴായിപ്പോകുന്നത് ഒരു പരിധിവരെയെങ്കിലും തടയാൻ കഴിയും.

### മാലിന്യ നിർമ്മാർജ്ജനവും സംസ്കരണവും

- നിർമ്മാണ വേളയിൽ ഉണ്ടാകുന്ന മാലിന്യങ്ങളുടെ അളവ് പരിമിതപ്പെടുത്തുക.
- ഫലപ്രദമായ രീതിയിൽ മാലിന്യം തരംതിരിക്കുക
- ഫലപ്രദമായ രീതിയിൽ മാലിന്യങ്ങൾക്കനുസരിച്ചുള്ള നിർമ്മാർജ്ജന പ്രക്രിയ
- പുനർചാക്രീകരണം നടത്തുവാൻ കഴിയുന്നവയുടെ പുനരുപയോഗം
- സുരക്ഷിതമായ നിർമ്മാർജ്ജന പദ്ധതികൾ
- ഊർജ്ജം ലഭ്യമാക്കുവാൻ കഴിയുന്ന മലിന്യങ്ങളിൽ നിന്ന് ഊർജ്ജോത്പാദനം.

### ഒരു ഹരിത നിർമ്മിതി യാഥാർത്ഥ്യമാക്കുവാനുള്ള നടപടികൾ

ഒരു നിർമ്മിതിയുടെ രൂപകല്പനാ വേളയിൽത്തന്നെ ഹരിത നിർമ്മാണ തത്ത്വങ്ങൾ സ്വീകരിച്ചു തുടങ്ങേണ്ടതാണ്. സമഗ്രമായ രൂപകല്പനാ സിദ്ധാന്തങ്ങൾ - പ്രാഥമിക വാസ്തു ശില്പ സിദ്ധാന്തങ്ങൾ ഉൾപ്പെടെ- സ്വീകരിച്ചുകൊണ്ടും ആർക്കിടെക്ട്, എൻജിനീയർ, മറ്റു സാങ്കേതിക വിദഗ്ദർ, കോൺട്രാക്ടർ, തൊഴിലാളികൾ എന്നിവരുടെയെല്ലാം കൂട്ടായ പരിശ്രമത്തിൽ കൂടി മാത്രമേ ഒരു ഹരിത നിർമ്മിതി സാദ്ധ്യമാകൂ. നിർമ്മാണം കഴിഞ്ഞ് ആ നിർമ്മിതിയിൽ വസിക്കുന്നവരുടെയും ഉപയോഗിക്കുന്നവരുടെയും കൂടി ആത്മാർത്ഥമായ സഹകരണം കൂടിയുണ്ടെങ്കിൽ മാത്രമേ ഹരിത നിർമ്മിതിയെന്ന പദവി നിലനിർത്തുവാനും കഴിയുകയുള്ളൂ. കൂടാതെ മേൽപ്പറഞ്ഞ സാങ്കേതിക തത്ത്വങ്ങളെയെല്ലാം തന്നെ പല വിധത്തിൽ ഈ നിർമ്മിതികൾക്ക് ഉപയോഗപ്പെടുത്തേണ്ടതാണ്.

### ഗ്രിഹ (GRIHA) നിലവാര വ്യവസ്ഥ

ഗ്രീൻ റേറ്റിംഗ് ഫോർ ഇന്റഗ്രേറ്റഡ് ഹാബിറ്റാറ്റ് അസസ്സ്മെന്റ് എന്നതിന്റെ ചുരുക്കെഴുത്താണ് ഗ്രിഹ (ജി.ആർ.ഐ.എച്ച്.എ) എനർജി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചെടുത്തതും എം.എൻ.ആർ.ഇ (Ministry of new and Renewable Energy) അംഗീകരിച്ചതുമായ ഒരു നിലവാര വ്യവസ്ഥ ഭാരതീയ സാഹചര്യങ്ങളോട് ഇണങ്ങുന്ന വിധത്തിൽ ഹരിത നിർമ്മിതികളുടെ റേറ്റിംഗ് നിശ്ചയിക്കുവാൻ നിലവിലുണ്ട്. ഇവയുടെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ആദർശ് (Association for Development and research & suitable Habitat) ആണ് ഹരിത നിർമ്മിതികൾക്കുള്ള നിലവാരം നിശ്ചയിച്ച് അംഗീകാരം നൽകുന്നത്.

34 വ്യവസ്ഥകളിലായി 104 പോയിന്റുകൾ ലഭിക്കുവാൻ കഴിയുന്ന രീതിയിലാണ് നിലവാര വ്യവസ്ഥ ചിട്ടപ്പെടുത്തിയിട്ടുള്ളത്. പ്രാദേശികമായ ചില വ്യതിയാനങ്ങൾ ഉണ്ടെങ്കിൽ കൂടി എം.എൻ.ആർ.ഇ അംഗീകരിച്ച ഈ നിലവാര വ്യവസ്ഥ കേരളത്തിന്റെ ഹരിത നിർമ്മാണ നയത്തിന്റെ ഭാഗമായി സ്വീകരിക്കാൻ കഴിയും.

ഒരു ഹരിത നിർമ്മിതി എന്ന പദവി ലഭിക്കുവാൻ കുറഞ്ഞത് 50 പോയിന്റുകളെങ്കിലും ലഭിക്കേണ്ടതാണ്.

| | | |
|---|---|---|
| 50-60 | പോയിന്റുകൾ | ഒരു നക്ഷത്ര പദവി |
| 61-70 | പോയിന്റുകൾ | 2 നക്ഷത്ര പദവി |
| 71-80 | പോയിന്റുകൾ | 3 നക്ഷത്ര പദവി |
| 81-90 | പോയിന്റുകൾ | 4 നക്ഷത്ര പദവി |
| 91-100 | പോയിന്റുകൾ | 5 നക്ഷത്ര പദവി |

പരമ്പരാഗത നിർമ്മിതികളെ അപേക്ഷിച്ച് ഹരിത നിർമ്മിതികൾക്ക് സാഹചര്യത്തിനനുസൃതമായി 20% വരെയെങ്കിലും കൂടുതൽ ചെലവ് പ്രതീക്ഷിക്കാം. എന്നിരുന്നാലും കുറഞ്ഞ പ്രവർത്തന ചെലവും കാര്യക്ഷമമായ ഊർജ്ജ ഉപഭോഗവും പരോക്ഷമായി ലഭിക്കുന്ന മറ്റു അനുകൂല്യങ്ങളും കണക്കിലെടുക്കുമ്പോൾ കുറഞ്ഞ സമയത്തിനുള്ളിൽത്തന്നെ ഈ അധിക ചെലവ് മറികടക്കുവാൻ കഴിയും.

ഓൺലൈൻ രജിസ്ട്രേഷൻ (www.grihaindia.org) വഴി നിർമ്മിതികൾ റേറ്റിംഗിനായി സമർപ്പിക്കാവുന്നതാണ്. ഡോക്യുമെന്റേഷൻ നടത്തി പ്രാഥമിക റേറ്റിംഗ് തീരുമാനിക്കുകയും അതു കഴിഞ്ഞ് നിർമ്മാണം പൂർത്തിയായ ശേഷമാണ് അന്തിമ റേറ്റിംഗ് നൽകുക. ഇത് ഗ്രിഹയുടെ വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു സംഘമാണ് നിർവ്വഹിക്കുക.

*ലേഖകന്റെ ഫോൺ നം. 9447430559*

സന്തോഷ് ഉത്രാടൻ

# ജീവാമൃതം

ജലം ജീവാമൃതമാണ്. മണ്ണ്, ജലം, അഗ്നി, വായു, ആകാശം എന്നീ പഞ്ചഭൂതങ്ങൾകൊണ്ടാണ് മനുഷ്യ ശരീരം നിർമ്മിച്ചതെന്നാണ് വിശ്വാസം. ജീവന്റെ ഉത്പത്തി തന്നെ ജലത്തിൽ നിന്നായിരുന്നുവെന്നാണ് വേദങ്ങൾ പറയുന്നത്. ജലപാനമില്ലാതെ നാലുദിവസത്തിൽ കൂടുതൽ ഒരാൾക്ക് ജീവിക്കാനാവില്ല. മനുഷ്യ ശരീരത്തിന്റെ 75 ശതമാനവും ജലമാണ്. നമ്മുടെ ആദിമ സംസ്കാരങ്ങളെല്ലാം ഉടലെടുത്ത് നദീജല തടങ്ങളിലാണ്. ഇങ്ങനെ മനുഷ്യരാശിയുടെ ഉത്പത്തി തൊട്ടിങ്ങോട്ടുള്ള എല്ലാത്തിനും ജലത്തിനോട് കടപ്പെട്ടിരിക്കുന്നു.

ഭൂമിയിലെ മറ്റു ജീവജാലങ്ങൾ ആവശ്യത്തിനു മാത്രം ജലം ഉപയോഗിക്കുമ്പോൾ വിശേഷബുദ്ധികൊണ്ട് വ്യത്യസ്തനായ മനുഷ്യൻ ജലം ദുരുപയോഗം ചെയ്യുന്നു. മനുഷ്യരാശിയുടെ നിലനിൽപ്പു തന്നെ അപകടത്തിലാകും വിധം ജലം ചൂഷണം ചെയ്യുകയും മലിനപ്പെടുത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഇന്ന് ലോകം നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്ന് ശുദ്ധജല ദൗർലഭ്യമാണ്.

ഇന്ത്യയിലെ ജലദൗർലഭ്യമുള്ള ഗ്രാമങ്ങളെ ജലസമൃദ്ധമാക്കാനുള്ള പുതിയ കർമ്മപദ്ധതിയാണ് ജലക്രാന്തി അഭിയാൻ. രാജ്യത്തെ ജലസംരക്ഷണ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെ പങ്കാളിത്തത്തോടെ നൈസർഗികവും സംയോജിതവുമായ സമീപനത്തിലൂടെ പൊതുജന പ്രസ്ഥാനമാക്കി മാറ്റുവാൻ പദ്ധതി വിഭാവനം ചെയ്യുന്നു.

## ഉദ്ദേശ്യലക്ഷ്യങ്ങൾ

- ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുക.
- നീരുറവകൾ സംരക്ഷിച്ച് പരിപാലിക്കുന്നതിന് നാട്ടറിവുകൾ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുക.
- ഉദ്യോഗസ്ഥരുടേയും സർക്കാരിതര ഏജൻസികളുടേയും പൊതുജനങ്ങളുടേയും വിദഗ്ദ്ധാഭിപ്രായം പ്രയോജനപ്പെടുത്തുക.
- ഗ്രാമീണ മേഖലയിലെ ജലസുരക്ഷയും ജീവനോപാധികളും മെച്ചപ്പെടുത്തുക.

## അവലംബിക്കാവുന്ന ഉപാധികൾ

ജലക്രാന്തി അഭിയാന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഫലപ്രദമായി കൈവരിക്കുന്നതിനായി വിവിധ മാർഗങ്ങൾ അവലംബിക്കാം.

- ജലസുരക്ഷ ഉറപ്പാക്കുവാൻ പ്രാദേശിക വൈദഗ്ദ്ധ്യവും ആധുനിക സാങ്കേതിക വിദ്യയും സമന്വയിപ്പിക്കുക.
- ജലസംരക്ഷണത്തിനും ഉപയോഗത്തിനും പരമ്പരാഗത വിജ്ഞാനത്തെ വികസിപ്പിക്കുകയും ജല സ്രോതസ്സുകളെ പുനരുദ്ധരിക്കുകയും ചെയ്യുക.
- ഉപരിതല, ഭൂഗർഭ ജലത്തിന്റെ സംയുക്ത ഉപയോഗം പ്രോത്സാഹിപ്പിക്കുക.
- മഴവെള്ളത്തിന്റെ ഫലപ്രദമായ ഉപയോഗത്തിന് സാങ്കേതികവിദ്യയുടെ സഹായം ലഭ്യമാക്കുക.
- മഴവെള്ള സംഭരണം/സംരക്ഷണം എന്നിവക്ക് വീടുകളിലും വ്യാപാര/വ്യവസായ സ്ഥാപനങ്ങളിലും സംഭര





# നാളേക്കായ്

ണികൾ നിർമ്മിക്കുക.

- ജലത്തിന്റെ ഗുണനിലവാരം നിലനിറുത്തുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുക.
- ജലസ്രോതസ്സുകളുടെ പുനഃരുദ്ധാരണത്തിനും സംരക്ഷണത്തിനും വകുപ്പുകളെ സംയോജിപ്പിക്കുക.
- ഗാർഹിക/കാർഷിക/വ്യവസായിക ആവശ്യങ്ങൾക്ക് ജലം ലഭ്യമാകുന്നുവെന്ന് ഉറപ്പു വരുത്തുകയും ജലോപയോഗം നിയന്ത്രിക്കുകയും ചെയ്യുക.

### ജലഗ്രാം യോജന (Jalgram Yojana)

രാജ്യത്തെ 672 ജില്ലകളിൽ ഈ പദ്ധതി പ്രകാരം പൊതുജന പങ്കാളിത്തത്തോടെ ജലസുരക്ഷയ്ക്കും, സംരക്ഷണത്തിനുമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്. ജലദൗർലഭ്യം നേരിടുന്ന ഒരു ഗ്രാമത്തിൽ സുസ്ഥിരമായ ജലലഭ്യത ഉറപ്പിക്കാം.



- ഓരോ ജില്ലയിലേയും ജലദൗർലഭ്യം നേരിടുന്ന ഒരു ഗ്രാമത്തെ ജലഗ്രാമമായി തെരെഞ്ഞെടുക്കുക.
- ജനങ്ങളെ ബോധവൽക്കരിക്കാനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി പ്രാദേശിക തലത്തിലുള്ള ഒരു കൂട്ടം ആളുകളെ ജലമിത്ര ആയി തെരഞ്ഞെടുക്കുക.
- ഓരോ ജലഗ്രാമവും സുജലം കാർഡ് തയ്യാറാക്കി അതിൽ ഗ്രാമത്തിലെ കുടിവെള്ളത്തിന്റെ ലഭ്യത/ഗുണനിലവാരം എന്നിവ വർഷം തോറും രേഖപ്പെടുത്തുക.
- നിലവിലുള്ള ജലസ്രോതസ്സുകളെക്കുറിച്ചുള്ള വിവരങ്ങൾ, ലഭ്യമായ ജലത്തിന്റെ അളവ്, ഗുണനിലവാരം, ലഭ്യതയും ആവശ്യകതയും തമ്മിലുള്ള അന്തരം എന്നിവയും രേഖപ്പെടുത്തുക.

ഈ പദ്ധതിയിലൂടെ നടപ്പിലാക്കാൻ സാധിക്കുന്ന വിവിധ സംസ്ഥാന/കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങളും ഉൾപ്പെടുത്താം.

### പ്രവർത്തന രീതി

- നിലവിലുള്ളതും ഉപയോഗ ശൂന്യവുമായ ജലസ്രോതസ്സുകളുടെ (ടാങ്ക്, കുളങ്ങൾ, റിസേർവോയർ) അറ്റകുറ്റപ്പണി, പുനരുദ്ധാരണം, പുനരുജ്ജീവനം.
- മഴവെള്ള കൊയ്ത്ത്, കൃത്രിമ മാർഗ്ഗങ്ങളിലൂടെ ഭൂഗർഭ ജലത്തിന്റെ റീചാർജ്ജ്.
- പാഴ്ജലത്തിന്റെ പുനഃചക്രമണം.

### ജലത്തിന്റെ രസതന്ത്രം

- സാർവിക ലായകം (Universal Solvent) എന്നാണ് ജലം അറിയപ്പെടുന്നത്.
- രണ്ട് ഹൈഡ്രജൻ ആറ്റവും ഒരു ഓക്സിജൻ ആറ്റവും ചേർന്നതാണ് ജലതന്മാത്ര.
- ജലത്തിന്റെ രാസസൂത്രം - $H_2O$
- ഐസ് (ഖരം), ജലം (ദ്രാവകം), നീരാവി (വാതകം) എന്നീ മൂന്നവസ്ഥയിൽ ജലം ഭൂമിയിൽ കാണുന്നു.
- സാധാരണ അന്തരീക്ഷമർദ്ദത്തിൽ ജലത്തിന്റെ തിളനില (Boiling Point) 100 ഡിഗ്രി സെൽഷ്യസും ശീതനില (Freezing Point) 0 ഡിഗ്രി സെൽഷ്യസുമാണ്.
- ജലത്തിന് ഏറ്റവും കൂടുതൽ സാന്ദ്രതയുള്ളത് 4 ഡിഗ്രി സെൽഷ്യസിലാണ്.
- ജലത്തെ നീലസ്വർണ്ണം (Blue Gold) എന്നുവിളിക്കുന്നു.
- ഏറ്റവും ശുദ്ധമായ ജലമായി കരുതുന്നത് മഴവെള്ളത്തെ (Rain Water) യാണ്.
- ശുദ്ധജലത്തിന്റെ പി. എച്ച് മൂല്യം 7 ആണ്.
- ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സിന്റെ (BIS) പട്ടിക അനുസരിച്ച് കുടിവെള്ളത്തിന് അനുവദനീയമായ പി. എച്ച്. പരിധി 6. 5 മുതൽ 8. 5 വരെയാണ്.
- ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സിന്റെ (BIS) ഗുണനിലവാര പട്ടിക അനുസരിച്ച് ശുദ്ധജലത്തിൽ കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം 100 മില്ലീ ലിറ്റർ വെള്ളത്തിൽ 10 ൽ കൂടുതലാകാൻ പാടില്ല.
- മനുഷ്യശരീരത്തിൽ ഏറ്റവുമധികം അടങ്ങിയിരിക്കുന്ന സംയുക്തം ജലമാണ്.
- ഓസോൺ വാതകം കടത്തിവിട്ട് ജലത്തിലെ രോഗാണുക്കളെ നശിപ്പിക്കുന്ന രീതിയിണ് ഓസോണീകരണം.

## സി. ഡബ്ളിയു. ആർ. ഡി. എം

ജലവിഭവ ഗവേഷണം, വികസനം, വിനിയോഗം എന്നിവയ്ക്കായി കോഴിക്കോട്, കുന്നമംഗലത്തു പ്രവർത്തിക്കുന്ന സ്ഥാപനമാണ് സി. ഡബ്ളിയു.ആർ.ഡി.എം (Centre for Water Resources Development and Management).

## ഇന്ത്യ വാട്ടർ വീക്ക്

ജലത്തിന്റെ ഫലപ്രദമായ ഉപഭോഗം ലക്ഷ്യമിട്ട് 2016 ഏപ്രിൽ നാലു മുതൽ എട്ടു വരെ ഇന്ത്യ വാട്ടർ വീക്കായി ആചരിച്ചു. Water for All: Striving for Together എന്നതായിരുന്നു വാട്ടർ വീക്കിന്റെ സന്ദേശം. ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിൽ നടന്ന ആചരണത്തിൽ ജല ഉപഭോഗം സംബന്ധിച്ച് വിവിധ അക്കാദമിക് പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി.

- കർഷകരെ ഈ പ്രവർത്തനങ്ങളുടെ ഭാഗമാക്കുന്നതിനായി ബോധവൽക്കരണം.
- ജലം പരമാവധി ഉപയോഗിക്കുന്നതിനായി സൂക്ഷ്മ (micro) ജലസേചനം.
- വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ ബയോഡ്രെയിനേജ് വഴി പുനഃസ്ഥാപിക്കൽ
- സാമൂഹികതല വാട്ടർ മോണിറ്ററിംഗ്
- നൂതന സാങ്കേതികവിദ്യയുടെ ഉപയോഗം.
- ഉപരിതല, ഭൂഗർഭജലത്തിന്റെ മലിനീകരണ നിയന്ത്രണം
- വാട്ടർ യൂസർ അസോസിയേഷൻ (WUA) പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ എന്നിവരുടെ ശേഷി വർദ്ധനവ് പരിപാടികൾ

### മാതൃകാ ജലസേചന സാധ്യതാ പ്രദേശ വികസനം

ഓരോ സംസ്ഥാനത്തും 1000 ഹെക്ടർ സ്ഥലം മാതൃകാ ജലസേചന സാധ്യതാ പ്രദേശം (Model commandant Area) ആയി കണ്ടെത്തണം.

### മാതൃകാ ജലസേചന സാധ്യതാ പ്രദേശങ്ങളുടെ വികസനത്തിനായി

- ജലസംരക്ഷണം
- കനാലുകളുടെ മുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് ബാഷ്പീകരണം കുറയ്ക്കൽ
- ജലത്തിന്റെ വിനിയോഗം വിലയിരുത്തുന്നതിന് സമൂഹിക സംവിധാനം.
- പ്രാഥമിക ഉപയോഗം കഴിഞ്ഞ ജലം ജലസേചനത്തിനായി ഉപയോഗിക്കുക.
- സൂക്ഷ്മ ജലസേചനം (Drip and Spinkler) പൈപ്പ് ജലസേചനം പ്രോത്സാഹിപ്പിക്കുക.
- കൃത്രിമ മാർഗ്ഗങ്ങൾ ഉപയോഗിച്ചുള്ള ഭൂഗർഭ ജല റീചാർജ്ജ്
- പങ്കാളിത്ത ജലസേചന സൗകര്യങ്ങൾ പ്രോത്സാഹിപ്പിക്കൽ
- വാട്ടർ യൂസർ അസോസിയേഷൻ മുഖേന വെള്ളത്തിന്റെ ചാർജ്ജ് ശേഖരിക്കുക
- സർക്കാർ അംഗീകരിക്കുന്ന മറ്റ് പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കണം.

### ഭൂജല മലിനീകരണ നിയന്ത്രണം

ഭൂജലം മലിനമാക്കുന്ന പ്രധാന ഘടകങ്ങളാണ് ഫ്ളൂറൈഡ്, ആഴ്സനിക് എന്നിവ. ജലത്തിൽ ഇവയുടെ അംശമുള്ള പ്രദേശങ്ങളിലെ ജനങ്ങളെ ബോധവാൻമാരാക്കുന്നതിനായി കൂടുതൽ പരിശീലന ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

- മലിനീകരണത്തെക്കുറിച്ചും അവയുണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചും കർഷകർ, പഞ്ചായത്ത് പ്രതിനിധികൾ, സന്നദ്ധസംഘടനകൾ, നെഹ്റു യുവ കേന്ദ്ര മെമ്പർമാർ, സംസ്ഥാനതല ഉദ്യോഗസ്ഥർ എന്നിവരെ ബോധവൽക്കരിക്കുന്നതിനായി ബ്ലോക്ക്/താലൂക്ക് ആസ്ഥാനങ്ങളിൽ പരിപാടികൾ ആസൂത്രണം ചെയ്യണം.
- മറ്റ് തരത്തിലുള്ള ജലമലിനീകരണത്തെക്കുറിച്ചും അതിനുള്ള പരിഹാരത്തെക്കുറിച്ചും ജനങ്ങളെ ബോധവാന്മാരാക്കണം.
- ഇതിനായി റിസോഴ്സ് പേഴ്സൺസ്, ഉദ്യോഗസ്ഥർ എന്നിവരെ തെരഞ്ഞെടുക്കാം.

### ജലക്രാന്തി പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾക്കാവശ്യമായ ഫണ്ട്

- പ്രധാൻമന്ത്രി കൃഷി സിഞ്ചായ് യോജന
- ജലാശയങ്ങളുടെ റിപ്പയർ, പുനർജീവനം, പുനസ്ഥാപന (restoration) പദ്ധതി
- സംയോജിത നീർത്തട പരിപാലന പദ്ധതി
- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
- വിവരവിജ്ഞാന വ്യാപനം
- നാഷണൽ വാട്ടർമിഷൻ
- ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനഫിറ്റ് പ്രോഗ്രാം
- ഡാം റിഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് തുടങ്ങിയ വിവിധകേന്ദ്ര/ സംസ്ഥാന പദ്ധതികളിൽ നിന്ന് വിനിയോഗിക്കാം.

## ലോക ജലദിനം

ഐക്യ രാഷ്ട്ര സംഘടനയുടെ ആഭിമുഖ്യത്തിൽ മാർച്ച് 22 ലോക ജലദിനമായി ആചരിക്കുന്നു. ഐക്യ രാഷ്ട്ര സംഘടനയുടെ പൊതുസഭ 1992 ലാണ് ഇതു സംബന്ധിച്ച പ്രമേയം പാസ്സാക്കിയത്. 1993 മാർച്ച് മുതൽ ജലദിനാചരണം തുടങ്ങി.

ജലസ്രോതസ്സുകൾ നഷ്ടമാകാതെ സൂക്ഷിക്കുക,

ശുദ്ധജലം മലിനമാകാതെ സംരക്ഷിക്കുക - എന്നതാണ് ജലദിനത്തിന്റെ മുദ്രാവാക്യം.

യു. എൻ. ഒ. 2003 അന്താരാഷ്ട്ര ശുദ്ധജല വർഷമായി ആചരിച്ചു. 2005 മുതൽ 2015 വരെയുള്ള 10 വർഷം യു.എൻ.ഒ ജലദശാബ്ദമായി പ്രഖ്യാപിച്ചിരുന്നു. ജലം ജീവന് (Water for Life) എന്നതായിരുന്നു ജലദശാബ്ദത്തിന്റെ സന്ദേശം.



മഹേഷ് മാണിക്കം



# ആ-വായനയിൽ നിന്നും ഈ-വായനയിലേയ്ക്ക്

ലോകം ചെറുതായി ചെറുതായി ഒരു വിരൽത്തുമ്പിൽ ഒതുങ്ങുകയാണ്. മനുഷ്യന്റെ വളർച്ചയും ലോകത്തിന്റെ ചുരുങ്ങലും വികസനത്തിന്റെ പുതിയ മുഖമാണ്. ഇൻഫർമേഷൻ ടെക്നോളജിയുടെ വികാസം ലോകം മുഴുവൻ ഒരു മൗസ് ക്ലിക്കിനുള്ളിലൊതുക്കി. അറിവിന്റെ വാതായനങ്ങളായ പുസ്തകങ്ങൾ കമ്പ്യൂട്ടർ സ്ക്രീനിൽ നമ്മോട് സംവദിക്കാൻ തുടങ്ങി. ഈ അവസരത്തിലാണ് ഡിജിറ്റൽ ലൈബ്രറികൾക്ക് പ്രസക്തിയേറുന്നത്.

ഈജിപ്റ്റിലെ നൈൽ നദിക്കരയിലായിരുന്നു ലൈബ്രറിയുടെ ആരംഭം. ടോളമി ബി.സി 3-ാം ശതകത്തിലായിരുന്നു ഒരു ഗ്രന്ഥശാല അലക്സാണ്ട്രിയയിൽ സ്ഥാപിച്ചത്. ഭാരതത്തിന്റെ ഗ്രന്ഥശാലകൾ രാജകുടുംബങ്ങളുടേയും മതസ്ഥാപനങ്ങളുടേയും ചില വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും ഭാഗമായി ഉടലെടുത്തു. 1205-ാം ആണ്ടുവരെ നിലനിന്നിരുന്ന നളന്ദ സർവ്വകലാശാല ലൈബ്രറിയ്ക്കായിരുന്നു അതിൽ പ്രമുഖ സ്ഥാനം. 16-ാം നൂറ്റാണ്ടിൽ അക്ബർ ചക്രവർത്തിയുടെ കീഴിൽ ലൈബ്രറിക്കുവേണ്ടി ഒരു വകുപ്പു തന്നെ നിലനിന്നത്രേ. ബ്രിട്ടീഷ് ഭരണം ഇന്ത്യയിൽ ഒരു പൊതു ഗ്രന്ഥശാല സംവിധാനത്തിനു തുടക്കം കുറിച്ചു. 1836-ൽ സ്ഥാപിക്കപ്പെട്ട കൽക്കത്ത പബ്ലിക് ലൈബ്രറിയാണ് ഇന്ത്യയിലെ ലക്ഷണമൊത്ത ആദ്യത്തെ ലൈബ്രറി. കൂടാതെ ഇന്ത്യയിലെ ആദ്യത്തെ ലൈബ്രറി സ്കൂൾ 1906-ൽ ബറോഡയിൽ സയാജിറാവു മൂന്നാമന്റെ കാലഘട്ടത്തിൽ ആരംഭിക്കുകയും അമേരിക്കൻ ലൈബ്രേറിയനായ ബോർഡനെ അതിന്റെ ചുമതല ഏല്പിക്കുകയും ചെയ്തു. സ്വതന്ത്ര ഇന്ത്യയിലെ ലൈബ്രറി പ്രവർത്തനം പഞ്ചവത്സര പദ്ധതികളിൽ അധിഷ്ഠിതമായിരുന്നു. വിവിധ തലങ്ങളിൽ സംസ്ഥാനങ്ങൾ കേന്ദ്രീകരിച്ച് ഗ്രന്ഥശാലകൾ രൂപീകരിക്കുകയും അതിനു വേണ്ട പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തു. ഗ്രാമീണ ഗ്രന്ഥശാലകളുടെയും പൊതു ഗ്രന്ഥശാലകളുടെയും വികസനത്തിനായി രാജാറാം മോഹൻ റോയി ലൈബ്രറി ഫൗണ്ടേഷനും തങ്ങളുടെതായ സഹായം നൽകി.



ദേശീയ ഗ്രന്ഥശാലാനയം രൂപീകരിക്കുവാനായി 1984 -ൽ രാജാറാംമോഹൻ റോയി ഫൗണ്ടേഷൻ രേഖകൾ തയ്യാറാക്കി ഭാരത സർക്കാരിനു സമർപ്പിച്ചു. ഈ രേഖകൾ പഠിക്കുവാൻ പ്രൊഫ. ചതോപാദ്ധ്യായയുടെ നേതൃത്വത്തിൽ ഒരു കമ്മീഷനെ നിയമിച്ചു. പ്രസ്തുത കമ്മീഷൻ 1986-ൽ ഭാരത സർക്കാരിനു സമർപ്പിച്ച രേഖയാണ് ദേശീയ ഗ്രന്ഥശാല നയത്തിന്റെ ചവിട്ടുപടി. 10-ഉം 11-ഉം പഞ്ചവത്സര പദ്ധതി കാലഘട്ടങ്ങൾ ഭാരതത്തിന്റെ പബ്ലിക് ലൈബ്രറി പ്രസ്ഥാനത്തിന്റെ സുവർണ്ണ കാലഘട്ടമായി മാറി. ക്രമേണ കാലഘട്ടത്തിനനുസൃതമായി ഗ്രന്ഥശാലകളുടെ ഉപയോഗം വിവിധ തലങ്ങളിലേക്ക് മാറ്റപ്പെടുകയും ചെയ്തു.

## ഡിജിറ്റൽ ലൈബ്രറികൾ

അടുത്ത കാലത്തായി നാം കേട്ടുതുടങ്ങിയ സ്ഥിരം വാക്കുകളിൽ ഒന്നാണ് ഡിജിറ്റൽ എന്നത്. നമ്മുടെ സമൂഹത്തിന്റെ വിവിധ മേഖലകളിൽ ഡിജിറ്റൽ എന്ന വാക്കിന്റെ നുഴഞ്ഞുകയറ്റം ഒരു ഫാഷനായി മാറുകപോലും ചെയ്തിരിക്കുന്നു. ഗ്രാമങ്ങളിൽ പോലും ഡിജിറ്റൽ സ്റ്റുഡിയോകളും ഡിജിറ്റൽ കമ്പ്യൂട്ടർ സെന്ററുകളും ബോർഡുകളിൽ തലയുയർത്തി നില്ക്കുന്നു. നമ്മുടെ പുരാരേഖകളും അപൂർവ്വമായ പുസ്തകങ്ങളുടേയും സൂക്ഷിപ്പിലൂടെയാണ് ഡിജിറ്റൽ എന്ന പദം കടന്നുവന്നത്. കഴിഞ്ഞ 10 വർഷക്കാലത്തിനു മുന്നിൽ മേൽപ്പറഞ്ഞ രേഖകൾ സ്കാൻ ചെയ്ത് ഫ്ളോപ്പി ഡിസ്ക്കുകളിലും - കമ്പ്യൂട്ടർ ഹാർഡ് ഡിസ്ക്കുകളിലും സൂക്ഷിച്ചു കൊണ്ടായിരുന്നു ഇന്ത്യ ഡിജിറ്റലൈസിംഗിന് തുടക്കം കുറിച്ചത്. എന്നാൽ ഇപ്പോൾ ഡിജിറ്റൽ സിഗ്നേച്ചറുകളിലും ഡിജിറ്റൽ ലോക്കറിലും എത്തി നിൽക്കുന്നു. ഈ അവസരത്തിലാണ് വായനയുടെ ജനാധിപത്യ വത്ക്കരണവുമായി ഡിജിറ്റൽ ലൈബ്രറികളും രംഗത്തെത്തിയത്.

രാജ്യത്ത് ലഭ്യമാകുന്ന ലൈബ്രറി നെറ്റുവർക്കുകളെ ഗ്രാമീണ ഗ്രന്ഥശാലകളിലേക്ക് കോർത്തിണക്കി വായന സൗകര്യവും വിവര ശേഖരണവും ലഭ്യമാക്കുക എന്നതാണ് ഡിജിറ്റൽ ലൈബ്രറികളുടെ ലക്ഷ്യം. ഒരു കമ്പ്യൂട്ടറിനുള്ളിൽ ദശലക്ഷക്കണക്കിന് പുസ്തകങ്ങളെ തിരയുവാൻ കഴിയും എന്നതാണ് ഇതിന്റെ ഗുണം. 25000 പുസ്തകങ്ങൾക്ക് താഴെ നില്ക്കുന്ന ഗ്രാമീണ ഗ്രന്ഥശാലകളെ ഡിജിറ്റൽ സംവിധാനത്തിലൂടെ കോർത്തിണങ്ങുന്നതിലൂടെ ഒരു സാധാരണക്കാരന് സ്വന്തം ഗ്രാമത്തിലിരുന്നുകൊണ്ട് അമേരിക്കയിലെയോ ബ്രിട്ടനിലെയോ ഗ്രന്ഥശാലകളിലെ പുസ്തകങ്ങൾ തിരയുവാനും വിവരങ്ങൾ ശേഖരിക്കുവാനും കഴിയുന്നു.

## ഇന്റർ ലൈബ്രറി ലോൺ

ഡിജിറ്റൽ ലൈബ്രറികളുടെ ആദ്യരൂപമാണ് ഇന്റർ ലൈബ്രറി ലോൺ. ഡോ. എസ്.ആർ. രംഗനാഥിന്റെ പഞ്ച നിയമങ്ങളാണ് ഭാരതത്തിന്റെ ഗ്രന്ഥശാല ശാസ്ത്രത്തിന്റെ അടിത്തറ. ഈ പഞ്ചനിയമത്തിലാണ് ഒരോ വായനക്കാരനിലും അയാളുടെ പുസ്തകം എന്ന ലക്ഷ്യം ഉടലെടുത്തത്.

ഇന്ത്യയിലെ ലൈബ്രറി സംവിധാനത്തിന്റെ ഭാഗമായി ഉടലെടുത്ത നെറ്റുവർക്കുകളെ ഉപയോഗപ്പെടുത്തി കമ്പ്യൂട്ടറിന്റെ സഹായത്തോടുകൂടി ഒരോ ലൈബ്രറിക്കും ആ സിസ്റ്റത്തിൽ പെട്ട മറ്റേതൊരു ഗ്രന്ഥശാലയുടെയും പുസ്തകങ്ങൾ പരതി നോക്കുവാനും അവശ്യമുള്ളവ തിരഞ്ഞെടുക്കുവാനും സാധിക്കുന്നു. ഇതാണ് ഇന്റർ ലൈബ്രറി ലോൺ സമ്പ്രദായം. ഇവിടെ കാറ്റലോഗിനു പകരം കമ്പ്യൂട്ടറിൽ സൂക്ഷിച്ചിട്ടുള്ള ഡേറ്റാ ബേസ് ആയിരിക്കും ഉണ്ടാവുക.

ഡിജിറ്റലൈസ് രംഗത്ത് നമ്മുടെ കേരളവും പുരോഗതി ആർജ്ജിച്ച് വരുന്നു. സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തങ്ങളുടെ അമൂല്യ ഗ്രന്ഥങ്ങൾ ഡിജിറ്റലൈസ് ചെയ്തു കഴിഞ്ഞു. അതിനുവേണ്ടി പ്രത്യേക വിഭാഗവും തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ പുരാരേഖ-പുരാവസ്തു, രജിസ്ട്രേഷൻ വകുപ്പുകൾ തുടങ്ങി പ്രമുഖ വകുപ്പുകൾ എല്ലാം തന്നെ തങ്ങളുടെ രേഖകൾ ഡിജിറ്റലൈസ് ചെയ്തു വരുന്നു.

കേരള ഗ്രന്ഥശാല സംഘം വായനക്കപ്പുറം എന്ന തലത്തിലേക്ക് മാറിയിട്ട് വർഷങ്ങളായി. വായനക്കും പുസ്തകങ്ങൾ സൂക്ഷിക്കുവാനും മാത്രമുള്ള ഇടങ്ങളല്ല ഇപ്പോൾ ഗ്രന്ഥശാലകൾ. എഫ് ഗ്രേഡിൽ തുടങ്ങി എ ഗ്രേഡിൽ അവസാനിക്കുന്ന ഗ്രന്ഥശാലകളാണ് കേരള ഗ്രന്ഥശാല സംഘത്തിനുള്ളത്. ഓരോ ഗ്രന്ഥശാലകളിലും വായനയോടൊപ്പം മറ്റ് പരിപാടികളും ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. ഓരോ താലൂക്കിലും എ ഗ്രേഡിൽ കുറയാത്ത ഒരു ഗ്രന്ഥശാലയെ റഫറൻസ് ലൈബ്രറിയായി ഉയർത്തിയിട്ടുണ്ട്. ഈ റഫറൻസ് ഗ്രന്ഥശാലകളിൽ കമ്പ്യൂട്ടറും ഇന്റർനെറ്റ് സംവിധാനവും ഒരുക്കിയിട്ടുണ്ട്. ഇതിലൂടെ റഫറൻസ് ഗ്രന്ഥശാലയെ ഡിജിറ്റൽ ലൈബ്രറി ആക്കി മാറ്റുവാനാണ് ഗ്രന്ഥശാല സംഘം ലക്ഷ്യമിടുന്നത്.

എന്നാൽ ഈ രംഗത്ത് ഒരു മുന്നേറ്റം ഉണ്ടാവേണ്ടിയിരിക്കുന്നു. പി.എൻ. പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്ര, കേന്ദ്ര ഏജൻസികളുമായി സഹകരിച്ചുകൊണ്ട് ഡിജിറ്റൽ ലൈബ്രറി എന്ന ആശയം പൂർത്തീകരിക്കുവാൻ പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. സാധാരണ ജനങ്ങളെ ഈ രംഗത്ത് കൊണ്ട് വരണമെങ്കിൽ അവരെ ഇ-സാക്ഷരനാക്കിയേ മതിയാവൂ. അതിനായിസ്ലേറ്റിൽ നിന്നും ഇലക്ട്രോണിക് സ്ലേറ്റിലേക്ക് അവരെ കൊണ്ടുവരികയാണ് ശ്രമകരമായ ജോലി. ആ ശ്രമം വിജയിപ്പിച്ചേ മതിയാകൂ.

മഷിത്തണ്ടു തേച്ചു വൃത്തിയാക്കിയ സ്ലേറ്റിൽ നാം എഴുതി വായിച്ചുതുടങ്ങിയ ആ- വായന ഇപ്പോൾ ഇ-വായനയായി മാറുകയാണ്.●

ലേഖകന്റെ ഫോൺ നം. 9496252084

## ഇൻകുനാബുല

- അച്ചടിക്കപ്പെട്ട പുസ്തകങ്ങളുടെ ശൈശവദശയാണ് ഇൻകുനാബുല (കാലഘട്ടം 1450 മുതൽ 1500 വരെ)
- 1836 -ൽ സ്ഥാപിക്കപ്പെട്ട കൽക്കത്ത പബ്ലിക് ലൈബ്രറിയാണ് ഇന്ത്യയിലെ ആദ്യത്തെ പബ്ലിക് ലൈബ്രറി. പിൽക്കാലത്ത് ഈ ലൈബ്രറി ഭാരതത്തിന്റെ ദേശീയ ലൈബ്രറിയായി മാറി
- ലൈബ്രറി സയൻസിന്റെ പിതാവ് എന്നറിയപ്പെടുന്നത് ഡോ. എസ്. ആർ. രംഗനാഥനാണ്.

സെയ്ദ് അഞ്ചൽ

# സഞ്ചാരികളെ കാത്ത് ഇല്ലിക്കക്കല്ലും അയ്യമ്പാറയും



വിശാലമായ മലനിരകൾ നിറഞ്ഞ പ്രദേശമാണ് തലനാട്. കോട്ടയം ജില്ലയുടെ കിഴക്കേയറ്റത്ത് ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിൽ ഇടുക്കി ജില്ലയോട് ചേർന്ന് കിടക്കുന്നു ഈ ഗ്രാമപഞ്ചായത്ത്. മീനച്ചിൽ താലൂക്കിലെ ഗ്രീൻ ടൂറിസം പദ്ധതിയിൽ ഉൾപ്പെട്ട തലനാട് പഞ്ചായത്തിലെ വിനോദസഞ്ചാര കേന്ദ്രമാണ് അയ്യമ്പാറ.

അയ്യമ്പാറ ഏകദേശം 75 ഏക്കറോളം സ്ഥലത്ത് ഒറ്റപ്പാറയായി നിരന്നുകിടക്കുന്നു. ഇവിടെ മുനിമാർ താമസിച്ചിരുന്നുവെന്ന് പറയപ്പെടുന്ന ഗുഹകളുണ്ട്. ഭീമൻ ചവിട്ടിനടന്നുവെന്ന് കരുതുന്ന കാല്പാടുകളും ഈ പാറയിൽ കാണാം. പാറയുടെ ഏത് ഭാഗത്ത് നിന്നുനോക്കിയാലും നാലുവശവും മനോഹരമായ കാഴ്ചകളാണ്. ഏകദേശം 3000 അടി ഉയരത്തിലുള്ള അയ്യമ്പാറ ഒരു ഹരിത ടൂറിസ്റ്റ് കേന്ദ്രമാണ്. ധാരാളം വിനോദസഞ്ചാരികൾ ഇവിടെ എത്തുന്നു. വാഗമൺ ടൂറിസം പാക്കേജിൽ അയ്യമ്പാറയും ഇല്ലിക്കക്കല്ലും ഉൾപ്പെടുത്തിയാണ് യാത്രക്കാർ കൂടുതലും ഇവിടെ എത്തുന്നത്. ഈ പാറമുകളിൽ നിന്നാൽ അതിമംഗിയായി പാലാ, ഈരാറ്റുപേട്ട, തീക്കോയി, മേലുകാവ്, വാഗമൺ ഹൈവേ തുടങ്ങി ആലപ്പുഴ വരെ കാണാം. അസ്തമയ സമയത്ത് കടൽത്തീരത്ത് ഇരിക്കുന്ന അനുഭൂതിയാണ് ലഭിക്കുന്നത്. എപ്പോഴും കാറ്റ് ഉള്ളതിനാൽ പകൽ സമയത്തും ചൂട് അനുഭവപ്പെടുന്നില്ല.

ടൂറിസ്റ്റുകൾക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങളും വാച്ച് ടവർ നിർമ്മിച്ച് അതിന്റെ ഉയരത്തിൽ കയറിനിന്ന് ദൂരക്കാഴ്ചകൾ കണ്ടാസ്വദിക്കുന്നതിനുള്ള സൗകര്യവും ഒരുക്കുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയാണ് തലനാട് പഞ്ചായത്ത് അധികൃതർ.

കോട്ടയം ജില്ലയിലെ ഏറ്റവും ഉയർന്ന പ്രദേശമാണ് ഇല്ലിക്കക്കല്ല്. 6000 അടി ഉയരത്തിലുള്ള ഇവിടേക്ക് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ ചുമതലയിൽ മൂന്ന് ദിശകളിൽ നിന്നും റോഡുകൾ പണിതിട്ടുണ്ട്. ഇത് സഞ്ചാരികൾക്ക് ഏറെ പ്രയോജനകരമാണ്. വിനോദസഞ്ചാരികളെ ഏറെ ആകർഷിക്കുന്ന ഇവിടുത്തെ ടൂറിസം സാദ്ധ്യതകളും ഏറെ പ്രയോജനപ്പെടുവാൻ ലക്ഷ്യമിടുകയാണ് തദ്ദേശഭരണഭാരവാഹികൾ.

ലേഖകന്റെ
ഫോൺ നം.
9497382934

**ഹരിത ടൂറിസം**

പ്രകൃതിയുടെ നൈസർഗികതയ്ക്കും ജീവജാലങ്ങളുടെ ആവാസവ്യവസ്ഥയ്ക്കും ക്ഷതമേല്പ്പിക്കാതെ വികസിപ്പിച്ചെടുക്കുന്ന ടൂറിസം പദ്ധതി.

## പ്രധാനമന്ത്രി ആവാസ് യോജനയിൽ 22 പട്ടണങ്ങൾ കൂടി

പ്രധാനമന്ത്രി ആവാസ് യോജനയിൽ കേരളത്തിലെ 22 പട്ടണങ്ങൾക്കൂടി ഉൾപ്പെടുത്തി. ഇതോടെ പദ്ധതിയിൽ ഉൾപ്പെടുത്തിയ പട്ടണങ്ങളുടെ എണ്ണം 36 ആയി. 2022 ഓടെ വീടില്ലാത്തവർക്കെല്ലാം വീട് നൽകാനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

ചാവക്കാട്, കായംകുളം, കാഞ്ഞങ്ങാട്, കളമശ്ശേരി, ഇരിങ്ങാലക്കുട, ഗുരുവായൂർ, കുന്നംകുളം, മഞ്ചേരി, നെടുമങ്ങാട്, നെയ്യാറ്റിൻകര, ഒറ്റപ്പാലം, പയ്യന്നൂർ, പൊന്നാനി, കൊടുങ്ങല്ലൂർ, കൊയിലാണ്ടി, തലശ്ശേരി, തിരുവല്ല, തൃപ്പൂണിത്തുറ, തിരൂർ, വടകര, മാറാട്, തൃക്കാക്കര എന്നീ പട്ടണങ്ങളെയാണ് പുതുതായി ഉൾപ്പെടുത്തിയത്.

പദ്ധതിപ്രകാരം വീടൊന്നിന് മൂന്ന് ലക്ഷം രൂപ ലഭിക്കും. ഇതിൽ ഒന്നരലക്ഷം കേന്ദ്രസർക്കാർ നൽകും. അരലക്ഷം വീതം സംസ്ഥാന സർക്കാരും നഗരസഭയും ഉപഭോക്താവും നൽകണം. കേരളത്തിൽ കുടുംബശ്രീയുടെ നേതൃത്വത്തിലുള്ള അർബൻ ഹൗസിംഗ് മിഷനാണ് പദ്ധതി നടപ്പിലാക്കുന്നത്.

പ്രകൃതി

ഡോ. ടി.ആർ. ജയകുമാരി



**ഒരുകാലത്ത് കേരളത്തിൽ തോട്ടു വരമ്പുകളിലും പുഴയോരങ്ങളിലും മറ്റുമൊക്കെ വളരെ സാധാരണമായിക്കണ്ടിരുന്ന പുന്നമരങ്ങൾ ഇന്ന് അപൂർവ്വ കാഴ്ചയാണ്.**

# നല്ലകാലം കാത്ത് പുന്നമരങ്ങൾ

നാല്പതുകൾ പിന്നിട്ട ഏതൊരു മലയാളിയുടെയും മനസ്സിലുണ്ടാവും പുന്നക്കായ്കൾ കൊണ്ട് ഗോട്ടികളിച്ചും അമ്മാനമാടിയും കഴിച്ചുകൂട്ടിയ ബാല്യത്തിന്റെ ഗൃഹാതുരതയുണർത്തുന്ന ഓർമ്മകൾ. തൊടിയിലെ മരച്ചില്ലകളിൽ വാവൽ ചവച്ച് ഉപേക്ഷിച്ചതും കൈത്തോടുകളിലൂടെ ഒഴുകി വരുന്നതുമായ പുന്നക്കായ്കൾ ശേഖരിച്ച് വിറ്റു കിട്ടിയ ചില്ലറക്കാശ് ചെറു സമ്പാദ്യപ്പെട്ടികളിൽ നിക്ഷേപിച്ച്, അവ നിറഞ്ഞ് പണക്കാരനായി മാറാൻ കാത്തു കാത്തിരുന്ന ബാല്യകാലസ്മൃതികളും ചിലർക്കെങ്കിലും ചിലപ്പോഴെങ്കിലും ഉണ്ടാകുന്നുണ്ടാവും. പുതുതലമുറയ്ക്ക് തികച്ചും അന്യമായ ഈ മധുരാനുഭവങ്ങൾക്ക് വഴിയൊരുക്കിയ പുന്നയ്ക്കായും പുന്നമരവും കാലത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട് അന്യം നിൽക്കാൻ തയ്യാറെടുക്കുകയാണിന്ന്.

ഒരുകാലത്ത് കേരളത്തിൽ തോട്ടുവരമ്പുകളിലും പുഴയോരങ്ങളിലും മറ്റുമൊക്കെ വളരെ സാധാരണമായിക്കണ്ടിരുന്ന പുന്നമരങ്ങൾ ഇന്ന് അപൂർവ്വ കാഴ്ചയാണ്. വീട്ടുവളപ്പുകളിൽ നിന്ന് ഇവ പൂർണ്ണമായും ഒഴിവാക്കപ്പെട്ടുകഴിഞ്ഞു. പാടശേഖരങ്ങളും തോടുകളും നീർച്ചാലുകളും മറ്റും നികത്തപ്പെട്ടതോടൊപ്പം അവയുടെ ഓരത്ത് വളർന്നിരുന്ന പുന്നമരങ്ങളും വെട്ടിമാറ്റപ്പെട്ടു. അലങ്കാരത്തിനു വേണ്ടിയോ കേവലം കൗതുകത്തിനു വേണ്ടിയോ ആണ് മ്യൂസിയങ്ങളിലും സസ്യോദ്യാനങ്ങളിലുമെങ്കിലും ഇവയെ ഇന്ന് നിലനിർത്തുന്നത്.

വീട്ടുപുരയിടങ്ങളുടെ വിസ്തൃതി കുറഞ്ഞതോടൊപ്പം കൃഷിക്ക് പ്രാധാന്യം കുറയുകയും കോൺക്രീറ്റ് മന്ദിരങ്ങൾ കൂണുകൾ പോലെ മുളച്ചു പൊന്തുകയും ചെയ്തതോടെ ആവശ്യമില്ലാത്ത മരങ്ങൾ മുറിച്ചു മാറ്റുന്ന കൂട്ടത്തിൽ ഒന്നാം സ്ഥാനത്തായി പുന്ന. മണ്ണെണ്ണ വിളക്കുകളും പിന്നാലെ വൈദ്യുതവിളക്കുകളും വ്യാപകമായതോടെ അതു വരെ വിളക്കു തെളിക്കാനുപയോഗിച്ചിരുന്ന പുന്നയ്ക്കയെണ്ണ അനാവശ്യവസ്തുവായി മാറിയതായിരുന്നു പുന്നയുടെ മേൽ കോടാലി വീഴാൻ ഹേതുവായത്. ഒരു കാലത്ത് ഈ വൃക്ഷം കേരളത്തിൽ വ്യാപകമായി വളർന്നിരുന്നുവെന്നതിന് ഇന്ന് നമുക്ക് ലഭിക്കുന്ന തെളിവുകൾ ചില സ്ഥലനാമങ്ങൾ മാത്രമാണ്. തിരുവനന്തപുരം ജില്ലയിലെ പുന്നയ്ക്കാമുകൾ, പുന്നപുരം, പുന്നമൂട്; ആലപ്പുഴ ജില്ലയിലെ പുന്നമട, പുന്നപ്ര, എഴുപുന്ന; തൃശൂർ ജില്ലയിലെ പുന്നയൂർക്കുളം, പുന്നയൂർ, പുന്നത്തൂർ കോട്ട എന്നിവ ഇവയിൽ ചിലതു മാത്രം.

സംസ്കൃതത്തിൽ പുന്നഗ, പത്മകേസര, വിബുദ്ധ, സുരപർണ്ണി എന്നിങ്ങനെ അനേകം പേരുകളിലറിയപ്പെടുന്ന പുന്ന പല ക്ഷേത്രങ്ങളിലും സ്ഥലവൃക്ഷമായി നട്ടു വളർത്തിയിരുന്നു. വിഷ്ണുവിനും ശ്രീകൃഷ്ണനും ശിവനും പ്രിയപ്പെട്ട ദിവ്യവൃക്ഷമായും ഇതിനെ കണക്കാക്കുന്നുണ്ട്. അതിനാലാവണം ഇതിന് ദേവവല്ലഭ എന്ന് സംസ്കൃതത്തിൽ വിളിപ്പേരുണ്ടായത്. ഇംഗ്ലീഷ് ഭാഷയിൽ മാസ്റ്റ് വുഡ് എന്നും അലക്സാൻഡ്രിയൻ ലോറൽ എന്നും വിളിക്കപ്പെടുന്ന പുന്നയുടെ മറ്റ് മലയാള നാമങ്ങൾ പിന്ന, പിന്നമരം, പുന്നമരം എന്നിങ്ങനെയാണ്. ഭൂഗർഭജലം ഏറെയുള്ള സ്ഥലങ്ങളിൽ വളരാനുള്ള പ്രവണതയുള്ളതിനാൽ പുന്ന നിൽക്കുന്ന പറമ്പിൽ കിണർ കുഴിച്ചാൽ വേഗം വെള്ളം കണ്ടെത്തുമെന്ന് നമ്മുടെ പൂർവ്വികർ അനുമാനിച്ചിരുന്നു.

ക്ലൂസിയേസിയേ എന്ന സസ്യകുടുംബത്തിലെ അംഗമായ പുന്നയുടെ ശാസ്ത്രനാമം കാലോഫില്ലം ഇനോഫില്ലം (Calophyllum Inophyllum) എന്നാണ്. കാലോഫില്ലം എന്ന ജീനസ് നാമത്തിന് ഗ്രീക്കുഭാഷയിൽ മനോഹരമായ ഇല എന്നും ഇനോഫില്ലം എന്ന സ്പീഷീസ് നാമത്തിന്

നാരുള്ള ഇല എന്നും അർത്ഥം. നാരുപോലെ പ്രകടമായിക്കാണുന്ന സിരകൾ വിന്യസിച്ച മനോഹരമായ ഇലകളുള്ള സസ്യം എന്നാണ് ശാസ്ത്രനാമം സൂചിപ്പിക്കുന്നത്.



വിത്തിൽ നിന്ന് മുളച്ച് വളരെ സാവധാനം മാത്രം വളരുന്ന ഈ വൃക്ഷത്തിന് 100 വർഷത്തോളമാണ് ആയുസ്സ്. 8–20 മീറ്റർ ഉയരത്തിൽ ശാഖോപശാഖകളായാണ് ഇത് വളരുക. മിനുസമായ പ്രതലമുള്ള തടിക്ക് തവിട്ടുനിറമോ അടഞ്ഞ ചാരനിറമോ ആയിരിക്കും. ചിലപ്പോൾ, ഇതിന്റെ പുറന്തൊലിയിൽ പൊട്ടലുകൾ കാണും. മുറിപ്പാടുകളിൽ നിന്ന് ഇളം മഞ്ഞനിറമുള്ള കറ ഊറിവരും.

നല്ല മിനുസവും തിളക്കവുമുള്ള കടും പച്ച ഇലകളാണ് ഈ നിത്യഹരിതവൃക്ഷത്തിന്റെ പ്രധാന ആകർഷണീയത. ദ്വിബീജപത്രസസ്യമാണെങ്കിലും ഏകബീജ പത്രസസ്യങ്ങളെപ്പോലെ സമാന്തര സിരാവിന്യാസമാണ് ഇലകളിൽക്കാണുന്നതെന്ന അപൂർവ്വതയും ഇതിനുണ്ട്. വിസ്താരമുള്ള ആയതാകാരത്തോടെ കണ്ടുവരുന്ന തുകൽ പ്രകൃതമുള്ള ഇലകൾക്ക് 10–15 സെ.മീ. നീളവും 5–8 സെ.മീ. വീതിയും വരും. മദ്ധ്യസിര ഇളംപച്ചനിറത്തിൽ വളരെ പ്രകടമായിക്കാണാം. പാർശ്വസിരകൾ വ്യക്തമല്ല.

പുന്നയുടെ മറ്റൊരു ആകർഷണീയത, കുലകളായി പ്രത്യക്ഷപ്പെടുന്ന സുഗന്ധമുള്ള വെളുത്ത പുഷ്പങ്ങളാണ്. 8–12 സെ.മീ. നീണ്ട പൂങ്കുലകളിൽ ഓരോന്നിലും 10–12 പൂക്കൾ വരെ കാണും. പൂന്തണ്ടിന് 2–3 സെ.മീ. നീളം വരും. ഗോളാകാരമുള്ള പൂമൊട്ടുകൾ വിരിയുമ്പോൾ തൂവെള്ള ദളങ്ങൾ വിടർന്ന് മലർന്നു വരും. പൂവിൽ ഇളംമഞ്ഞനിറമുള്ള തന്തുക്കളും കടും മഞ്ഞ പരാഗകോശങ്ങളുമുള്ള അനേകം കേസരങ്ങളുണ്ടാവും. ധാരാളം തേനുള്ള ഈ പൂക്കൾ തേനീച്ചകളെയും ചെറുപക്ഷികളെയും ഊട്ടിയിരുന്നു. മേയ്–ജൂൺ മാസങ്ങളിലും നവംബർ–ഡിസംബർ മാസങ്ങളിലുമായി ആണ്ടിൽ രണ്ടു പ്രാവശ്യം ഇത് പൂക്കാറുണ്ട്. 3–5 സെന്റിമീറ്റർ വ്യാസമുള്ള ഉരുണ്ട കായ്കൾ, ഇളം പച്ചനിറമുള്ള ചെറു പന്തുകൾ പോലെ തോന്നും. അതിനാൽ, ഇംഗ്ലീഷുകാർ പുന്നയെ ബോൾനട്ട് ട്രീ എന്നും വിളിക്കാറുണ്ട്. കുലകളായി തൂങ്ങിക്കിടക്കുന്ന ഇളം പുന്നക്കായ്കളുമായി നിൽക്കുന്ന മരങ്ങൾ കാഴ്ചയ്ക്ക് മനോഹരമാണ്. കായ് മൂപ്പെത്തുമ്പോൾ ആദ്യം മഞ്ഞയും പിന്നെ മഞ്ഞ കലർന്ന തവിട്ടു നിറവുമായിത്തീരും. ഏറെ മൂക്കുമ്പോൾ തൊലി ചുളുങ്ങുകയും ചെയ്യും. ശാസ്ത്രപരമായി ആമ്രകം അഥവാ ഡ്രൂപ്പ് വിഭാഗത്തിൽപ്പെടുന്ന ഇവയ്ക്ക് നേരിയ ബാഹ്യകവചവും മാംസളമായ മദ്ധ്യകവചവും കട്ടിയുള്ള ആന്തരകവചവുമുണ്ട്. കായ്ക്കകത്ത് ഒറ്റവിത്തു മാത്രമാണുണ്ടാവുക. വിത്തിന് ഇളംമഞ്ഞനിറമാണ്. വിത്തുവഴിയാണ് പുനരുത്ഭവം.

പഴുത്ത പുന്നയ്ക്കായുടെ ചാറ് വാവലുകളുടെ ഇഷ്ടഭക്ഷണമാണ്. അതിനാൽ, സന്ധ്യയായാൽ വാവലുകൾ പുന്ന തേടിയെത്തുന്നത് സാധാരണമാണ്. നേരം പുലരുമ്പോൾ ഇവ കടിച്ചുചപ്പി നീരൂറ്റിക്കുടിച്ചിട്ട പുന്നയ്ക്കായ്കൾ ചുവട്ടിൽ നിരന്നുകിടക്കും. ഇവ കൊത്തിക്കൊണ്ടു പോകുന്ന കായ്കൾ ചുറ്റുവട്ടത്തുള്ള



മരച്ചോടുകളിലും കാണാം. ഇങ്ങനെയാണ് പുന്നയിൽ വിത്തുവിതരണം നടക്കുന്നത്. വെള്ളത്തിലൂടെയും വിത്തുവിതരണം നടക്കാറുണ്ട്.

പുന്നക്കായുടെ തോട് പൊട്ടിച്ചു മാറ്റുമ്പോൾ കിട്ടുന്ന മഞ്ഞനിറമുള്ള പരിപ്പ് ഉണക്കി ആട്ടിയെടുക്കുമ്പോൾ ഉയർന്ന സാന്ദ്രതയും പച്ചനിറവുമുള്ള പുന്നയ്ക്കയെണ്ണ ലഭിക്കും. വിത്തിന്റെ 75 ശതമാനത്തോളം വരും ഈ എണ്ണ. പ്രത്യേക ഗന്ധമുള്ള ഈ എണ്ണ മുൻകാലങ്ങളിൽ വിളക്കെണ്ണയായി കേരളമൊട്ടാകെ ഉപയോഗിച്ചിരുന്നു. ഔഷധമൂല്യമുള്ളതിനാൽ ആയുർവേദ മരുന്നുകളിലും സൗന്ദര്യവർദ്ധക വസ്തുക്കളിലും പുന്നയ്ക്കയെണ്ണ ഉപയോഗിക്കാറുണ്ട്. ത്വക്കിലുണ്ടാകുന്ന അസുഖങ്ങൾക്ക് ഫലപ്രദമെന്ന് കണ്ടെത്തിയിരുന്ന ഇത് കന്നുകാലികൾക്കുണ്ടാകുന്ന വ്രണങ്ങൾ, പുഴുക്കടി എന്നിവയ്ക്കെതിരെയും ഉപയോഗിച്ചിരുന്നു.

പുന്നയുടെതടി കട്ടമരം, ബോട്ടുകൾ എന്നിവ നിർമ്മിക്കാനും വിറകായും ഉപയോഗിക്കാം. തടിയുടെ പുറന്തൊലിയിൽ നിന്നുള്ള കറ, എലിവിഷമായി ഉപയോഗിക്കുന്നുണ്ട്. ചില രാജ്യങ്ങളിൽ ഇതിന്റെ ഇലയിട്ട് തിളപ്പിച്ച വെള്ളം നേത്രരോഗ ചികിത്സയ്ക്ക് ഉപയോഗിക്കുന്നു. പട്ടയിട്ട് തിളപ്പിച്ചുണ്ടാക്കുന്ന ദ്രാവകത്തിനും ഔഷധമൂല്യമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.

അതിദ്രുതം ശോഷിച്ചുകൊണ്ടിരിക്കുന്ന പെട്രോളിയം ഇന്ധനങ്ങൾക്ക് ബദലുകൾ തേടിക്കൊണ്ടിരിക്കുന്ന ശാസ്ത്രസമൂഹത്തിന്റെ കണ്ണുകൾ പുന്നയ്ക്കയെണ്ണയിൽ വൻസാദ്ധ്യതകൾ കണ്ടെത്തിയിരിക്കുകയാണ്. പരിസ്ഥിതി സൗഹൃദ ഇന്ധനമായി പുന്നയ്ക്കയെണ്ണ ഉപയോഗപ്പെടുത്താനുള്ള ഗവേഷണ–നിരീക്ഷണങ്ങളിലാണ് ശാസ്ത്രലോകം. ഇതിന്റെ ആദ്യഘട്ടമായി പുന്നവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കാൻ പലേടത്തും ആരംഭിച്ചിട്ടുണ്ട്. ആന്ധ്രപ്രദേശിലെ കാക്കിനടയിൽ 60 ഹെക്ടറോളം പ്രദേശത്ത് പുന്നവൃക്ഷങ്ങൾ വളർന്നു കഴിഞ്ഞു.

വീട്ടുപറമ്പുകളിൽ ഒറ്റപ്പെട്ടു നിന്നിരുന്നതിനു പകരം തോട്ടങ്ങളായി പുന്നമരങ്ങൾ നമ്മുടെ സംസ്ഥാനത്തും ഭാവിയിൽ വളർന്നേയ്ക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

*ലേഖികയുടെ ഫോൺ നം. 94476 57368*

## ഓർത്തുവെയ്ക്കാൻ

### പത്ത് പുത്രന്മാർ = ഒരു വൃക്ഷം

ദശകൂപ സമോവാപി
ദശവാപി സമോഹ്രദ
ദശഹ്രദ സമോപുത്ര
ദശപുത്ര സമോവൃക്ഷ
- വൃക്ഷായുർവേദം

(10 കിണറുകൾക്ക് തുല്യമാണ് ഒരു കുളം. 10 കുളങ്ങൾക്ക് തുല്യമാണ് ഒരു തടാകം. 10 തടാകങ്ങൾക്ക് തുല്യമാണ് ഒരു പുത്രൻ. 10 പുത്രന്മാർക്ക് തുല്യമാണ് ഒരു വൃക്ഷം)

# ഭരണഭാഷ പൂർണ്ണമായും മാതൃഭാഷയിലേക്ക്

ഭരണഭാഷ മാതൃഭാഷ ആയിരിക്കണമെന്നതാണ് സർക്കാർ നയം. അതു നടപ്പിലാക്കുവാൻ വകുപ്പ് തലവൻമാർക്ക് നിർദ്ദേശം നല്കികൊണ്ടു സർക്കാർ പരിപത്രം പുറപ്പെടുവിച്ചു. ഭരണഭാഷ മാതൃഭാഷയാകുന്നതു സംബന്ധിച്ച ഉത്തരവുകളും നിർദ്ദേശങ്ങളും നടപ്പിലാക്കുന്നതിൻ വീഴ്ച വരുത്തുന്ന ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുമെന്നും പരിപത്രം വ്യക്തമാക്കുന്നു.

## കേരളസർക്കാർ
## ഉദ്യോഗസ്ഥ ഭരണപരിഷ്കാര(ഔദ്യോഗിക ഭാഷ) വകുപ്പ്

നമ്പർ.3641/ഔഭാ3/2016/ഉഭപവ | തിരുവനന്തപുരം, തീയതി:28/07/2016

### സർക്കുലർ

**വിഷയം:** ഉദ്യോഗസ്ഥ ഭരണപരിഷ്കാര(ഔദ്യോഗിക ഭാഷാ) വകുപ്പ് - സെക്രട്ടേറിയറ്റിലെ ഭരണവകുപ്പുകൾ, സെക്രട്ടേറിയറ്റിതര വകുപ്പുകൾ, പൊതുമേഖല, അർദ്ധ സർക്കാർ, സ്വയംഭരണ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഭരണമാധ്യമം മാതൃഭാഷയിലാണെന്ന് അതത് വകുപ്പദ്ധ്യക്ഷന്മാർ കർശനമായും ഉറപ്പുവരുന്നണമെന്നും അടിയന്തരമായി നടപ്പിൽ വരുത്തണമെന്നും നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്.

**സൂചന:** 1. 4.2.2006 -ലെ സ.ഉ(സാധാ)നം.21/2006/ഉഭപവ.നമ്പർ സർക്കാർ ഉത്തരവ്.
2. 9.5.2012 -ലെ സ.ഉ(സാധാ)നം.186/2012/ഉഭപവ.നമ്പർ സർക്കാർ ഉത്തരവ്.
3. 13.01.2015 -ലെ സ.ഉ(അച്ചടി)നം.2/2015/ഉഭപവ.നമ്പർ സർക്കാർ വിജ്ഞാപനം.
4. 16.7.2003 -ലെ സ.ഉ(കൈ)നം.19/2003/ഉഭപവ.നമ്പർ സർക്കാർ ഉത്തരവ്.
5. 7.5.2014 -ലെ 8521/ഔഭാ3/14/ഉഭപവ നമ്പർ സർക്കുലർ.
6. 9.6.2015 -ലെ 8125/ ഔഭാ3/15/ഉഭപവ നമ്പർ സർക്കുലർ.
7. 13.11.2015 -ലെ 20540/ ഔഭാ3/15/ഉഭപവ നമ്പർ സർക്കുലർ.

സംസ്ഥാനത്തെ ഭരണഭാഷ പൂർണ്ണമായും മാതൃഭാഷയായ മലയാളത്തിലായിരിക്കണമെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. ഇതിലേക്കുള്ള ഉത്തരവുകളും സർക്കുലറുകളും കർശനമായി പാലിക്കണമെന്നും, സൂചന 3 പ്രകാരമുള്ള ഉത്തരവിൽ ഇംഗ്ലീഷ് ഔദ്യോഗികഭാഷയായി ഉപയോഗിക്കേണ്ടതായ സാഹചര്യങ്ങളിൽ കുറിപ്പ് ഫയൽ മലയാളത്തിലായിരിക്കണമെന്നും മറ്റെല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂവെന്നും മേൽ പരാമർശങ്ങൾ പ്രകാരവും അല്ലാതെയും ദീർഘകാലമായി പല നിർദ്ദേശങ്ങളും നൽകിവരുന്നുണ്ട്. എന്നാൽ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുന്നതിലേക്കുള്ള പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ സെക്രട്ടറിയേറ്റിലെ ഭരണവകുപ്പുകൾ, സെക്രട്ടേറിയേറ്റിതര വകുപ്പുകൾ, പൊതുമേഖല/ അർദ്ധ സർക്കാർ/ സ്വയംഭരണ/ സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ ഭാഗത്തു നിന്ന് ഗൗരവതരമായ സമീപനമല്ല ഉണ്ടാകുന്നതെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഭരണ മാധ്യമം മാതൃഭാഷയായ മലയാളത്തിലാണെന്ന് അതത് വകുപ്പദ്ധ്യക്ഷമാർ ഉറപ്പു വരുത്തേണ്ടതും, ഇതിലേക്കുള്ള നടപടികൾ അടിയന്തര പ്രാധാന്യത്തോടെ സ്വീകരിക്കേണ്ടതുമാണ്. ഭരണഭാഷ മലയാളമാക്കുന്നതു സംബന്ധിച്ച ഉത്തരവുകളും നിർദ്ദേശങ്ങളും ലംഘിക്കുന്ന സർക്കാർ ജീവനക്കാർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണയവും, അപ്പീലും) റൂൾസ് പ്രകാരവും, സൂചന(1), (2) ലെ സർക്കാർ ഉത്തരവുകൾ പ്രകാരവും അച്ചടക്ക നടപടി സ്വീകരിക്കാൻ സർക്കാരിന് അധികാരവുമുണ്ട്.

ഭരണമാധ്യമം പൊതുജനങ്ങളുടെ ഭാഷയിലേക്ക് പൂർണ്ണമായും കൊണ്ടു വരുന്നതിന്റെ ഭാഗമായി വകുപ്പുകളുടെ ഇംഗ്ലീഷിലുള്ള കോഡുകൾ, മാന്വലുകൾ, ചട്ടങ്ങൾ, ഫാറങ്ങൾ എന്നിവ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുന്നതിന് സൂചന(4), (5), (6) പ്രകാരം എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിരുന്നെങ്കിലും ആയത് സംബന്ധിച്ച സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടുകൊണ്ടു നടപടി സ്വീകരിച്ചതായി കാണുന്നില്ല. അതത് വകുപ്പുകളിൽ രൂപീകരിച്ച പരിഭാഷ സെല്ലിൽ കോഡുകൾ, മാന്വലുകൾ, ചട്ടങ്ങൾ, ഫാറങ്ങൾ എന്നിവ അടിയന്തരമായി മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി അംഗീകാരത്തിനായി ഔദ്യോഗിക ഭാഷാ വകുപ്പിൽ 3 മാസത്തിനുള്ളിൽ തന്നെ ലഭ്യമാക്കേണ്ടതാണ്. ഓഫീസ്, വാഹനം, തസ്തിക എന്നിവയുടെ ബോർഡുകളും, ഓഫീസ് സീലുകൾ അടക്കം എല്ലാ തന്നെ മലയാളത്തിൽകൂടി തയ്യാറാക്കേണ്ടതുമാണ്. സെക്രട്ടേറിയറ്റിലെ ഭരണവകുപ്പുകൾ, സെക്രട്ടേറിയറ്റിതര വകുപ്പുകൾ, പൊതുമേഖല /അർദ്ധ സർക്കാർ/ സ്വയംഭരണ/ സഹകരണ സ്ഥാപനങ്ങളിൽ നിന്നും പുറപ്പെടുവിക്കുന്ന എല്ലാവിധ ഉത്തരവുകളും, സർക്കുലറുകളും,

മറ്റു കത്തിടപാടുകളും മലയാളത്തിൽ മാത്രമായിരിക്കണമെന്ന് സൂചന (7) ലെ ചീഫ് സെക്രട്ടറിയുടെ സർക്കുലറിലെ നിർദ്ദേശം ഭരണ വകുപ്പുകൾ ഉൾപ്പെടെയുള്ള വകുപ്പുകൾ പാലിക്കുന്നില്ലായെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും നിരവധി പരാതികളാണ് ഔദ്യോഗിക ഭാഷാ വകുപ്പിൽ ലഭ്യമായിക്കൊണ്ടിരിക്കുന്നത്.

എല്ലാ സർക്കാർ വകുപ്പുകളിലും ഇതരസ്ഥാപനങ്ങളിലും ഔദ്യോഗികഭാഷാ സംബന്ധിച്ച് വകുപ്പുതല സമിതി, വകുപ്പുതല ഏകോപന സമിതി, ജില്ലാതല ഔദ്യോഗിക ഭാഷാ സമിതി എന്നിവ രൂപീകരിക്കണമെന്നും സമയാസമയങ്ങളിൽ യോഗം ചേരണമെന്നും ഭാഷാമാറ്റ പുരോഗതി റിപ്പോർട്ട് കൃത്യസമയങ്ങളിൽ തയ്യാറാക്കി ലഭ്യമാക്കണമെന്നും സർക്കാർ നിരവധി തവണ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. പേഴ്സണൽ രജിസ്റ്റർ, ഹാജർ പുസ്തകം എന്നിവയടക്കമുള്ള രജിസ്റ്ററുകളും പൂർണ്ണമായും മലയാളത്തിൽ കൈകാര്യം ചെയ്യേണ്ടതാണ്. കർമ്മപരിപാടി തയ്യാറാക്കി ഭാഷാമാറ്റ പുരോഗതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇക്കാര്യങ്ങളിൽ ഗൗരവത്തോടെയുള്ള സമീപനമല്ല പല വകുപ്പുകളും സ്വീകരിച്ചുവരുന്നത്.

ഭരണഭാഷ ശ്രേഷ്ഠഭാഷയായ മലയാളത്തിലായിരിക്കണമെന്ന സർക്കാർ നയം പൂർണ്ണമായും നടപ്പിൽ വരുത്തുന്നതിലേക്ക് എല്ലാ വകുപ്പുതലവന്മാരും ഓഫീസ് മേലധികാരികളും തങ്ങളുടെ വകുപ്പിലെ ജീവനക്കാരുടെ ഒരു യോഗം വിളിച്ചുകൂട്ടി ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും ആയത് പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഭരണഭാഷാ സംബന്ധമായ സർക്കാർ നയം പ്രാവർത്തികമാക്കുന്നതിലേക്ക് ജീവനക്കാരുടെ ഭാഗത്തുനിന്നുള്ള വീഴ്ചകളും, നടപടികളും ഔദ്യോഗിക ഭാഷാ വകുപ്പ് അടിയന്തരമായി പരിശോധിക്കുന്നതാണ്.

ഔദ്യോഗികഭാഷ സംബന്ധിച്ച സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ജീവനക്കാർക്കെതിരെ മേൽ സൂചനകൾ പ്രകാരം നടപടി സ്വീകരിക്കുന്നതാണ്. ഭരണഭാഷ മാതൃഭാഷ നയത്തിൽ സർക്കാർ ജീവനക്കാരുടെ ഭാഗത്തുനിന്നുണ്ടാകുന്ന വിമുഖത സർക്കാർ അതീവ ഗൗരവത്തോടെ കാണുന്നതുമാണ്.

## ജപ്തി ഭീഷണി: മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി

സർക്കാർ സ്ഥാപനങ്ങളിൽ നിന്നു വായ്പയെടുത്തു ജപ്തി ഭീഷണി നേരിടുന്നവർക്കായി മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി. 2016 ആഗസ്റ്റ് 20 വരെ കുടിശ്ശികയായ അഞ്ച് ലക്ഷം രൂപയിൽ താഴെയുള്ള വായ്പകൾക്കാണ് സഹായം ലഭിക്കുന്നത്. കടാശ്വാസത്തിന് അർഹതയുള്ളവരുടെ പേരു വിവരം സ്ഥാപനങ്ങൾ സ്വമേധയാ പ്രസിദ്ധപ്പെടുത്തും. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്കുമാത്രമേ പദ്ധതിപ്രകാരമുള്ള ഇളവുകൾ ലഭിക്കൂ. ഗുണഭോക്താക്കൾ കടാശ്വാസത്തിനുള്ള അപേക്ഷയോടൊപ്പം വായ്പ തിരിച്ചടക്കാനുള്ള സാമ്പത്തിക ശേഷി ഇല്ലെന്ന സത്യവാങ്മൂലം നൽകണം. ചുവടെ പറയുന്ന ആറ് വകുപ്പ്/സ്ഥാപനത്തിൽ നിന്നെടുത്തിട്ടുള്ള വായ്പകൾക്കു മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.

1. റവന്യൂ വകുപ്പ്
2. കേരള ഭവന നിർമ്മാണ ബോർഡ്
3. സംസ്ഥാന പട്ടിക ജാതി/ വർഗ കോർപ്പറേഷനുകൾ
4. പിന്നോക്ക വിഭാഗ കോർപ്പറേഷൻ
5. സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ
6. വനിതാ വികസന കോർപ്പറേഷൻ

ഇവിടെ നിന്നെടുത്ത മൂന്നിനം വായ്പകളിലെ കുടിശ്ശികകൾ പൂർണമായും എഴുതിത്തള്ളും.

1. റവന്യൂ വകുപ്പിൽ നിന്നു അനുവദിച്ച ഭവനവായ്പയിലെ കുടിശ്ശിക.
2. ഭവന നിർമ്മാണ ബോർഡിൽ നിന്നു നല്കിയ വായ്പയിൽ മുതലും പലിശയും ഉൾപ്പെടെ മുതലിന്റെ ഇരട്ടി തിരിച്ചടച്ചിട്ടും ബാക്കി നില്ക്കുന്ന തുക.
3. മറ്റു സ്ഥാപനങ്ങളിൽ നിന്ന് അനുവദിച്ച വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ഉൾപ്പെടെ തിരിച്ചടച്ചിട്ടും ബാക്കി നിൽക്കുന്ന തുക

വായ്പ തുകയുടെ ഒന്നര ഇരട്ടിവരെ തിരിച്ചടച്ചിട്ടും കുടിശ്ശിക നില്ക്കുന്നവയിൽ പലിശയും പിഴപലിശയും എഴുതിത്തള്ളി തിരിച്ചടവിനു സാവകാശം അനുവദിക്കും. എന്നാൽ ഈ ഇളവ് റവന്യൂ വകുപ്പിൽ നിന്നുള്ള വായ്പകൾക്ക് ലഭിക്കില്ല.

കടാശ്വാസത്തിനുള്ള അപേക്ഷയിൽ രണ്ടു മാസത്തിനകം തീരുമാനം എടുക്കും. അതിനുള്ളിൽ തന്നെ ഈടുകളും തിരികെ നൽകുവാനുള്ള നടപടികളു സ്വീകരിക്കും.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഓണറേറിയം വർദ്ധിപ്പിച്ചു

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഓണറേറിയം വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവായി. നിലവിലുള്ള ഓണറേറിയം ഇരട്ടിയാക്കിയാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷൻമാർ, സ്ഥിരംസമിതി ചെയർമാൻമാർ, അംഗങ്ങൾ എന്നിവർക്കുള്ള ഓണറേറിയത്തിലാണ് വർദ്ധനവ് വരുത്തിയിട്ടുള്ളത്.

| തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് | നിലവിലുള്ള ഓണറേറിയം(രൂപ) | വർദ്ധിപ്പിച്ച നിരക്ക്(രൂപ) |
|---|---|---|
| **ജില്ലാ പഞ്ചായത്ത്** | | |
| പ്രസിഡന്റ് | 7900 | 15800 |
| വൈസ് പ്രസിഡന്റ് | 6600 | 13200 |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 4700 | 9400 |
| അംഗങ്ങൾ | 4400 | 8800 |
| **ബ്ലോക്ക് പഞ്ചായത്ത്** | | |
| പ്രസിഡന്റ് | 7300 | 14600 |
| വൈസ് പ്രസിഡന്റ് | 6000 | 12000 |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 4400 | 8800 |
| അംഗങ്ങൾ | 3800 | 7600 |
| **ഗ്രാമപഞ്ചായത്ത്** | | |
| പ്രസിഡന്റ് | 6600 | 13200 |
| വൈസ് പ്രസിഡന്റ് | 5300 | 10600 |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 4100 | 8200 |
| അംഗങ്ങൾ | 3500 | 7000 |
| **കോർപ്പറേഷൻ** | | |
| മേയർ | 7900 | 15800 |
| ഡെപ്യൂട്ടി മേയർ | 6600 | 13200 |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 4700 | 9400 |
| അംഗങ്ങൾ | 4100 | 8200 |
| **മുനിസിപ്പാലിറ്റി** | | |
| ചെയർമാൻ | 7300 | 14600 |
| വൈസ് ചെയർമാൻ | 6000 | 12000 |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 4400 | 8800 |
| അംഗങ്ങൾ | 3800 | 7600 |

> ഒരു വ്യക്തിക്ക് മനസ്സിലാകുന്ന ഭാഷയിൽ
> നിങ്ങൾ സംസാരിച്ചാൽ
> അത് അവന്റെ മസ്തിഷ്കത്തിൽ പ്രവേശിക്കുന്നു.
> അവന്റെ മാതൃഭാഷയിൽ സംസാരിച്ചാൽ
> അത് അവന്റെ ഹൃദയത്തിൽ പ്രവേശിക്കുന്നു.
>
> (നെൽസൺ മണ്ടേല)

## ഔദ്യോഗിക ആവശ്യത്തിന് ഉപയോഗിച്ചുവരുന്ന ഇംഗ്ലീഷ് പദങ്ങളും അവയ്ക്കു സമാനമായ മലയാളപദങ്ങളും പരിചയപ്പെടുത്തുന്ന പംക്തി – 5

# E

| | |
|---|---|
| Earn | ആർജിക്കുക |
| Earned leave | ആർജിത അവധി |
| Earnest money | നിരതദ്രവ്യം |
| Economy | മിതവ്യയം |
| Economic action | സാമ്പത്തിക നടപടി |
| Economic advisor | സാമ്പത്തിക ഉപദേഷ്ടാവ് |
| Economic condition | സാമ്പത്തിക സ്ഥിതി |
| Economic planning | സാമ്പത്തിക ആസൂത്രണം |
| Economic system | സാമ്പത്തിക ഘടന |
| Edition | പതിപ്പ് |
| Editor | പത്രാധിപർ |
| Editorial | മുഖപ്രസംഗം |
| Effect | പ്രാബല്യം, ഫലം |
| Efficiency | കാര്യശേഷി |
| Efficiency bar | കാര്യക്ഷമത മാനദണ്ഡം |
| Effort | പ്രയത്നം |
| Elect | തിരഞ്ഞെടുക്കുക |
| Election | തിരഞ്ഞെടുപ്പ് |
| Elector | സമ്മതിദായകൻ |
| Eligibility | അർഹത, യോഗ്യത |
| Embezzlement | പണാപഹരണം |
| Emergency | അടിയന്തിരാവസ്ഥ |
| Eminent | ശ്രേഷ്ഠൻ |
| Employee | ജീവനക്കാരൻ |
| Employer | തൊഴിലുടമ |
| Employment | തൊഴിൽ, ജോലി |
| Empower | അധികാരപ്പെടുത്തുക |
| Encashment | പണമായി മാറ്റൽ |
| Enclosure | അടക്കം ചെയ്തിട്ടുള്ളത് |
| Encroachment | കൈയേറ്റം, അതിക്രമം |
| Encumbrance | കടബാധ്യത |
| Endorsement | മേലെഴുത്ത്, പുറത്തെഴുത്ത് |
| Enforcement | നടപ്പാക്കൽ |
| Enhance | വർദ്ധിപ്പിക്കുക |
| Enlist | ചേർക്കുക |
| Enrolment | പേരുചേർക്കൽ |
| Ensure | ഉറപ്പാക്കൽ |
| Entitle | അവകാശം നല്കുക |
| Entry | രേഖപ്പെടുത്തൽ |
| Enumeration | കണക്കെടുപ്പ് |
| Epidemic | പകർച്ചവ്യാധി |
| Equation | സമവാക്യം |
| Equivalent | തുല്യം |
| Erratum notification | തിരുത്തൽ വിജ്ഞാപനം |
| Espionage | ചാരവൃത്തി |
| Essentiality certificate | അവശ്യ സാക്ഷ്യപത്രം |
| Establishment | ജീവനക്കാര്യം |
| Estimate | അടങ്കൽ, മതിപ്പ് |
| Evaluation | വിലയിരുത്തൽ |
| Evasion | വർജനം |
| Even | ഇരട്ടയായ |
| Evidence | തെളിവ് |
| Exact | കൃത്യമായ |
| Exact copy | ശരിപ്പകർപ്പ് |
| Exact number | കൃത്യസംഖ്യ |
| Ex-cadre | ഗണേതരം, കേഡറിനു പുറത്തുള്ള |
| Exceed | അധികമാവുക |
| Exception | വ്യത്യസ്തം |
| Excess | അധികം |
| Exchange | വിനിമയം |
| Exchange deed | വിനിമയപത്രം |
| Exchange rate | വിനിമയ നിരക്ക് |
| Exchange value | മാറ്റവില |
| Excise | അബ്കാരി |
| Excise duty | അബ്കാരി നികുതി |
| Excuse | മാപ്പുനൽകുക |
| Execute | നിർവഹിക്കുക |
| Execution | നടത്തിപ്പ് |
| Executive | നിർവാഹകൻ |
| Executive committee | നിർവാഹക സമിതി |
| Executive power | നിർവഹണാധികാരം |
| Exemption | ഒഴിവാക്കൽ |
| Ex-gratia | നട |
| Exigency | ആവശ്യകത |
| Ex interest | പലിശകൂടാതെ |
| Existing | നിലവിലുള്ള |
| Ex minister | മുൻ മന്ത്രി |
| Expansion | വിസ്തരണം |
| Ex-parte | ഏകപക്ഷീയമായി |
| Expedient | കാലോചിതം |
| Expedite | വേഗത്തിലാക്കുക |
| Expel | പുറന്തള്ളുക |
| Expenditure | ചെലവ്, വ്യയം |
| Expert committee | വിദഗ്ധസമിതി |
| Expiry | കാലഹരണം |
| Explanation | വിശദീകരണം |
| Export duty | കയറ്റുമതി ചുങ്കം |
| Express | പ്രകടമായ |
| Express letter | അടിയന്തിര കത്ത് |
| Extempore speech | തൽക്കാല സംഭാഷണം |
| Extension | വ്യാപിപ്പിക്കൽ |
| Extinguish | ഇല്ലാതാക്കുക |
| Ex-tract | പ്രസക്ത ഭാഗം |
| Eye witness | ദൃക്സാക്ഷി |



## തേനീച്ചകൾക്കും ഒരു നഗരം

ലോകത്തിലെ തേനീച്ച സൗഹൃദനഗരം (Bee friendly city) ഏതെന്ന് അറിയാമോ? നോർവെയിലെ ഓസ്‌ലോ. ഈ നഗരവാസികൾ തേനീച്ചകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് തീരുമാനിക്കുകയും നഗരത്തിലെ ഇടനാഴികൾ മധുപഥമാക്കി (honey highway) മാറ്റുകയും ചെയ്തു.

തേനീച്ചകൾക്ക് യഥേഷ്ടം മധുപാനം ചെയ്യുവാനും പ്രജനനം നടത്തുവാനും സൂര്യകാന്തി വർഗത്തിൽപ്പെട്ട മധുസമ്പുഷ്ടമായ ചെടികൾ നട്ടുവളർത്തിയാണ് മധുപഥം സൃഷ്ടിച്ചത്. തേനീച്ച വളർത്തുകാരും ഓസ്‌ലോ ഉദ്യാന സമിതിയുമാണ് ഇതിന് നേതൃത്വം നൽകിയത്.

എസ്. സന്തോഷ്

# അമൂല്യമായ നാടോടിവിജ്ഞാന ശേഖരത്തിലെ നുറുങ്ങുകൾ – 5



## ചങ്ങലവട്ട

കൊണ്ടുനടക്കുവാൻ പാകത്തിലുള്ള ഒരു വിളക്ക്. വെള്ളികൊണ്ടോ, പിച്ചളകൊണ്ടോ ഓടുകൊണ്ടോ ആണ് ഇത് ഉണ്ടാക്കുന്നത്. മുന്നിൽ തിരിയിട്ട് കത്തിക്കുന്നതിന് ഒരു കൊടിവിളക്ക് ഉണ്ടായിരിക്കും. നടുവിൽ എണ്ണ സൂക്ഷിക്കുവാനുള്ള കുഴിയും അതിൽ എണ്ണകോരുവാനുള്ള തുടവും കാണും. പിന്നിൽ വിളക്ക് കൈയിൽ പിടിക്കുവാനുള്ള ഭാഗവും ഉണ്ടായിരിക്കും. ക്ഷേത്രങ്ങളിലും മറ്റും ചങ്ങലവട്ടം ഇപ്പോഴും കാണാം. ചങ്ങലവട്ടം പിടിക്കുന്നത് ആദരസൂചകമായി കരുതുന്നവരുണ്ട്.

## അപ്പനെരുത്

വീടുകൾ തോറും കൊണ്ടുനടന്ന് കളിപ്പിച്ചിരുന്ന അലങ്കരിച്ച കാളയാണ് അപ്പനെരുത്. ചെണ്ടവാദ്യത്തിന്റെ താളത്തിനൊത്ത് കാള തുള്ളിക്കളിക്കുമായിരുന്നു. കളിപ്പിക്കുന്ന ആളുടെ ചോദ്യങ്ങൾക്ക് കാള തലയാട്ടി മറുപടി പറയും. അപ്പനെരുതുകളെ ആകർഷകമായി അലങ്കരിച്ചാണ് കൊണ്ടുവരുന്നത്. ശരീരത്തിൽ വർണത്തുണി പുതപ്പിക്കും. കഴുത്തിൽ മണികെട്ടുകയും കൊമ്പുകളിൽ ചായം തേക്കുകയും ചെയ്യും. പ്രത്യേക പരിശീലനം നൽകിയ കാളകളെയാണ് ഇതിനായി ഉപയോഗിച്ചിരുന്നത്.



## ഇടങ്ങഴി

നാലുനാഴി കൊള്ളുന്ന ഒരു അളവ്. ധാന്യങ്ങൾ അളക്കുവാൻ മരം കൊണ്ട് ഉണ്ടാക്കിയ ഇടങ്ങഴിയാണ് ഉപയോഗിച്ചിരുന്നത്. കിണ്ടിയാണ് എണ്ണയും മറ്റും അളക്കുവാൻ ഉപയോഗിച്ചിരുന്നത്.

## ഓണപ്പൊട്ടൻ



ഓണക്കാലത്ത് വീടുകൾ തോറും ചെന്ന് ആടുന്ന തെയ്യം. മഹാബലിയുടെ സങ്കല്പത്തിലുള്ള ഈ തെയ്യത്തിനു ഓണേശ്വരൻ എന്നും പേരുണ്ട്. കുരുത്തോലകൊണ്ട് അലങ്കരിച്ച ഓലക്കുട പിടിച്ചിരിക്കും. മണികൊട്ടിക്കൊണ്ടാണ് വരുന്നത്. പ്രത്യേക വസ്ത്രങ്ങളും ആഭരണങ്ങളും അണിഞ്ഞ്, മുടിയും ധാടിയും വെച്ചുകെട്ടിയിരിക്കും. സംസാരിക്കാത്തതുകൊണ്ടാണ് ഓണപ്പൊട്ടൻ എന്നറിയുന്നത്.

## കണ്ണാമ്പാള

പൊയ്മുഖമായി ഉപയോഗിക്കുന്ന പാളക്കഷ്ണം. പാളയിൽ ഭയാനകമായ മുഖരൂപങ്ങൾ വരച്ചുവെയ്ക്കും. കരി, ചുവപ്പുകല്ല് എന്നിവയുടെ ചായം കൊണ്ടാണ് രൂപങ്ങൾ വരയുന്നത്. നാടൻ കലാരൂപങ്ങൾക്കും പുറാട്ടുകൾക്കും (ഹാസ്യാനുകരണം) മുഖത്ത് കണ്ണാമ്പാള വെച്ചുകെട്ടും. കാർഷിക വിളകൾക്കും പുതിയ ഭവനങ്ങൾക്കും ദൃഷ്ടിദോഷം വരാതിരിക്കാനും കണ്ണാമ്പാള വെച്ചുകെട്ടാറുണ്ട്.

## വള്ളിമുടിച്ചിൽ

ആശയവിനിമയത്തിന് കാണിക്കാർ ഉപയോഗിച്ചിരുന്ന ഒരു കോഡ് ഭാഷ. മുരുത്തൻ വള്ളിയുടെ തോലുനീക്കി ഉണക്കി മിനുസപ്പെടുത്തി അതിൽ കെട്ടുകളിട്ടാണ് ആശയം കൈമാറുന്നത്. ഓരോ തരത്തിലുള്ള മുടിച്ചിലും ഓരോ ആശയം വെളിവാക്കുന്നു. പത്തായക്കെട്ട് എന്ന മുടിച്ചി സന്തോഷത്തേയും മുക്കമ്പറക്കെട്ട് എന്ന മുടിച്ചി ശത്രുതയേയും കാണിക്കുന്നു.

## ഉറി



കലം, പാത്രം മുതലായവ സുരക്ഷിതമായി വെയ്ക്കുവാൻ ഉപയോഗിച്ചിരുന്ന തൂക്ക്. കയറുമെനഞ്ഞാണ് ഉറി ഉണ്ടാക്കുന്നത്. സാധങ്ങൾ കുട്ടികൾക്ക് കയ്യെത്താതെയും പല്ലി, ഉറുമ്പ് മുതയാവ കയറാതെയും സൂക്ഷിക്കുവാൻ ഉറി ഉപയോഗിച്ചിരുന്നു. പാല്, തൈര്, വെണ്ണ, എണ്ണ മുതലായവയാണ് ഉറിയിൽ വെച്ചിരുന്നത്.

## മഷിക്കുടുക്ക

കൺമഷി ഉണ്ടാക്കുവാൻ ഉപയോഗിച്ചിരുന്ന ഒരു തരം മൺപാത്രം. ഒരു തട്ടിൽ എണ്ണയൊഴിച്ച് തിരിയിട്ട് കത്തിച്ച്, അതിനു മുകളിൽ മഷിയോട് വച്ചാൽ അതിൽ പുക പിടിച്ച് മഷിക്കരി ഉണ്ടാകും. മഷിയോട് എന്നും ഇതിനു പേരുണ്ട്



## പുഴുക്ക്

ധാന്യങ്ങളോ കിഴങ്ങുകളോ വേവിച്ചുണ്ടാക്കുന്ന ഒരു ഭക്ഷണം. പലധാന്യങ്ങൾ ചേർത്തോ ധാന്യവും കിഴങ്ങും ചേർത്തോ പുഴുക്കുണ്ടാക്കാം. തിരുവാതിരനാളിൽ ഉണ്ടാക്കുന്ന 'എട്ടങ്ങാടി' പുഴുക്കിന് ഉദാഹരണമാണ്.

വി.സുരേഷ്കുമാർ

# മലപ്പച്ചേരി സർക്കാർ സ്കൂളിന് കളിസ്ഥലമൊരുങ്ങി



മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം കാസർഗോഡ്, കാഞ്ഞങ്ങാട് ബ്ലോക്കിലെ സർക്കാർ എൽ.പി. സ്കൂളിൽ കളിസ്ഥലം നിർമ്മിച്ചു. ഇതോടെ ഇവിടെയുള്ള കുട്ടികൾക്ക് കായികാഭ്യാസത്തിന്റെ ബാലപാഠങ്ങൾ പഠിക്കുവാൻ കളമൊരുങ്ങി.

ഏറെ പഴക്കമുള്ള സ്കൂളിൽ 2015-16 സാമ്പത്തിക വർഷത്തെ എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് കളിസ്ഥലം നിർമ്മിച്ചത്. ഒരേക്കറോളം വിസ്തൃതിയുണ്ട്. ഗ്രാമ പഞ്ചായത്തിലെ ഏറ്റവും വിസ്തൃതിയേറിയ കളിസ്ഥലമാണിത്. 35 തൊഴിലാളികൾ 1044 തൊഴിൽ ദിനം കൊണ്ടാണ് കളിസ്ഥലം നിർമ്മിച്ചത്.

## സ്ത്രീകൾക്കു മാത്രമായി ഒരിടം

സ്ത്രീകൾക്കുമാത്രമായി ഒരിടം എന്ന സങ്കൽപ്പവുമായി തൃശൂർ ജില്ലയിലെ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ നീതി ജെന്റർ റിസോഴ്സ് സെന്റർ പ്രവർത്തനം ആരംഭിച്ചു. സെന്റർ, സഹകരണ- ടൂറിസം മന്ത്രി എ.സി. മൊയ്തീൻ ഉദ്ഘാടനം ചെയ്തു. സ്ത്രീകളുടെ വ്യക്തിപരവും സാമൂഹികവുമായ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയുമാണ് പദ്ധതിയുടെ ലക്ഷ്യം.

കൗൺസിലിംഗ്, മെഡിക്കൽ ക്യാമ്പ്, കൗമാര സദസ്, കരിയർ ഗൈഡൻസ്, കമ്പ്യൂട്ടർ ഇൻർനെറ്റ്, ലൈബ്രറി തുടങ്ങിയ സേവനങ്ങൾ ഇവിടെ ലഭിക്കും.

# പുതിയ ഉത്തരവുകൾ

### ഡ്രായിങ് ഓഫീസേഴ്സിന് ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റ് നിർബന്ധമാക്കി

ആദായ വിതരണ ഉദ്യോഗസ്ഥർ (Drawing and Disbursing officers) അവരുടെ ഡിജിറ്റൽ സിഗ്നേച്ചർ സാക്ഷ്യപത്രം ട്രഷറിക്ക് സമർപ്പിക്കുന്നത് നിർബന്ധിതമാക്കി.

**ഉത്തരവ് നമ്പർ : GO(P) No.76/2016/Fin തീയതി : 27.05.2016**

### കോൺട്രാക്ട്/ഡെയിലി വേജസ് ജീവനക്കാരുടെ വേതന വിതരണം

ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (IFMS) ത്തിന്റെ ഭാഗമായി കോൺട്രാക്ട്/ഡെയ്ലി വേജസ് ജീവനക്കാരുടെ വേതനവും വിതരണവും സ്പാർക്ക് ബിൽ മുഖേനയാക്കി

**ഉത്തരവ് : GO(P) No.109/2016/Fin തീയതി : 29.07.2016**

### ശിശുപരിപാലന അലവൻസ്

ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുള്ള ഉദ്യോഗസ്ഥർക്കുള്ള ശിശുപരിപാലന അലവൻസ് 1500 രൂപയാക്കി ഉയർത്തി.

**ഉത്തരവ് നമ്പർ : GO(P) No.110/2016/Fin തീയതി : 30.07.2016**

### വിരമിച്ചതിനുശേഷം ദത്തെടുക്കുന്ന കുട്ടിക്കും പെൻഷൻ

ഉദ്യോഗസ്ഥർ സർവ്വീസിൽ നിന്നും വിരമിച്ചതിനു ശേഷം ദത്തെടുക്കുന്ന കുട്ടികൾക്കും ഫാമിലി പെൻഷൻ അനുവദിച്ചു.

**ഉത്തരവ് നമ്പർ : GO(P) No.111/2016/Fin തീയതി : 01.08.2016**

### ഐ.എ.വൈ ഭവന വിസ്തീർണ്ണം പഞ്ചായത്തു ഭവന പദ്ധതികൾക്കും ബാധകമാക്കി

ഇന്ദിര ആവാസ് യോജന പ്രകാരം പണിയുന്ന വീടുകളുടെതറ വിസ്തീർണ്ണം 66 മീറ്റർ സ്ക്വയറിന്റെ 25% വരെ അധികരിക്കാമെന്ന നിബന്ധന ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന ഇ.എം.എസ് ഭവന പദ്ധതി ഉൾപ്പെടെയുള്ള പദ്ധതികൾക്കും ബാധകമാക്കി.

**ഉത്തരവ് നമ്പർ : സ.ഉ(കൈ)നം.110/16/ത.സ്വ.ഭ.വ**
**തീയതി : 06.08.2016**

### നഗരസഭ മുൻസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ചു

നഗരസഭ/മുൻസിപ്പൽ കോർപ്പറേഷൻ കണ്ടിജന്റ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിച്ചു. സമയ ബന്ധിത ഗ്രേഡും അനുവദിച്ചിട്ടുണ്ട്.

### പുതിയ മുനിസിപ്പാലിറ്റികളിൽ 1317 തസ്തികൾ അനുവദിച്ചു

പുതുതായി രൂപവത്കരിച്ച 28 മുൻസിപ്പാലിറ്റികളിൽ റഗുലർ/കണ്ടിജന്റ് വിഭാഗങ്ങളിലായി പുതിയ 1317 തസ്തികകൾ സൃഷ്ടിച്ച് സർക്കാർ ഉത്തരവായി.

**ഉത്തരവ് നമ്പർ : GO(MS) No.109/2016/LSGD തീയതി : 05.08.2016**

**ഉത്തരവുകളുടെ പൂർണരൂപത്തിന് ചുവടെ പറയുന്ന വെബ്സൈറ്റുകൾ സന്ദർശിക്കുക**
prd.kerala.gov.in kerala.gov.in lsgkerala.gov.in finance.kerala.gov.in


പുത്തൻ കൊയ്ത്തിനായ്...

July-August 2016
Annual Subscription Rs. 12.00

GRAMABHUMI
Bi-Monthly

RN. No. 36116/1980

# ഗ്രാമീണകേരളത്തിന്റെ ഉൾക്കാഴ്ചയുമായി



വായിക്കുക,
വരിക്കാരാകുക
**ഗ്രാമഭൂമി**

2 വർഷത്തേക്ക്
₹24
മാത്രം

മണിയോർഡർ അയയ്ക്കേണ്ട വിലാസം
ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ, ആറാം നില, സ്വരാജ് ഭവൻ,
നന്തൻകോട്, കവടിയാർ.പി.ഒ, തിരുവനന്തപുരം 695 003

Printed and Published by N. Radhakrishna Pillai, Chief Officer, Rural Information Bureau, Owned by A. Shajahan IAS, Commissioner of Rural Development, Government of Kerala, Printed at Government Central Press, Thiruvananthapuram. Published from Rural Information Bureau, 6th Floor, Swaraj Bhavan, Nandancode, Kawadiar PO, Thiruvananthapuram, Kerala-695 003. Chief Editor: N. Radhakrishna Pillai